PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

FIRST SESSION, 1952

Wednesday, *the 2nd April 1952*

Vol. V] OFFICIAL REPORT [No. 8

The Assembly met again in the Legislative Chamber, Trivandrum, at Eleven of the Clock on Wednesday, the 2nd April 1952, with Mr. Speaker in the Chair.

Starred Short Notice Question

DISCHARGE OF TRIPPUNITHURA PALACE INFANTRY

* 3. **Shri Achutha Menon:** Will the Minister for Home be pleased to state:

(*a*) is it a fact that 200 sepoys of the Trippunithura Palace Infantry are being discharged from service from 1st April 1952;

(*b*) if so why are they being discharged;

(*c*) what are the longest and shortest periods of service of the infantry men being discharged;

(*d*) what compensation, gratuity or other payment is being made to the discharged persons;

(*e*) if no such thing is given why not; and

(*f*) what is the difficulty in employing them in other services without reducing their emoluments and other accrued service rights?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. ടി. എം. വറുഗീസ്): (എ) ഇതു ശരിയല്ല. ൨൦൦ ആളുകൾ പിരിഞ്ഞുപോയിട്ടുണ്ട്. അതു് അവരുടെ സ്വമനസ്സാലെ പിരിഞ്ഞിട്ടുള്ളതാണ്.

(ബി) ഒരു ചെറിയ ഇൻഫൻട്രി സേനയായിട്ട് ഇവിടെ ഇവരെ നിലനിർത്തിക്കൊണ്ടുപോകുന്നതിനു് അനുവാദം ഇല്ലാതിരുന്നതിനാൽ അവരെ പോലീസ് ഡിപ്പാർട്ടുമെന്റിലേക്കു ലയിപ്പിക്കുന്നതിനേ നിവൃത്തിയുണ്ടായിരുന്നുള്ളു. മററു ഡിപ്പാർട്ടുമെന്റിലേക്കുള്ള പരീക്ഷായോഗ്യതകളോ മററു യോഗ്യതകളോ അവർക്കുണ്ടായിരുന്നില്ല. അവർക്കു് ഇഷ്ടമുണ്ടെങ്കിൽ പോലീസിൽ പ്രവേശിക്കുന്നതിനുള്ള അവസരം കൊടുത്തിട്ടുണ്ട്. അങ്ങനെ കയറിയാൽ അവർക്കു് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന പ്രതിഫലത്തിൽ അല്പമെങ്കിലും കൂടുതൽ ലഭിക്കുന്നതാണ്. പെൻഷൻ സംബന്ധിച്ചും അവർക്കു കൂടുതൽ ആനുകൂല്യങ്ങൾ ലഭിക്കും.

(സി) മൂന്നരവർഷംമുതൽ ൨൬ വർഷംവരെ.

(ഡി) വിവരം കാണിക്കുന്ന സ്റ്റേറ്റുമെന്റ് ചെയർ അനുവദിക്കുന്നപക്ഷം വായിക്കാം.

കൊച്ചിൻപാലസ് സുബേദാർമേജരുടെ ശമ്പളം ൨൨൫ രൂപാ. അവർക്കു് പോലീസിൽ കിട്ടാവുന്നതും കൊടുക്കാവുന്നതുമായ ജോലി സബ്

ഇൻസ്പെക്ടർ ഉദ്യോഗം ഇല്ല. അതിന്റെ ശമ്പളം ൧൨൫ മുതൽ പ്രതിവർഷം ൫ രൂപാ വർദ്ധനവോടുകൂടി ൧൭൦ രൂപാവരെ. സുബേദാരുടെ ശമ്പളം ൩൦ രൂപാമുതൽ ൭൫ രൂപാവരെ. പോലീസിലായാൽ ൯൦ മുതൽ പ്രതിവർഷം ൫ രൂപാ വർദ്ധനവോടുകൂടി ൧൨൦ രൂപാവരെ.

ജമേദാരുടെ ശമ്പളം ൪൦ മുതൽ ൫൫ വരെ. പോലീസിലായാൽ ൬൦ + ൫ (൫൫ രൂപ.).

ഹവിൽദാരുടെ ശമ്പളം ൨൯ രൂപാ. പോലീസിലായാൽ ൪൦-൦, ൫൦-൦ രൂപാ.

നായിക്കിന്റെ ശമ്പളം ൨൭ രൂപാ. പോലീസിലായാൽ ൩൭ രൂപാ.

ശിപായിയുടെ ശമ്പളം ൨൯ രൂപാ. പോലീസിലായാൽ ൩൧+൩, ൨൭+൩, ൨൫+൩ രൂപാ.

ശ്രീ. വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: ഈ മൂന്നുരൂപാ എന്തൊന്നാണ്?

ശ്രീ. ടി. എം. വറുഗീസ്: അതു അലവൻസ് ആണ്.

(ഇ) മുകളിൽപറഞ്ഞ ഉത്തരത്തിൽനിന്ന് ഈ ചോദ്യം ഉദിക്കുന്നില്ല.

(എഫ്) അവരെ പിരിക്കുന്നതിന് ഗവണ്മെന്റിൽനിന്നും അവരുടെ മേൽ യാതൊരു നിർബന്ധവും ചെലുത്തിയിട്ടില്ല.

കൂടാതെ മസ്റ്ററിംഗ്ഔട്ട് എന്നൊരു ഇടപാട് കൊച്ചിൻ ഇൻഫെൻട്രിയിൽ ഉണ്ടായിരുന്നില്ല. ൨൭ വർഷം സർവ്വചെയ്യാതെ പെൻഷന് അവകാശമുണ്ടായിരുന്നുള്ളു. മസ്റ്ററിംഗ്ഔട്ട് സർവീസ് അവർക്ക് അനുവദിച്ചിരിക്കുന്നതുകൊണ്ട് ൧൭ വർഷം സർവീസുള്ളവർക്ക് അവരുടെ സർവ്വീസു അനുസരിച്ചുള്ള പെൻഷന് അവകാശമുണ്ടായിരിക്കുന്നതാണ്. മസ്റ്ററിംഗ്ഔട്ട് സർവീസ് തിരുവിതാംകൂറിലെ ഇൻഫെൻട്രിക്ക് ഉണ്ടായിരുന്നു. ആ ആനുകൂല്യം ഇപ്പോൾ കൊച്ചിൻ ഇൻഫെൻട്രിക്കും അനുവദിച്ചിട്ടുണ്ട്. അതനുസരിച്ച് ഇപ്പോൾതന്നെ അവർക്ക് പിരിയണമെന്നു താല്പര്യമുള്ളപക്ഷം ൫ വർഷത്തെ സർവീസ് ദാനമായി കിട്ടും. അതായത് ൧൯ വർഷം സർവീസ് ഉണ്ടായിരുന്നാൽ ൫ വർഷംകൂടി കൊടുത്ത് പെൻഷൻ കൊടുക്കും. ഇങ്ങനെ സർവീസ് അനുസരിച്ച് പെൻഷൻകിട്ടുന്നതിനുള്ള വ്യവസ്ഥയാണ് ചെയ്തിരിക്കുന്നത്. പഴയ ൨൭ വർഷത്തിനുപകരം ൨൦ വർഷം സർവീസുണ്ടെങ്കിൽ അവർക്ക് നേർപകുതി പെൻഷൻ കിട്ടുന്നതായിരിക്കും. ൧൫ വർഷമാണെങ്കിൽ മൂന്നിലൊന്നും, ൧൦ വർഷമാണെങ്കിൽ നാലിലൊന്നും പെൻഷൻ കിട്ടും. പിന്നീട് ൫ വർഷത്തിനുമുകളിൽ ൧൦ വർഷംവരെ സർവീസുള്ളവർക്ക് ൧൦ മാസത്തെ ശമ്പളം ഇനാമായി കിട്ടും. ൫ വർഷത്തിൽ കുറവുള്ള ആളുകൾക്ക് ൩ മാസത്തെ ശമ്പളം ഇനാമായി കിട്ടും.

ഹവിൽദാരന്മാർക്ക് ൧൯ വർഷം സർവീസുള്ളവർക്ക് ൯ രൂപായും ൧൯ വർഷം സർവീസുള്ള നായിക്കിന് ൭ രൂപായും, അതേ സർവീസുള്ള ശിപായിക്ക് ൫ രൂപായും പെൻഷൻകിട്ടും. ൧൩ വർഷമാണെങ്കിൽ ശിപായിക്ക് ൩ രൂപാകിട്ടും. ൧൯ വർഷത്തിൽ കുറവാണെങ്കിൽ ഓരോ കൊല്ലത്തേക്ക് സർവീസ് കണക്കാക്കി ഓരോ മാസത്തെ ശമ്പളംകിട്ടും. ഇങ്ങനെയുള്ള വ്യവസ്ഥകൾ മുമ്പ് പാലസ് ഇൻഫെൻട്രിയിൽ നടപ്പിലിരുന്നില്ല. നിവൃത്തിയുള്ളിടത്തോളം ദാക്ഷിണ്യമായ വ്യവസ്ഥയോ

ട്കൂടിയാണു് പിരിച്ചിട്ടുള്ളതു്. മസ്റ്ററിങ്ങ്ഔട്ട് സർവീസ് അവർക്കുണ്ടായിരുന്നില്ലെങ്കിലും അതുകൂടി ചേർത്തുള്ള ആനുകൂല്യങ്ങൾ കിട്ടത്തക്കവണ്ണമുള്ള ഏർപ്പാടാണു് ചെയ്തിരിക്കുന്നതു്. ഈ രണ്ടു പേരും പോലീസിൽ കയറുന്നില്ലെന്നുപറഞ്ഞു സമ്മതത്തോടുകൂടി പിരിഞ്ഞുപോയിട്ടുള്ളവരാണു്. ഉദ്യോഗത്തിൽകയറി അഞ്ചോ പത്തോ വർഷം സർവീസിൽ ഇരുന്നിട്ടു് അന്നു കിട്ടുന്ന പെൻഷൻ വാങ്ങുന്നതിനേക്കാൾ നല്ലതു് ഇപ്പോൾ കിട്ടാവുന്ന പെൻഷനോ ഗ്രാറ്റുവിറ്റിയോ വാങ്ങുന്നതായിരിക്കുമെന്നു് അവർ കരുതി. അങ്ങനെയിരിക്കെ പരീക്ഷണാർത്ഥം കൂടുതലാനുകൂല്യം കിട്ടുകയില്ലേ എന്നു നോക്കണമെന്നു കരുതി അവർ ഇപ്പോൾ അതൃപ്തി പ്രദർശിപ്പിക്കുകയല്ലേ എന്നു സംശയിപ്പാൻ ന്യായമുണ്ടു്. എന്നാൽ പെൻഷൻ നിയമപ്രകാരം കൊടുക്കേണ്ട തുകയാണു്. അതു കൂട്ടുകയും കുറക്കുകയും ചെയ്യാൻ സാദ്ധ്യമല്ല. ലീവു്, അലവൻസ് എന്നിങ്ങനെയുള്ള കാര്യങ്ങളിൽ കൂടുതൽ ദാക്ഷിണ്യം കാണിക്കേണ്ടതാണെന്നു് സഭ അഭിപ്രായപ്പെടുകയും ഗവൺമെന്റിനു് ബോദ്ധ്യപ്പെടുകയും ചെയ്യുന്നപക്ഷം അതു ചെയ്യാൻ ഗവൺമെന്റു് തയാറാണു്. ഇത്രകാലം ഇൻഫെൻട്രിയെ സേവിച്ചു് അവർ പിരിയുന്നതു് അവരുടെ നിർബന്ധപ്രകാരവും താല്പര്യപ്രകാരവുമാണെങ്കിലും അതൃപ്തിയോടുകൂടി പിരിയുന്നതു് അത്ര ആശാസ്യമല്ലാത്തതിനാൽ എന്തെങ്കിലും കൂടുതൽ ദാക്ഷിണ്യം കാണിക്കാം. പെൻഷനിൽ കൂടുതൽ കുറവുചെയ്യാൻ നിവൃത്തിയില്ല.

ശ്രീ. അച്യുതമേനോൻ: ഈ ആളുകളെ പോലീസ് ഡിപ്പാർട്ടുമെണ്ടിൽ അബ്സാർബ് ചെയ്യുകയാണോ അതല്ല അവരിൽനിന്നു ആളുകളെ പോലീസ് ഡിപ്പാർട്ടുമെണ്ടിലേക്കു സെലക്ട്ചെയ്യുകയാണോ ഗവൺമെന്റു ചെയ്തിരിക്കുന്നതു്?

ശ്രീ. ടി. എം. വറുഗീസ്: എന്റെ അന്വേഷണത്തിൽ എല്ലാവർക്കുംതന്നെ പോലീസ് ഡിപ്പാർട്ടുമെണ്ടിൽ പ്രവേശിക്കുന്നതിനുള്ള അവകാശമുണ്ടെന്നാണു് അറിയുന്നതു് ഉടൻതന്നെ എല്ലാവരേയും പ്രവേശിപ്പിക്കുന്നതിനു് സാദ്ധ്യമല്ലാതെ വന്നേക്കാം. ഉദ്യോഗത്തിൽ പ്രവേശിക്കുമ്പോൾ ആളുകളുടെ യോഗ്യതനോക്കാൻ ഗവൺമെന്റിനു് അവകാശമുണ്ടെങ്കിലും കുറെക്കാലം സർവ്വചെയ്തു് ഇൻഫെൻട്രിക്കാരെ എടുക്കുന്നതു് ദാക്ഷിണ്യത്തോടുകൂടിയാണു്; അല്ലാതെ സെലക്ട്ചെയ്യുകയാണെന്നു് എനിക്കു തോന്നുന്നില്ല.

ശ്രീ. അച്യുതമേനോൻ: പട്ടാളക്കാരുടേയും പോലീസുകാരുടേയും ശമ്പളസ്കെയിൽ ബഹുമാനപ്പെട്ട മന്ത്രി പ്രസ്താവിക്കുകയുണ്ടായി. പട്ടാളക്കാർക്കു കൊടുത്ത ശമ്പളം പറഞ്ഞതു് അവരുടെ റേഷൻ അലവൻസും മറ്റുള്ള അലവൻസും ഉൾപ്പെടെയാണോ?

ശ്രീ. ടി. എം. വറുഗീസ്: കൊച്ചിൻ ഇൻഫെൻട്രിക്കു് റേഷൻ അലവൻസ് മുമ്പുണ്ടായിരുന്നില്ല. അന്നു് ഇല്ലാതിരിക്കുന്നതായ അലവൻസ് ഇപ്പോഴും കൊടുത്തുവരുന്നില്ല.

ശ്രീ. ടി. കെ. ദിവാകരൻ: ഈ ആളുകൾ ഇൻഡ്യൻ സ്റ്റേറ്റ്ഫോഴ്സിലേക്കു ചേർത്ത ആളുകളാണോ?

ശ്രീ. ടി. എം. വറുഗീസ്: അല്ല. അവരെ ചേർത്തിട്ടില്ല.

ശ്രീ ടി. കെ. ദിവാകരൻ: എന്തുകൊണ്ടാണു ചേർക്കാതിരുന്നതെന്നു പറയാമോ?

ശ്രീ. ടി. എം. വറുഗീസ്: അതിനു ഞാൻ ഉത്തരം പറയണമെങ്കിൽ ഇൻഡ്യൻ സ്റ്റേററുഫോഴ്സിലേക്കു ആളുകളെ സെലക്ട് ചെയ്ത ആളുകളിൽ നിന്നും അതിനുള്ള കാരണം അറിയുന്നതിനുള്ള അവകാശം എനിക്കുണ്ടായിരിക്കണം. എനിക്കു തോന്നുന്നതു് അവർ ഇവിടെ വന്നു് പരിശോധിച്ചുനോക്കി അൺഫിററല്ലെന്നു കണ്ടവരെ എടുത്തിരിക്കമെന്നാണു്.

ശ്രീ. ടി. കെ. ദിവാകരൻ: ഇൻഡ്യാഗവമ്മെൻറു പിരിച്ചുവിട്ടതു സ്റ്റേററ്ഫോഴ്സിൽ ചേർക്കാൻ കൊള്ളരുതാത്തവരാണെന്നാണോ ബഹുമാനപ്പെട്ട മന്ത്രി ധരിച്ചിരിക്കുന്നതു്?

ശ്രീ. ടി. എം. വറുഗീസ്: അവർ ഉദ്ദേശിച്ചിരിക്കുന്ന സവ്വീസിൽ എടുക്കുന്നതിനു തക്കതായ യോഗ്യത അവക്കു കണ്ടില്ല എന്നാണു്. ഞാൻ ധരിച്ചിരിക്കുന്നതു്.

ശ്രീ. ടി. കെ. ദിവാകരൻ: ഇൻഡ്യൻ സ്റ്റേററുഫോഴ്സിലേക്കു എല്ലാവരേയും എടുക്കാതിരുന്നതിന്റെ കാരണം ഈ ഗവമ്മെൻറിൽനിന്നും ഇൻഡ്യാഗവമ്മെൻറിനോടു കായ്യമായി ശുപാർശകൾ നടത്താതിരുന്നതുകൊണ്ടല്ലേ?

ശ്രീ. ടി. എം. വറുഗീസ്: ഇതൊരു തെററിദ്ധാരണമൂലമാണു പറയുന്നതു്. ഇതേ സംബന്ധിച്ചു് ഒരു വിശദീകരണം നൽകുന്നതിനു ഈ സന്ദർഭം ഉപയോഗപ്പെടുത്തണമെന്നു വിചാരിക്കുന്നു. ഇവിടെനിന്നും റെഗുലർ സ്റ്റേററുഫോഴ്സിലേക്കു എടുത്തിട്ടുള്ളവക്കും എടുക്കാതിരുന്നവക്കും അനുവദിക്കാവുന്ന ആനുകൂല്യങ്ങൾ ഗവമ്മെൻറു് അനുവദിച്ചു കൊടുത്തിട്ടുണ്ടു്. അവരെ എല്ലാവരേയുംതന്നെ റെഗുലർഫോഴ്സിലേക്കു എടുക്കണമെന്നും അല്ലാത്തവക്കു കഴിവുള്ള എല്ലാ ആനുകൂല്യങ്ങളും നൽകണമെന്നും അന്നിരുന്ന ഗവമ്മെൻറു് വളരെ ശക്തിയുക്തം വാദം നടത്തിയിട്ടുള്ളതാണു്. ഈ ഗവമ്മെൻറു് ഇൻഡ്യാഗവമ്മെൻറുമായി വാദം നടത്തിയില്ല എന്നു പറയുന്നതും ശരിയല്ല.

ശ്രീ. ടി. കെ. ദിവാകരൻ: തിരുവിതാംകൂർ പാലസ് ഗാർഡിൽനിന്നും എഴുപത്തിയഞ്ചുപേരെ പിരിച്ചുവിട്ടതായി അറിയാമോ?

ശ്രീ. ടി. എം. വറുഗീസ്: പാലസ് ഗാർഡിൽ മസ്റ്ററിംഗ് ഔട്ട് ഫോഴ്സസ് ഇന്നലെമുതൽ നടപ്പിൽ വന്നിട്ടുണ്ടു്. അതനുസരിച്ചു പോലീസിൽ ചേരുന്നതിനു വിസമ്മതിച്ചിട്ടുള്ളവരെ പിരിച്ചുവിട്ടിട്ടുണ്ടായിരിക്കും.

ശ്രീ. ടി. കെ. ദിവാകരൻ: തിരുവിതാംകൂർ പാലസ്ഗാർഡിലുണ്ടായിരുന്നവർ റെഗുലർഫോഴ്സിൽ ഉൾപ്പെട്ടിരുന്നവരാണോ?

ശ്രീ. ടി. എം വറുഗീസ്: റെഗുലർ ഫോഴ്സിൽ ഉൾപ്പെട്ടവരല്ല.

ശ്രീ. ടി. കെ. ദിവാകരൻ: പലരും ഉൾപ്പെട്ടിട്ടുണ്ടെന്നറിയാമോ?

ശ്രീ. ടി. എം. വറുഗീസ്: അതിൽ പലരും ഉൾപ്പെട്ടിട്ടുണ്ടായിരിക്കും. എന്നാൽ അവർ റെഗുലർഫോഴ്സിൽനിന്നും മസ്റ്ററിംഗ് ഔട്ട് ആയവരും മററു നിയമനവ്യവസ്ഥകൾക്കു വിധേയരായവരുമാണു്. അങ്ങനെ മുമ്പുദ്യോഗത്തിലുണ്ടായിരുന്നവരും വിധേയരാണു്.

ശ്രീ. ടി. കെ. ദിവാകരൻ: മുമ്പും പാലസ്ഗാർഡ് പ്രത്യേകമുണ്ടായിരുന്നോ?

ശ്രീ. ടി. എം. വറുഗീസ്: കൊച്ചിയിൽ ഉണ്ടായിരുന്നു.

ശ്രീ. ടി. കെ. ദിവാകരൻ: ഇപ്പോഴ് പാലസ്ഗാർഡിൽ ഉണ്ടായിരുന്നവരുടെ ശമ്പളം, സർവ്വീസ് മുതലായ കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുമോ?

ശ്രീ. ടി. എം. വറുഗീസ്: അവരുടെ കാര്യം പ്രത്യേകം ശ്രദ്ധിക്കുന്നതും കഴിവുള്ള എല്ലാ ആനുകൂല്യങ്ങളും ചെയ്തുകൊടുക്കുന്നതുമായിരിക്കും. ഓരോ ഗ്രേഡിലിരിക്കുന്നവർക്കും അവരർഹിക്കുന്ന ഉദ്യോഗങ്ങൾതന്നെ പോലീസിലും ലഭിക്കുന്നതായിരിക്കും. അതായതു് സബ്ബ്ഇൻസ്പെക്ടറന്മാർ മുതൽ മേല്പോട്ടുള്ള ഉദ്യോഗങ്ങളും കൊടുക്കുന്നുണ്ടു്.

ശ്രീ. ടി. കെ. ദിവാകരൻ: ഇൻഡ്യൻഫോഴ്സസിലേയ്ക്കു എടുക്കാത്ത ആളുകളെ പിരിച്ചുവിടുന്നതിനു എത്രമാസത്തെ നോട്ടീസ് കൊടുത്തു?

ശ്രീ. ടി. എം. വറുഗീസ്: ഇതു് പാലസ് ഗാർഡിനെപ്പററിയുള്ള ചോദ്യമാണു്. ആ ചോദ്യത്തിനുത്തരമാവശ്യമാണെന്നുള്ള പക്ഷം അതേപ്പററി അന്വേഷിച്ചുത്തരം പറയാവുന്നതാണു്.

ശ്രീ. ടി. കെ. ദിവാകരൻ: ഇതു പ്രത്യേകമായി നില നിറുത്താനുള്ള കാരണമെന്താണു്?

ശ്രീ. ടി. എം. വറുഗീസ്: പൊതുവെ തിരുവിതാംകൂർ പാലസ് ഗാർഡിനെപ്പററിയുള്ള ചോദ്യമാണു് മെമ്പർ ചോദിക്കുന്നതു്. എന്നാൽ കൊച്ചിയിൽ പാലസ് ഗാർഡിൽപ്പെട്ടവരായ ഇരുനൂറു പേരെ പിരിച്ചുവിട്ട കാര്യമാണു് ഇവിടെ ചോദ്യവിഷയമായിരിക്കുന്നതു്. അല്ലാതെ പാലസ്ഗാർഡിലെ റെഗുലർഫോഴ്സിനെപ്പററിയും മററുമുള്ള ചോദ്യങ്ങൾ ഉദിക്കുന്നില്ല.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി: കൊച്ചിൻ പാലസ് ഇൻഫെൻട്രി കൊച്ചിരാജാവിന്റെ രക്ഷയ്ക്കു ആവശ്യമില്ല എന്നു ഈ ഗവമെന്റിനെ അറിയിച്ചിട്ടുണ്ടോ? . ഈ ൨൱ പേരെയും അദ്ദേഹത്തിന്റെ രക്ഷയ്ക്കാവശ്യമില്ലെന്നു വല്ല നിവേദനങ്ങളും ലഭിച്ചിട്ടുണ്ടോ?

ശ്രീ. ടി. എം. വറുഗീസ്: അങ്ങനെ ഒന്നുമില്ല. അദ്ദേഹവുമായി യാതൊരു എഴുത്തുകുത്തുമില്ല.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി: ഈ പാലസ് ഗാർഡ് കൊട്ടാരങ്ങളുടെ രക്ഷയ്ക്കുവേണ്ടി ഉണ്ടാക്കിയിട്ടുള്ളതല്ലേ? അപ്പോൾ ഈ ൨൱ പേരെ പിരിച്ചുവിട്ടതിനുപകരം വേറെ കുറെ ആളുകളെ നിയമിക്കേണ്ടയാവശ്യമില്ലേ?

ശ്രീ. ടി. എം. വറുഗീസ്: ഉണ്ടു്.

ശ്രീ. ആർ. കേശവപിള്ള: ഈ പിരിച്ചുവിട്ടവരെ വേറെ ഡിപ്പാർട്ടുമെന്റുകളിൽ എടുക്കരുതോ?

ശ്രീ. ടി. എം. വറുഗീസ്: മററു ഡിപ്പാർട്ടുമെന്റുകളിലും യോഗ്യതയുണ്ടെങ്കിൽ എടുക്കാവുന്നതാണു്. അവർക്കുള്ള യോഗ്യതകളനുസരിച്ചു് അതേപ്പററി ആലോചിക്കാം. ഉള്ള യോഗ്യതയും പരിശീലനവും അനുസരിച്ചുനോക്കിയാൽ അവരെ പോലീസുഡിപ്പാർട്ടുമെന്റിൽ എടുക്കുകയാണെങ്കിൽ അതു നാട്ടുകാർക്കും ഗവമെന്റിനും അവർക്കും സൗകര്യമായിരിക്കും.

ശ്രീ. ആർ. കേശവപിള്ള: അവരെ എക്സൈസ് ഡിപ്പാർട്ടുമെൻറിൽ എടുക്കരുതോ?

ശ്രീ. ടി. എം. വറുഗീസ്: അതാണു ഞാൻ മുമ്പു പറഞ്ഞതു്. അവർക്കു ഇതുവരെ ഉണ്ടായിരുന്ന പരിശീലനവും മററുള്ള യോഗ്യതകളും പരിഗണിച്ചാൽ പോലീസിലായാൽ അതു ഗവർമ്മെൻറിനും പൊതുജനങ്ങൾക്കും ഉപയോഗപ്രദമായിരിക്കും,

ശ്രീ. സി. അച്ചുതമേനോൻ: പോലീസിലേയും പട്ടാളത്തിലേയും ശമ്പളക്കാര്യങ്ങൾ ഇവിടെ താരതമ്യപ്പെടുത്തുകയുണ്ടായി. ഒരു സുബേദാർമേജർക്കു ൧൨൫ രൂപായും ഒരു സബ്ബ് ഇൻസ്പെക്ടർക്കു ൧൨൫ മുതൽ ൧൫൦ രൂപാ വരേയും എന്നു പറഞ്ഞു. അപ്പോൾ ഒരു സുബേദാർമേജരെ ഒരു സബ്ബ് ഇൻസ്പെക്ടറായി നിയമിക്കുമോ?

ശ്രീ. ടി. എം. വറുഗീസ്: സാധാരണനിലയിൽ ഒരു ഉദ്യോഗസ്ഥനെ ഒരിടത്തുനിന്നും മറെറാരു ഡിപ്പാർട്ടുമെൻറിലേക്കു മാററുമ്പോൾ അയാൾ വാങ്ങിക്കൊണ്ടിരുന്ന ശമ്പളത്തിൽ കുറഞ്ഞു നിയമിക്കാൻ പാടില്ല. അതിനു നിയമംതന്നെയുണ്ടു്. അങ്ങനെ ചെയ്താൽ കേസ് കൊടുത്തു അതു വാങ്ങിക്കാൻ സാധിക്കുന്നതാണു്.

Mr. Speaker: Has not the question been sufficiently discussed?

ശ്രീ. ടി. കെ. ദിവാകരൻ: റെഗുലർ സർവ്വീസിൽനിന്നും പിരിച്ചുവിട്ടവർക്കു ലഭിച്ചിട്ടുള്ള സൌകര്യങ്ങൾ ഇവർക്കും കൊടുക്കുമോ?

ശ്രീ. ടി. എം. വറുഗീസ്: മസ്റ്ററിംഗ് ഔട്ട് സർവ്വീസനുസരിച്ചു് പിരിച്ചുവിട്ടിട്ടുള്ളവർക്കു ലഭിച്ചിട്ടുള്ള സൌകര്യങ്ങളിൽ ഇവിടെ ഒന്നും കുറവല്ല അനുവദിക്കുന്നതു്. പക്ഷെ പെൻഷൻെറ കാര്യത്തിൽ ഗവർമ്മെൻറിനൊന്നും ചെയ്യാൻ നിവൃത്തിയില്ല. അവർക്കു ലഭിക്കാവുന്ന ആനുകൂല്യങ്ങൾ എല്ലാം കൊടുക്കുന്നതാണു്.

Unstarred Short Notice Question

SUPPLY OF RADIO SETS

4. **Shri P. S. Nataraja Pillai:** Will the hon. Minister for Panchayats be pleased to state :—

(*a*) whether the Director of Panchayats invited quotations for radio sets on 28th March 1952 to reach his office before 12 noon on 29th March 1952;

(*b*) whether the quotation was for the supply of forty-eight sets on or before 31st March 1952;

(*c*) how many quotations were received and the names of persons from whom the quotations were received and the rates quoted by each;

(*d*) whether the sets were supplied on 31st March 1952 and payment made;

(*e*) total cost of the 48 sets to be supplied;

(*f*) the date on which Government sanctioned the purchase of 48 radio sets for the Panchayat Department and the date on which it was communicated to the Director of Panchayats?

Answer

(*a*) Yes.
(*b*) Yes.

(c) 9.

Name of persons	Rate quoted Rs.
(1) Wireless House, Trivandrum	440— 0—0
(2) Nataraja & Sons ,,	462— 8—0
(3) Jacobs Radios	450— 0—0
(4) Marikar Motors	420—12—0
(5) Abraham Maret & Sons	435—12—0
(6) Varma Radio, Trichur	383—10—0
(7) Premier Radio Service, Trivandrum	337— 8—0
(8) Radio Electric Co., Ernakulam	420—12—0
(9) Broadcasting & Radio Co., Trivandrum	345— 0—0

(d) Being supplied.

(e) Rs. 21,564—15—6.

(f) Sanction was accorded on 27th March 1952 and the same was communicated to the Director on the same day.

THE PUBLIC SAFETY MEASURES ACT (AMENDMENT) BILL

Mr. Speaker: We will continue the discussion on the Public Safety Measures Act (Amendment) Bill. Has the Minister concerned anything further to say?

Minister for Finance and Civil Supplies **(Shri Panampilli Govinda Menon):** I have nothing to add.

ശ്രീ. ടി. വി. തോമസ്: ഇതേപ്പറ്റി ആവശ്യമായ ഡിസ്കഷൻ നടന്നതുകൊണ്ട് ഞാൻ ഒരു ക്ലോഷർമോഷൻ അവതരിപ്പിച്ചുകൊള്ളുന്നു.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: മദ്രാസിലുള്ള ആക്ട് അസാധുവാണെന്ന് സുപ്രീംകോടതി വിധിച്ചിട്ടുള്ളതായി ഈ സഭയിൽ പറയുകയുണ്ടായി. അങ്ങനെയിരിക്കുന്ന സന്ദർഭത്തിൽ ഈ ബില്ലിന്റെ ചർച്ച മാററിവയ്ക്കുന്നതു നന്നായിരിക്കുമെന്നു എനിക്കഭിപ്രായമുണ്ട്. അതു സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ഉത്തരം പറയുമെന്നു ഞാൻ വിശ്വസിക്കുന്നു.

ശ്രീ. ടി. എം. വറുഗീസ്. പത്രറിപ്പോർട്ടിൽനിന്നും കാണുന്നതനുസരിച്ച് സെക്ഷൻ ൨ ന–ന്റെ വ്യാപ്തിയും വ്യാഖ്യാനവും സുപ്രീംകോടതിയുടെ പരിഗണനയ്ക്കും തീരുമാനത്തിനും വിധേയമാകുന്നതാണ്. ഈ നിയമത്തെ സംബന്ധിച്ച് കോടതിവിധികൾ വഴി വെളിപ്പെട്ടിട്ടുള്ള ന്യൂനതകൾ പരിഹരിക്കുന്നതിന് ആവശ്യമെന്നു കണ്ട ഭേദഗതികൾ ഉൾക്കൊള്ളിച്ചാണു ഈ ബിൽ ഹാജരാക്കിയിരിക്കുന്നതു്. എന്നാൽ സുപ്രീംകോടതിയിൽനിന്നും അതിനുശേഷം ഉണ്ടായ തീരുമാനത്തിലെ നിർദ്ദേശങ്ങളും വ്യവസ്ഥകളും ഹാജരാക്കിയിരിക്കുന്ന ഭേദഗതികളിൽ വേണ്ടതുപോലെ ഉൾക്കൊണ്ടിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനു സാവകാശവും സന്ദർഭവും ഉണ്ടായിട്ടില്ല. അതിനാൽ ബഹുമാനപ്പെട്ട മെമ്പർ അഭിപ്രായപ്പെട്ടതുപോലെ ഈ ബില്ലിനെ സംബന്ധിച്ച് ബാക്കി ചർച്ചകൾ വേറൊരവസരത്തിലേക്കു മാററിവയ്ക്കുന്നതു നന്നായിരിക്കും.

Mr. Speaker: The position is that Government do not propose to proceed with the Bill at present.

Shri P. S. Nataraja Pillai: How will the Ordinance stand?

Shri T. M. Varghese: The hon. Member knows that the Ordinance cannot stand after some sime.

Mr. Speaker: Further discussion on this Bill will stand adjourned and we will proceed with the discussion on the City Municiapl Act (Amendment) Bill.

The Trivandrum City Municipal Act (Amendment) Bill

Minister for Local Self-Government **(Shri K. Kochukuttan):** Sir, I move that the Trivandrum City Municipal Act (Amendment) Bill be taken into consideration.

Minisier for Finance and Civil Supplies **(Shri Panampilli Govinda Menon):** I second it.

ശ്രീ. കെ. കൊച്ചുകുട്ടൻ: സർ, കൊല്ലവർഷത്തിന്റെ അടിസ്ഥാനത്തിൽ ബഡ്ജററ് തയാറാക്കാനാണ് തിരുവനന്തപുരം സിററി മുനിസിപ്പൽ ആക്റ്റിൽ പ്രൊവിഷൻ ഉണ്ടായിരുന്നതു്. ഏപ്രിൽ ഒന്നാം തീയതി മുതൽക്കുള്ള സാമ്പത്തികവർഷത്തിന്റെ അടിസ്ഥാനത്തിൽ സ്റ്റേററ് ബഡ്ജററ് തയാറാക്കാൻ തീരുമാനിച്ചതോടുകൂടി കാർപ്പറേഷന്റെ ബഡ്ജററ് തയാറാക്കുന്നതിലും അതുപോലുള്ള തീരുമാനം വരുത്തേണ്ടതായിരുന്നു. അതനുസരിച്ചു് തിരുവനന്തപുരം സിററി മുനിസിപ്പൽ ആക്റ്റിൽ ചില ഭേദഗതികൾ വരുത്തേണ്ടതായി വന്നുചേന്നു. ൧൧൨൦-ൽ പാസാക്കിയ ലോക്കൽ അതാറിട്ടീസ് ആക്റ്റിലെ ൪-ാം പ്രൊവിഷനിൽ ഗവമ്മെന്റിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം ഉപയോഗിച്ചു ഒരുത്തരവു കൊണ്ടു് ആ മാററം വരുത്തുകയുണ്ടായി. അങ്ങനെ തിരുവനന്തപുരം സിററി മുനിസിപ്പൽ ആക്റ്റിൽ സാമ്പത്തിക വർഷത്തെ സംബന്ധിച്ചിടത്തോളം മാററം വരുത്തുന്നതോടുകൂടി കാപ്പറേഷൻ മേയറുടെ തെരഞ്ഞെടുപ്പു തീയതിയിലും കൗൺസിലറന്മാരുടെ കാലാവധി ആരംഭിക്കുകയും അവസാനിക്കുകയും ചെയ്യുന്ന തീയതികളിലും മാററം വരുത്തേണ്ടതായി വന്നു. അതു് ഒരു ഗവമ്മെൻറ് ആർഡർകൊണ്ടു് വരുത്തുവാൻ കഴിവുള്ളതല്ല. അതിനാൽ കഴിഞ്ഞ ഡിസംബർ ൧൦-ാം തീയതി രാജപ്രമുഖൻ ഒരു ആർഡിനൻസു് പുറപ്പെടുവിച്ചു് ഇക്കാര്യം നിർവ്വഹിക്കുകയുണ്ടായി. അങ്ങിനെ തിരുവനന്തപുരം സിററി മുനിസിപ്പൽ ആക്റ്റു് ൨൯-ം ൩൦-ം വ്യവസ്ഥകളിൽ മാററംവരുത്തി. ഈ ബിൽ ആ ആർഡിനൻസിന്റെ സ്ഥാനത്തു ഒരാക്ട് ഉണ്ടാക്കുന്നതിനുവേണ്ടിമാത്രം കൊണ്ടുവന്നിട്ടുള്ളതാണു്. വിശേഷവിധിയായിട്ടൊന്നുംതന്നെയില്ല. അതിനാൽ ഈ ബിൽ പാസാക്കിത്തരണമെന്നു ഈ സഭയോടു് വിനീതമായി അപേക്ഷിക്കുന്നു.

പൊതുജനാരോഗ്യവകുപ്പു മന്ത്രി (ശ്രീ. വി. മാധവൻ): ഞാൻ പിൻതാങ്ങുന്നു.

The question that clauses 1 to 4 stand part of the Bill, was put and carried.
The clauses were added to the Bill.
The question that the preamble stand part of the Bill was put and carried.
The preamble was added to the Bill.
The question that the title stand part of the Bill was put and carried.
The title was added to the Bill.

Shri K. Kochukuttan: I move that the Bill be passed.

Chief Minister **(Shri A. J. John):** I second it.

The question that the Bill be passed was put and carried.
The Bill was passed.

Adjournment Motion regarding Arrest of Coir workers

ശ്രീ. ടി. വി. തോമസ്: സർ, അടിയന്തിരപ്രമേയം നാലുമണിക്കാണല്ലൊ എടുക്കുവാൻ വച്ചിരിക്കുന്നതു്. അതു് ഈ സന്ദർഭത്തിൽ എടുത്താൽകൊള്ളാം.

Mr. Speaker: Yes; I just wanted to suggest to the Members that, if the House is agreeable, we could now take up the adjournment motion for discussion. But we could have only two hours for discussing it. At the end of two hours from now, the discussion will automatically come to a close. Is the House agreeable to take up the discussion of the adjournment motion now?

(The House signified its assent.)

Mr. Speaker: I call upon the hon. Member, Mr. M. N. Govindan Nair, to move his adjournment motion?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: സർ, ഞാൻ അവതരിപ്പിക്കുന്ന അടിയന്തിരപ്രമേയം ഇതാണു്.

'കായംകുളത്തു നടന്നുവരുന്ന പച്ചത്തൊണ്ടു തൊഴിലാളിസമരം സംബന്ധിച്ചു ഇന്നലെ (൩൧—൩—൧൯൫൭) അൻപതു ട്രെയിഡ് യൂണിയൻ പ്രവൎത്തകരെ അറസ്റ്റ്ചെയ്യുകനിമിത്തവും അവിടത്തെ മുതലാളിമാരുടെ പ്രത്യേക താല്പൎയ്യമനുസരിച്ചു ൧൪ ദിവസത്തേക്ക പൊതുയോഗങ്ങളം നിരോധിച്ചുകൊണ്ടുള്ള കൊല്ലം ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന്റെ നിരോധനയുത്തരവുമൂലവും ഉണ്ടായിട്ടുള്ള അടിയന്തിര പരിതഃസ്ഥിതികളെപ്പററി ചൎച്ചചെയ്യുന്നതിനു് സഭാനടപടികൾ നിറുത്തിവയ്ക്കണമെന്നാവശ്യപ്പെടുന്നു.'

Shri Panampilli Govinda Menon: I wish to raise a point of order on certain matters contained in this motion. Now, this statement is: "അവിടത്തെ മുതലാളിമാരുടെ പ്രത്യേക താല്പൎയ്യമനുസരിച്ചു് ൧൪ ദിവസത്തേക്കു് പൊതുയോഗങ്ങളം നിരോധിച്ചുകൊണ്ടുള്ള കൊല്ലം ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന്റെ നിരോധനയുത്തരവുമൂലം ഉണ്ടായിട്ടുള്ള" I take objection to that statement. The District Magistrate issues a prohibitory order under a certain provision in the Criminal Procedure Code, and it is well understood and accepted that that is a judicial order. That is an order from which an appeal lies to the High Court and persons affected can move the District Magistrate himself to review that order. That being so, it is improper and the mover must not be allowed to say that the District Magistrate issued an order in order to favour a certain person. The order may be wrong or the order may be right, but that is a different matter. To say that a judicial officer of the State issued an order in order to favour a certain person or a certain group of persons is unparliamentary. It is defamatory. It is a contempt of court. And, therefore, I submit that that passage should not be there in the adjournment motion.

Mr. Speaker: There is some force in the point of order raised by the hon. Minister for Law. Anyhow, the general trend of the adjournment motion may be taken into consideration. I understand that the mover wants to discuss the situation that has arisen at Kayamkulam on account of the arrest of a few union workers and the situation that has arisen on account of the promulgation of this prohibitory order at Kayamkulam and the

[Mr. Speaker]
consequences that may happen hereafter. The hon. Mover may confine his attention to these aspects. It must be possible for him to discuss this adjournment motion without reference to the illegality or otherwise of the order promulgated by the District Magistrate, Quilon.

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: കായംകുളത്തുള്ള പച്ചത്തൊണ്ടു തൊഴിലാളികൾ, നാവികതൊഴിലാളികൾ, വത്തകതൊഴിലാളികൾ എന്നീ മൂന്നു വിഭാഗത്തിൽപെട്ട തൊഴിലാളികൾക്കു ന്യായമായി കിട്ടേണ്ട ബോണസ് ആവശ്യപ്പെടുകയും അതിലേക്ക് അവരാൽ കഴിവുള്ള ന്യായമായ എല്ലാ ശ്രമങ്ങളും നടത്തുകയും ചെയ്തിട്ടുണ്ടു്. തൊഴിലാളികൾക്കു ബോണസിന് അവകാശമുണ്ടെന്നുള്ള തത്വം ഈ രാജ്യത്തു പൊതുവെ അംഗീകരിക്കപ്പെട്ടുകഴിഞ്ഞിട്ടുള്ളതാണ്. അവർ ഉന്നയിച്ചിരിക്കുന്ന വാദങ്ങൾ ഏററവും ന്യായമാണെന്നു അവിടത്തെ ലേബർ അസി. കമ്മീഷണർ തന്നെ ബോദ്ധ്യപ്പെട്ടതിന്റെ ഫലമായി ബോണസ് കൊടുക്കുന്നതിന് ഇതിലേർപ്പെട്ടിരിക്കുന്ന മുതലാളിമാരോട് അദ്ദേഹം ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ടു്. എന്നാൽ വേണ്ടത്ര സംഘടനയും ശക്തിയും തൊഴിലാളികൾക്കു ഇല്ലെന്നുള്ള ധാരണയിൽ ലേബർ കമ്മീഷണരുടെ നിർദ്ദേശത്തെപോലും വിഗണിക്കുന്നതിനാണ് അവിടത്തെ മുതലാളിമാർ മുതിർന്നതു്. അങ്ങനെയാണ് അവിടെ സത്യാഗ്രഹം ആരംഭിക്കുന്നതിന് തൊഴിലാളികൾ നിർബ്ബന്ധിതരായതു്. ഇങ്ങനെ ന്യായമായ തങ്ങളുടെ അവകാശസംരക്ഷണത്തിനുവേണ്ടി ഒരു സമരത്തിലേക്കു ഇറങ്ങുവാൻ തൊഴിലാളികൾ നിർബ്ബന്ധിതരായിത്തീർന്ന ആ സന്ദർഭത്തിൽ, മുതലാളിമാരാകട്ടെ ഇവിടെ വന്നു ചില മന്ത്രിമാരേയും മററുദ്യോഗസ്ഥന്മാരേയും കണ്ടു് കാര്യങ്ങൾ തെററിദ്ധരിപ്പിച്ചു ഒടുവിൽ ഐ. ജി. തന്നെ സ്ഥലത്തു പോകുകയും ചെയ്തു. ഐ. ജി. യുടെ സാന്നിദ്ധ്യത്തിലാണ് അവിടെയുള്ള തൊഴിലാളികളെ അറസ്റ്റുചെയ്തതെന്നാണു ഞങ്ങൾക്കറിയാൻ കഴിഞ്ഞതു്. ഇന്നു അവിടെനിന്നും കിട്ടിയ ഒരു കമ്പി ഞാൻ വായിക്കാം.

"AT THE INSTANCE OF MINISTER VARGHESE'S BROTHER A MERCHANT HERE ORDER WAS ISSUED UNDER SECTION 144, NO FORCE FROM LABOURERS ON 29TH ASSISTANT LABOUR COMMISSIONER ADVISED TO PAY THE BONUS MERCHANTS REFUSED THUNDATHIL KUNJUKRISHNA PILLAI KAYANKULAM".

ഈ തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള അവിടത്തെ വത്തകതൊഴിലാളി യൂണിയൻ പ്രവത്തകനാണെന്നാണ് ഞാൻ അറിഞ്ഞതു്. ഈ തൊഴിലാളികൾക്കു ന്യായമായി കിട്ടേണ്ട അവകാശം ൧൧൨൭-ൽ തന്നെ എല്ലാ മുതലാളിമാരും പൊതുവെ അംഗീകരിച്ചുകഴിഞ്ഞിട്ടുള്ളതാണ്. എന്നാൽ ഇപ്പോൾ മുതലാളിമാരുടെ നിരസനംമൂലം ഒരു സമരത്തിലേക്കു ഇറങ്ങുവാൻ തൊഴിലാളികൾ തീരുമാനിക്കുകയും ചെയ്തു. ഈ ഘട്ടത്തിൽ ഗവൺമെൻറ് തൊഴിലാളികളുടെ ഭാഗത്തു നിന്നുകൊണ്ടു് മുതലാളിമാരെക്കൊണ്ടു് ബോണസ് കൊടുപ്പിക്കുന്നതിന് ശ്രമിക്കുക എന്നുള്ളതാണ് ന്യായമായി ചെയ്യേണ്ടതു്. അതിനുപകരം പോലീസിനെ അയച്ചു തൊഴിലാളികളെ ഉപദ്രവിക്കുകയാണ് ചെയ്തതു്.

മരാമത്തും ഗതാഗതവും വകുപ്പു മന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ): കായംകുളത്തെ തൊഴിലാളികൾ ഉന്നയിച്ചിരിക്കുന്ന അവകാശങ്ങളുടെ സ്വഭാവം എന്താണ്?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: [illegible]ൽ ഒരു ത്രികക്ഷി സമ്മേളനം ഇവിടെവച്ചു നടന്നു. സംഘടിത തൊഴിലാളികളുടെ പ്രതിനിധികളും, സംഘടിത മുതലാളിമാരുടെ പ്രതിനിധികളും ഗവമെൻറിൻെറ പ്രതിനിധികളും അതിൽ പങ്കുകൊണ്ടു. ആ യോഗത്തിൽവച്ച് തൊഴിലാളികൾക്കു ബോണസിനു് അവകാശമുണ്ടോ ഇല്ലയോ എന്നുള്ള പ്രശ്നത്തെപ്പററി വാദപ്രതിവാദം നടത്തുകയും കുറഞ്ഞതു നാലുശതമാനം ബോണസെങ്കിലും എല്ലാ വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾക്കും കൊടുക്കേണ്ടതാണെന്നു തീരുമാനിക്കുകയും ചെയ്തിട്ടുണ്ടു്. ആ തീരുമാനം അനുസരിച്ചു കയർഫാക്ടറി തൊഴിലാളികൾ, കശുവണ്ടിഫാക്ടറി തൊഴിലാളികൾ എന്നുവേണ്ടാ, ഈ രാജ്യത്തെ മിക്കതൊഴിലാളികൾക്കും ബോണസ്സ് കിട്ടിവരുന്നുണ്ടു്. എന്നാൽ തൊഴിലാളി സംഘടനകൾ ആദ്യമായി തുടങ്ങുന്ന സ്ഥലങ്ങളിലൊ, അല്ലെങ്കിൽ തൊഴിലാളികൾ സംഘടിതരല്ലാത്ത സ്ഥലങ്ങളിലൊ ഉള്ള മുതലാളിമാർ പ്രായേണ ബോണസ്സ് കൊടുക്കാതിരിക്കുന്നുണ്ടു്. ഇങ്ങനെ ഈ രാജ്യത്തുള്ള തൊഴിലാളികളും മുതലാളികളുംകൂടി ഇവിടത്തെ എല്ലാ തൊഴിലാളികൾക്കും ബോണസിനു് അവകാശമുണ്ടെന്നു അംഗീകരിക്കപ്പെട്ടുകഴിഞ്ഞിട്ടും തങ്ങൾക്കു ബോണസ്സ് ലഭിക്കുന്നില്ലെന്നുള്ള കാരണത്തിന്മേലാണു്, ആ അവകാശസംരക്ഷണത്തിനുവേണ്ടിയാണു് കായംകുളത്തുള്ള തൊഴിലാളികൾ സത്യാഗ്രഹസമരം നടത്തുന്നതു്. പച്ചത്തൊണ്ടു് തൊഴിലാളികൾ കൂലി കൂടുതലിനുവേണ്ടിയും വത്തകതൊഴിലാളികൾ ബോണസിനുവേണ്ടിയും, നാവികതൊഴിലാളികൾ ഇവരണ്ടിനുവേണ്ടിയുമാണു് ആ അവകാശവാദം ഉന്നയിച്ചിട്ടുള്ളതു്. ഇങ്ങനെ ഏററവും ന്യായമായിട്ടുള്ള വാദം തൊഴിലാളികൾ ഉന്നയിച്ചിരിക്കുമ്പോൾ അതു് കേവലം ന്യായയുക്തമായ ഒന്നാണെന്നു കാണുവാൻ പ്രയാസമില്ല. ഒരിക്കലും ന്യായരഹിതമായ ഒന്നല്ല.

തൊഴിലാളികൾ ബലം പ്രയോഗിച്ചിട്ടുണ്ടെന്നും അതുകൊണ്ടാണു് ഗവമെൻറു് ഇടപെട്ടതെന്നും ധ്വനിക്കത്തക്കനിലയിൽ ബഹുമാനപ്പെട്ട മന്ത്രി ഇന്നലെയൊ ഇന്നൊ ഇവിടെ പറയുകയുണ്ടായി. ഞങ്ങളുടെ അറിവിൽ പെട്ടിടത്തോളം തൊഴിലാളികൾ യാതൊരു ബലപ്രയോഗവും നടത്തിയിട്ടില്ല. നേരെമറിച്ചു അന്യസ്ഥലങ്ങളിൽനിന്നും മുതലാളിമാർ കൂലിക്കാരെ കൊണ്ടുവരികയാണു് ചെയ്തതു്. ചിലരുടെ പ്രേരണയനുസരിച്ചു മന്ത്രിമാർ പക്ഷപാതപരമായി പ്രവർത്തിച്ചില്ലേ എന്നു സംശയിക്കുവാനും ന്യായമുണ്ടു്. കണ്ടത്തിൽ കുമാരൻ എന്നൊരാൾ ഉണ്ടായിരുന്നു. അദ്ദേഹം അവിടത്തെ ഒരു പച്ചത്തൊണ്ടു് മുതലാളിയാണു്. ഒരു കൊലക്കേസിലെ രണ്ടാംപ്രതിയാണു്. പിടികൊടുക്കാതെ നടക്കുന്ന ആളായിരുന്നു.

ശ്രീ. വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: അണ്ടർഗ്രൗണ്ടിലായിരുന്നോ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: അങ്ങനെയുള്ളവർക്കു അണ്ടർഗ്രൗണ്ടിൽ താമസിക്കേണ്ട കാര്യമില്ല. ഈ മനുഷ്യൻ ഇവിടെവന്നു കാണേണ്ടവരെയെല്ലാം കണ്ടു.

ശ്രീ. ആർ. കേശവപിള്ള: 'കാണേണ്ടവരെയെല്ലാം' എന്നതിൽനിന്നും എന്താണു് മനസ്സിലാക്കേണ്ടതു്? ആരെയെന്നു പറയാമോ?

Mr. Speaker: Any reflections on the person more than what has already been said by the hon. Member need not be made.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: എനിക്കു പറയുവാനുള്ളതു ഏററവും ന്യായമായ അവകാശവാദങ്ങൾ തൊഴിലാളികൾ കൊണ്ടുവരുമ്പോൾ അവയ്ക്കുവേണ്ട ന്യായമായ തീരുമാനം ചെയ്യുന്നതിനുപകരം അവരുടെ നേരേ പോലീസിനെ അഴിച്ചുവിടുന്ന ഗവമ്മെൻറിൻെറ നയം ഒരിക്കലും ശരിയല്ലെന്നാണു്; അതു എത്രയും വേഗം അവസാനിപ്പിക്കണമെന്നാണു്. രണ്ടാമതു എനിക്കു പറയാനുള്ളതു് പൊതുയോഗം നിരോധിച്ചിരിക്കുന്ന സംഗതിയെപ്പററിയാണു്. രാജ്യത്തിൻെറ നാനാഭാഗത്തും പൊതുയോഗം നടക്കുന്നതു സർവ്വസാധാരണമായ ഒരു സംഗതിയാണു്. എന്നാൽ ഈ പൊതുയോഗങ്ങളുടെ നിരോധനാജ്ഞയിൽ പറഞ്ഞിരിക്കുന്ന കാരണങ്ങൾ നോക്കിയാൽ വളരെ വിചിത്രമാണു്.

Mr. Speaker: The point to which I wanted to draw the attention of the hon. Member is that he should not go into the merits of the order promulgated by the District Magistrate which may be ill-advised or well-advised. It might be that he had sufficient grounds to pass such an order. Apart from the legality or otherwise of the order, the hon. Member can discuss the consequences that has arisen in the locality on account of the promulgation of such order and show how it has affected the working of the Union.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: സർ, ൩ ദിവസത്തേക്കു പൊതുയോഗങ്ങൾ നിറുത്തിവച്ചിരിക്കുന്നതു നിമിത്തം തൊഴിലാളികളുടെ ന്യായമായ അവകാശങ്ങൾ എന്തെല്ലാമാണെന്നും, അവരുടെ അവശതകൾ എന്തെല്ലാമാണെന്നും പൊതുജനങ്ങളെ അറിയിക്കാൻ സാധിക്കുന്നില്ല. യഥാത്ഥ സംഗതികൾ പൊതുജനങ്ങൾ അറിയാൻ ഇടവന്നില്ലെങ്കിൽ പൊതുജനമദ്ധ്യത്തു തൊഴിലാളികളെ സംബന്ധിച്ചിടത്തോളം വലിയ തെററിദ്ധാരണയുണ്ടാകുന്നതാണു്. ഇന്നു് യൂണിയനും തൊഴിലാളികൾക്കും എതിരായി മുതലാളിമാർ പ്രവത്തിച്ചിരിക്കുന്നതു് എങ്ങിനെയെല്ലാമാണെന്നുള്ള വസ്തുത വെളിക്കുവരാതിരിക്കുന്നതിനായിട്ടാണു് ഈ നിരോധനം ഏപ്പെടുത്തിയിട്ടുള്ളതു്. ഗവമ്മെൻറു ഈ വക കായ്യങ്ങളിൽ വളരെ ശുഷ്കാന്തിയായി പ്രവത്തിക്കുന്നുണ്ടെന്നുള്ളതിലേക്കു വേറെയും തെളിവുകൾ ഉണ്ടു്. ഈ സംഭവത്തിൽ ആകപ്പാടെ ൨ ൫ പേരെമാത്രമാണു് അറസ്ററു ചെയ്തിട്ടുള്ളതെന്നു് ബഹു. പോലീസു് മന്ത്രി പ്രസ്താവിക്കയുണ്ടായി. അതു തികച്ചും അടിസ്ഥാനരഹിതമാണു്. യഥാത്ഥത്തിൽ എത്ര പേരെയാണു് അറസ്ററു ചെയ്തിട്ടുള്ളതെന്നു് എനിക്കു സൂക്ഷ്മമായി പറയാൻ നിവൃത്തിയില്ലെങ്കിലും ഇതിനകം ൫൰ പേരെ അറസ്ററു ചെയ്തിട്ടുണ്ടെന്നാണു് എനിക്കു ലഭിച്ചുകൊണ്ടിരിക്കുന്ന അറിവിൽനിന്നും ഞാൻ മനസ്സിലാക്കുന്നതു്. ഇന്നലെയും ൩൰ പേരെ അറസ്ററു ചെയ്തിട്ടുണ്ടു്. ഈ ൩൰ പേർ യൂണിയനിലെ പ്രധാനപ്പെട്ട അംഗങ്ങളാണു്. ഇത്തരത്തിൽ പ്രധാനപ്പെട്ട അംഗങ്ങളെ, അതായതു് നേതാക്കന്മാരെയെല്ലാം അറസ്ററു ചെയ്തു ശിക്ഷിക്കയും തടങ്കലിലാക്കയും ചെയ്താൽ തൊഴിലാളികളുടെ ന്യായമായ അവകാശവാദങ്ങൾ പൊതുജനങ്ങളിൽ സമപ്പിക്കാനൊ അവരുടെ പിന്തുണ ലഭിക്കാനൊ സാധിക്കയില്ല. ഈ അറസ്ററുമൂലം കഴിഞ്ഞ ഏതാനും കൊല്ലങ്ങളായി കിട്ടിക്കൊണ്ടിരിക്കുന്ന ആനുകൂല്യംകൂടി തൊഴിലാളികൾക്കു കിട്ടാതിരിക്കുകയാണു് ചെയ്യുന്നതു്.

ശ്രീ. വി. ആർ. കൃഷ്ണൻ എഴുത്തച്ഛൻ: തൊഴിലാളികൾക്കല്ലാതെ മററുള്ളവക്കാക്കെങ്കിലും പൊതുയോഗം നിഷേധിച്ചിട്ടുണ്ടോ ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: തൊഴിലാളികൾ അവരുടെ അവകാശവാദങ്ങളിൽ ഉൾപ്പെട്ടിരിക്കുന്നതുകൊണ്ടാണ് അവരെ സംബന്ധിച്ചിടത്തോളം നിരോധനാജ്ഞ പുറപ്പെടുവിച്ചിട്ടുള്ളത്. സർ, നിരോധനാജ്ഞയും തൻമൂലമുണ്ടാകുന്ന അറസ്റ്റുകളും കായംകുളത്തു മാത്രമല്ലാ, ഇതു് ഇന്നും ഇന്നലെയും തുടങ്ങിയതുമല്ല. എവിടെവിടെ തൊഴിലാളികൾ അവകാശവാദങ്ങളുമായി മുന്നോട്ടുവരുന്നുവൊ, അവിടങ്ങളിലൊക്കെ പോലീസിനെ അഴിച്ചുവിട്ടു അറസ്റ്റും മർദ്ദനവും നടത്തുന്നതു് ഇന്നത്തെ കാൺഗ്രസ് ഗവൺമെൻറിന്റെ ഒരു നയമാണ്.

ശ്രീ. ഒ. സി. നൈനാൻ: കായംകുളത്തെ തൊഴിലാളികൾ ബലപ്രയോഗിച്ചതായി മെമ്പർക്കറിവില്ലേ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: എനിക്കറിവില്ല.

ശ്രീ. കെ. ഭാനു: ഈ തൊഴിലാളികൾ ഒരു പ്രത്യേക കക്ഷിയിൽ പെട്ടവരോ, അതോ, എല്ലാ കക്ഷിയിലും പെട്ട തൊഴിലാളികളുമാണോ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: ഒരു കക്ഷിയിൽ പെട്ടവർ മാത്രമല്ല.

ശ്രീ. ഒ. സി. നൈനാൻ: കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ പെട്ടവരല്ലേ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: അവരും ഉണ്ട്.

ശ്രീ. കെ. ഭാനു: അറസ്റ്റചെയ്ത കൂട്ടത്തിൽ കമ്മ്യൂണിസ്റ്റു പാർട്ടിയിൽ പെടാത്തവരും ഉണ്ടോ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: ഐ. എസ്സ്. പി. നേതാക്കന്മാരുമുണ്ട്. മററു നേതാക്കന്മാരുമുണ്ട്. സർ, ഇങ്ങനെ കഴിഞ്ഞ ഏതാനും കൊല്ലത്തെ കാൺഗ്രസ്സ് ഗവൺമെൻറിന്റെ തൊഴിലാളികളോടുള്ള നയം പരിശോധിക്കയാണെങ്കിൽ നിരോധനാജ്ഞയും അറസ്റ്റും തുടർച്ചയായി തുടർന്നുകൊണ്ടുതന്നെയിരിക്കുന്നു. ഈ നയം തുടരുന്നിടത്തോളം കാലം തൊഴിലാളികളുടെ ന്യായമായ അവകാശങ്ങളെ സംരക്ഷിക്കാൻ ഒരുവിധത്തിലും സാധിക്കയില്ലെന്നും, അതുകൊണ്ടു് ഈ സമ്പ്രദായം ഉടനടി അവസാനിപ്പിക്കുന്നതിനു ആവശ്യമായ നടപടികൾ ഈ സഭ സ്വീകരിക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ടു് പ്രമേയം അവതരിപ്പിച്ചുകൊള്ളുന്നു

ശ്രീ. ടി. കെ. ദിവാകരൻ: സർ, കായംകുളത്തു് നാലു വിഭാഗത്തിൽ പെട്ട തൊഴിലാളികൾ അവരുടെ അവകാശങ്ങൾക്കുവേണ്ടിയുള്ള സമരത്തിൽ ഏർപ്പെട്ടിരിക്കയാണ്. പച്ചത്തൊണ്ടുതൊഴിലാളികൾ, നാവികതൊഴിലാളികൾ, പച്ചത്തൊണ്ടു തൊഴിലാളികളിൽ അടുക്കുക, ഉണക്കുക ഈ ജോലിചെയ്യുന്ന തൊഴിലാളികളും, കശുവണ്ടിത്തൊഴിലാളികളിൽ കുറേപ്പേരെ പിരിച്ചുവിടുകയും അവരെ തിരിയെ എടുക്കുന്നതിനുവേണ്ടി മററൊരുകൂട്ടം ആളുകളും ഈ സമരത്തിൽ ഏർപ്പെട്ടിരിക്കയാണ്. അവരുടെ അവകാശവാദങ്ങൾ എന്തെല്ലാമാണെന്നുള്ളതിലേക്കു ഒരു വിശദീകരണം ഇപ്പോൾ ആവശ്യമില്ലെന്നു ഞാൻ വിചാരിക്കുന്നു. ഈ വക തൊഴിൽതക്കങ്ങളെ സംബന്ധിച്ചിടത്തോളം പോലീസിനു ഒരു കാരണവശാലും ഇടപെടേണ്ട ആവശ്യമില്ലായിരുന്നു. എന്നാൽ ഈ കാര്യത്തിൽ സംഭവിച്ചിട്ടുള്ള അറസ്റ്റിനും തന്മൂലമുണ്ടായ തടങ്കലിനും കാരണക്കാരൻ ഇപ്പോഴത്തെ

[Shri T. K. Divakaran]

പോലീസു മന്ത്രിയുടെ അനുജൻ ഒരു ടി. എം. ജാൺ ആയിരുന്നുവെന്നാണു്
എനിക്കു കിട്ടിയ അറിവു്. അനാവശ്യമായും അനധികൃതമായും നടന്ന
ഈ അറസ്ററുകൾ മന്ത്രിസഭയുടെ അറിവോടുകൂടിയാണെന്നുള്ളതു് തീർ
ച്ചയാണു്. തൊഴിലാളികളുടെ നേരെയുള്ള ഇത്തരം നിർദ്ദയമായ പെരു
മാററം പൊതുജനങ്ങൾ അങ്ങേയററംവരെ പ്രതിഷേധിച്ചിട്ടുള്ളതും മേലി
ലും പ്രതിഷേധിക്കേണ്ടവയുമാണു്. ഇന്നത്തെ പോലീസുമന്ത്രി ഭരണം
ഏറെറടുത്തു കഴിഞ്ഞതോടുകൂടി പോലീസുകാരുടെ കയ്യേററം രാജ്യത്തു്
അങ്ങോളമിങ്ങോളം പടർന്നുപിടിക്കാൻ തുടങ്ങിയിരിക്കയാണു്. ഈയി
ടെ കായംകുളത്തേക്കു സ്ഥലം മാററപ്പെട്ട ഒരു ചെല്ലപ്പൻപിള്ള, അദ്ദേഹം
അവിടത്തെ ഒരു സർക്കിൾ ഇൻസ്പെക്ടരാണു്, പൊതുജനങ്ങളിൽനിന്നും
ധാരാളം പരാതികൾ അദ്ദേഹത്തെപ്പററി ഉണ്ടായിക്കൊണ്ടിരുന്നിട്ടും അവ
യൊന്നും ഗവൺമെൻറു് ഗൗനിക്കുന്നതേയില്ല. ഈ സർക്കിൾ ഇൻസ്പെക്ടർ
തൊഴിലാളികളെ പലതരത്തിലുള്ള ദേഹോപദ്രവം ഏല്പിച്ചുവരികയാണു്
നിയമസമാധാനപാലകന്മാരായ പോലീസുകാർ ഈവിധ അക്രമങ്ങൾ
ചെയ്യുന്നതു്, ഗവൺമെൻറിന്റെ അറിവോടും നിർദ്ദേശത്തോടുംകൂടിയല്ലെ
ങ്കിൽ മറെറന്തുകൊണ്ടാണെന്നു ഞാൻ ചോദിച്ചുകൊള്ളട്ടെ. പണിമുട
ക്കിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ ജോലിചെയ്യാൻ താല്പര്യമുണ്ടെ
ങ്കിൽ അവരെ തടഞ്ഞുനിറുത്തി അറസ്ററു ചെയ്യുന്നതു ഒരിക്കലും ശരിയല്ല.
അവർ മുഖാന്തിരം പൊതുജനങ്ങൾക്കു വല്ല ഉപദ്രവവും നേരിടുകയാണെ
ങ്കിൽ അതിനെ തടയുന്നതു മനസ്സിലാക്കാൻ സാധിക്കും. നേരെമറിച്ചു
അവർ അവരുടെ അവകാശങ്ങൾക്കുവേണ്ടി മുറവിളി കൂട്ടുമ്പോൾ അവരെ
അറസ്ററു ചെയ്കയും പോലീസു മുതലാളിമാരുടെ പ്രേരണക്കു വശംവദ
രായി ദൂരസ്ഥലങ്ങളിൽനിന്നും കൂലിക്കാരെ കൊണ്ടുവന്നു് ജോലിയെടുപ്പി
ക്കയും ചെയ്യുന്നതിന്റെ ഔചിത്യം മനസ്സിലാക്കാൻസാധിക്കുന്നില്ല. നിയമ
സമാധാനത്തിന്റെ പേരിൽ ഇത്തരം നിരോധനാജ്ഞ പുറപ്പെടുവിച്ചി
രിക്കുന്നതു് പണിമുടക്കിനെ സംബന്ധിച്ചുള്ള യഥാർത്ഥവിവരങ്ങൾ പൊതു
ജനങ്ങൾ അറിയാൻ പാടില്ലെന്നുകരുതിയാണു്. ഒരുപക്ഷെ പൊതുയോ
ഗം കൂടിയിരുന്നാൽത്തന്നേയും വല്ല കുഴപ്പമോ, ബഹളമോ ഉണ്ടായാൽ
അങ്ങിനെ ബഹളം ഉണ്ടാക്കിയവരുടെ പേരിൽ വളരെ വ്യാപകമായ തര
ത്തിലുള്ള ശിക്ഷണ നടപടിയെടുക്കാൻ നമ്മുടെ പീനൽകോഡിൽ വ്യവ
സ്ഥ ചെയ്തിട്ടുണ്ടു്. പ്രത്യേകിച്ചും അവകാശവാദങ്ങൾക്കു വേണ്ടിയുള്ള സ
മരരംഗത്തു ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളേയും നേതാക്കന്മാരേയും നി
രോധനാജ്ഞമൂലം അറസ്ററു ചെയ്കയും ശിക്ഷിക്കയും ചെയ്യുന്നതു് തൊഴി
ലാളികളെ മുതലാളിമാർക്കു കയ്യുംകെട്ടി വരിഞ്ഞു നിർത്തി മർദ്ദനത്തിനു വി
ധേയമാക്കിക്കൊടുക്കുക എന്നാണു് ഞാൻ മനസ്സിലാക്കുന്നതു്. നിരോധ
നാജ്ഞ എന്നുള്ളതു്, ഡിസ്ട്രിക്ടു് മജിസ്ട്രേട്ടന്മാരുടെ ഒരു സ്ഥിരപരിപാടി
യായിത്തീർന്നിരിക്കയാണു്. അതേസമയം ഈ വക കാര്യങ്ങളിൽ ഗവ
ൺമെൻറിനു യാതൊരറിവുംതന്നെ ഇല്ലെന്നു പറയുന്നു. എനിക്കു പറയാനു
ള്ളതു്, മുൻകാലങ്ങളിലെ മന്ത്രിമാരെപ്പോലെ അറിയാൻ പാടില്ലെന്നു്
ഉറപ്പിച്ചു പറയാനുള്ള കാലമല്ലാ ഇതെന്നും മനസ്സിലാക്കേണ്ടതാണു്. ഒരു
പക്ഷെ ഡിസ്ട്രിക്ടു് മജിസ്ട്രേട്ടു സ്വാധികാരം പ്രയോഗിച്ചു് ഈവിധം നി
രോധനാജ്ഞ പുറപ്പെടുവിക്കയാണെങ്കിൽ അതിനെ തടയേണ്ടതു് ഈ
മന്ത്രിസഭയുടെ ചുമതലകൂടിയാണു്. ഇതൊരു ജനായത്തയുഗമാണു്. ഒരു

മന്ത്രിയോ ഒരു ഡിസ്ട്രിക്ട് മജിസ്ട്രേട്ടോ തോന്നിയതുപോലെ പ്രവർത്തിക്കാനുള്ള കാലമല്ലായിതു്. സർവ്വസ്വാതന്ത്ര്യങ്ങളും അനുവദിക്കപ്പെട്ടിരിക്കുന്ന ഈ കാലത്തു മനുഷ്യർക്കു സംഘടിക്കാനുള്ള സ്വാതന്ത്ര്യത്തെയോ സംസാരിക്കാനുള്ള സ്വാതന്ത്ര്യത്തെയോ ഒരു നിരോധനാജ്ഞമൂലം നിഷേധിക്കുകയാണെങ്കിൽ ഒരു പക്ഷെ ഞങ്ങൾക്കുതന്നേയും കായംകുളത്തു ചെന്നു് തൊഴിലാളികൾ ഉൾക്കൊള്ളുന്ന ഒരു പൊതുയോഗം വിളിച്ചുകൂട്ടി, തൊഴിൽ സംബന്ധമായ പണിമുടക്കുകൾ തീർക്കുന്നതിനെപ്പററി സംസാരിക്കാൻ സാധിക്കയില്ലല്ലൊ.

12 Noon.

തീർച്ചയായും അനവസരത്തിലുള്ള ഒരു നിരോധനമാണു് അവിടെ ഏർപ്പെടുത്തിയിട്ടുള്ളതു്. ഏതു സംഘടനകൾക്കും വ്യക്തികൾക്കും യോഗം ചേരുന്നതിനും പ്രകടനം നടത്തുന്നതിനും സ്വാതന്ത്ര്യമുണ്ടായിരിക്കേണ്ടതു് ഏററവും അത്യാവശ്യമാണു്. യോഗം ചേരുന്നതിനു നിരോധമുള്ള സ്ഥലത്തു് തൊഴിലാളികൾക്കു പ്രകടനം നടത്തുവാനുള്ള സ്വാതന്ത്ര്യത്തേയും ഗവൺമെണ്ടു നിഷേധിച്ചിരിക്കുകയാണു്. യോഗം ചേരുന്നതിനൊ പ്രകടനം നടത്തുന്നതിനൊ യാതൊരു മാർഗ്ഗവും ഇല്ലാതെ തൊഴിലാളികൾ എങ്ങിനെ അവരുടെ സമരം മുന്നോട്ടു കൊണ്ടുപോകുമെന്നുള്ളതു് ഈ സഭ ആലോചിക്കേണ്ടതാണു്. ആ അടിസ്ഥാനത്തിൽ ഈ നിരോധനം ഒരു തരത്തിലും ന്യായീകരിക്കാവുന്നതല്ല. ആരോ അക്രമം പ്രവർത്തിച്ചു എന്നുള്ളതുകൊണ്ടാണു് അവിടെ യോഗം ചേരുന്നതിനെ നിരോധിച്ചിരിക്കുന്നതു് എന്നാണു് ഞങ്ങളുടെ അറിവു്. ആരെങ്കിലും അവിടെ അക്രമം പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ അവരുടെ മേൽ നടപടി എടുക്കണം. അല്ലാതെ യോഗം ചേരുന്നതിനെ നിരോധിക്കയല്ല വേണ്ടതു്. ഏതെങ്കിലും തൊഴിൽതർക്കമുണ്ടായാൽ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം അതിൽ നിഷ്പക്ഷമായ ഒരു നില സ്വീകരിച്ചിരുന്നാൽ മതി. തൊഴിലാളികളും മുതലാളികളുംതമ്മിൽ തർക്കമുണ്ടാകുമ്പോൾ ഗവൺമെൻറ് തൊഴിലാളിയുടെ ഭാഗത്തു ചേർന്നു് തൊഴിലാളിക്കുവേണ്ടി വാദിച്ചു് തൊഴിലാളിക്കു് അവരുടെ കാര്യങ്ങളെല്ലാം നേടിക്കൊടുക്കണമെന്നുള്ള അഭിപ്രായം ഞങ്ങൾക്കില്ല. അങ്ങിനെയുള്ള സന്ദർഭങ്ങളിൽ നിയമസമാധാനം പാലിക്കേണ്ട ചുമതല മാത്രമേ ഗവൺമെൻറിനു് ഉണ്ടായിരിക്കുവാൻ പാടുള്ളു. തൊഴിൽകാര്യങ്ങളിൽ ഗവൺമെണ്ടു് ഒരു നിഷ്പക്ഷ നിരീക്ഷകനെപ്പോലെ നോക്കിയിരിക്കുന്ന ഒരു നില സ്വീകരിച്ചാൽമതി. ഏററവും ന്യായമായുള്ള തൊഴിൽകാര്യങ്ങളിൽ ഗവൺമെണ്ടു് ഇടപെട്ടാൽ അതു് ഒരു തീരുമാനത്തിലാക്കുവാൻ കഴിയും. പക്ഷെ ഈ കാര്യത്തിൽ അങ്ങനെയല്ലാ ചെയ്തിട്ടുള്ളതു്. തൊഴിലാളികളോടു വിപരീതമായ ഒരു മനോഭാവമാണു് ഗവൺമെൻറിൻെറ പോലീസുവകുപ്പിൽനിന്നു് അവിടെ എടുത്തിട്ടുള്ളതു് എന്നാണു് ഞങ്ങൾക്കു് അനുഭവമായിട്ടുള്ളതു്. തൊഴിൽകാര്യങ്ങളിൽ പോലീസ് ഇടപെടുന്നതിനെ നിശ്ശേഷം തടയേണ്ടതാണു്. ഇവിടെ ഒരു ലേബർ ഡിപ്പാർട്ടുമെൻറുണ്ടു്. ലേബർകമ്മീഷണർ ഉണ്ടു്. ലേബർ കമ്മീഷണർക്കു് തൊഴിൽതർക്കങ്ങളിൽ കൺസിലിയേഷൻ നടപടികൾ നടത്തുന്നതിനു് അധികാരമുണ്ടു്. എന്നാൽ തൊഴിൽതർക്കത്തിൽ ലേബർ കമ്മീഷണരെ രംഗത്തുനിന്നു മാററിനിറുത്തി പോലീസിനെ അതിൽ ഇടപെടുന്നതിനു് അനുവദിക്കുകയാണു് ചെയ്യുന്നതു്. ഇതു് ഒരുവിധത്തിലും ന്യായീകരിക്കാവുന്നതല്ല. തൊഴിൽകാര്യങ്ങളിൽ പോലീസ് ഇടപെട്ടു് തൊഴിലാളി

[Shri T. K' Divakaran]

പ്രവർത്തകരുടെ പേരിൽ മോഷണത്തിനും മററുമുള്ള കേസുവരെ എടുത്തിട്ടുള്ളതായി ഞങ്ങൾക്കറിയാം. ഇന്നലെ ഇവിടത്തെ ഒരു രാഷ്ട്രീയകക്ഷിയിലെ ഒരംഗം അവിടെ നിരോധനാജ്ഞ ലംഘിച്ചുകൊണ്ടു് അറസ്ററുവരിച്ചു എന്നാണു് അറിയുന്നതു്. അതു് ഇനി ആ കക്ഷിയിലുള്ള ആളുകൾ തുടന്നു കൊണ്ടുപോയേക്കാം. കമ്മ്യൂണിസ്ററുപാർട്ടിയും ആർ.എസ്.പി.യും അവിടെ നിയമലംഘനത്തിനു് തയ്യാർ ആയിരിക്കുകയാണു്. ഐ.എസ്.പി.യിലെ അംഗങ്ങൾ ആരെങ്കിലും അവിടെ നിയമലംഘനം ചെയ്യുന്നപക്ഷം ഈ കാര്യത്തിൽ ആ കക്ഷി വേണ്ട നടപടികൾ എടുക്കുന്നതാണു്. അതുകൊണ്ടു് ഉടനെതന്നെ ബഹുമാനപ്പെട്ട ഗവമ്മെൻറു് ഈ നിരോധനം നീക്കം ചെയ്യേണ്ടതാണു്. അതോടുകൂടി തൊഴിലാളി രംഗത്തു് അനവസരത്തിലുള്ള പോലീസിൻെറ ഇടപെടലും നിറുത്തണം. തൊഴിലാളികൾക്കു് അവരുടെ സംഘടനകൊണ്ടും മുതലാളിക്കു് അദ്ദേഹത്തിൻെറ കഴിവുവച്ചുകൊണ്ടും തക്കകാര്യങ്ങൾ തീക്കുന്നതിനു് ഒരവസരം നൽകണമെന്നാണു് എനിക്കു ഗവമ്മെൻറിനോടു് അപേക്ഷിക്കുവാനുള്ളതു്. ഈ ഗവമ്മെണ്ടു് തീർച്ചയായും തൊഴിൽരംഗത്തുനിന്നും പോലീസിനെ പിൻവലിക്കേണ്ടതാണു്. പ്രത്യേകിച്ചും ഈ സക്കിൾ ഇൻസ്പെക്ടറെ അവിടെനിന്നും മാററിയെങ്കിൽമാത്രമേ തൊഴിലാളികളെ സംബന്ധിച്ചുള്ള കാര്യങ്ങളിൽ പോലീസ് ഇടപെടാതിരിക്കുവാനുള്ള ഒരവസരം അവിടെ ഉണ്ടാകയുള്ളു. അതുകൊണ്ടു് വളരെ വേഗത്തിൽതന്നെ പോലീസിൻെറ ഇടപെടലും നിരോധനാജ്ഞയും അവിടെനിന്നുമാററി തൊഴിലാളികൾക്കും മുതലാളികൾക്കും അവരുടെ സംഘടനാശക്തികൊണ്ടു് അവരുടെ ന്യായമായ അവകാശവാദങ്ങൾ കൂട്ടായി വിലപേശി പറഞ്ഞുതീക്കുന്നതിനുള്ള ഒരവസരം ഉണ്ടാക്കണമെന്നാണു് എനിക്കു് ഈ അടിയന്തിരപ്രമേയത്തെ പിൻതാങ്ങിക്കൊണ്ടു് പറയാനുള്ളതു്. ലേബർ ഡിപ്പാർട്ടുമെൻറിനു് ഈ കാര്യത്തിൽ അടിയന്തിരമായി ഇടപെട്ടു് രഞ്ജകമായ ഒരു തീരുമാനം ഉണ്ടാക്കുവാൻ ഗവമ്മെണ്ടു നിർദ്ദേശം കൊടുക്കേണ്ടതുമാണു്. കായംകുളത്തു് കഴിഞ്ഞ പത്തുദിവസമായി നടക്കുന്നു എന്നറിയപ്പെടുന്ന സമരം ഇന്നും നടക്കുന്നുണ്ടെന്നു് ഞാൻ വിശ്വസിക്കുന്നു. ഈ രാജ്യത്തെ കയർ വർക്കേഴ്സിൻെറ കാര്യങ്ങൾ ഗവമ്മെണ്ടു ശ്രദ്ധിക്കാത്തതിനാൽ ശ്രീ. ശ്രീകണ്ഠൻ നായർ സെക്രട്ടറിയേററിൻെറ മുമ്പിൽ നിരാഹാരസത്യാഗ്രഹം ചെയ്യുവാൻ പോകുന്നതായി ഇന്നത്തെ പത്രത്തിൽ കാണുന്നു. തൊഴിലാളികളുടെ കാര്യങ്ങളിൽ ഗവമ്മെണ്ടു വേണ്ടുവോളം ശ്രദ്ധിക്കുന്നില്ലെന്നുള്ളതിൻെറ പേരിലാണു് അദ്ദേഹം സത്യാഗ്രഹം നടത്തുവാൻ പോകുന്നതു്. ലേബർ ഡിപ്പാർട്ടുമെൻറു് തൊഴിൽതക്കങ്ങളിൽ കാര്യമായി ഇടപെടാത്തതുകൊണ്ടാണു് ഇങ്ങനെയുള്ള കുഴപ്പങ്ങൾക്കു ഇടയാകുന്നതെന്നുള്ള സംഗതി ലേബർ മന്ത്രിയുടെ ശ്രദ്ധയിൽ ഞാൻ പെടുത്തിക്കൊള്ളുന്നു.

ஸ்ரீ. டி. எஸ். ராமஸ்வாமி பிள்ளை: ஸர், நான் இந்த அவசரப் பிரேரணையை ஆதரிக்கிறேன். காயங்குளத்தில் 56 தொழிலாளிகள் கைது செய்யப்பட்டிருக்கிறார்கள் என்றால் அது எதற்காகவென்று நாம் பார்க்கவேண்டும். இரண்டு தினங்களுக்கு முன் ஆல்வாய் அழகப்பா மில்லிலிருந்து பல தொழிலாளிகளை அகற்றிவிட்டார்கள் என்று ஒரு தீர்மானம் இங்கு வந்தது. இன்னும் ஆலப்புழையிலிருந்தும் கொல்லத்திலிருந்தும், மணவாளக்குறிச்சியிலிருந்தும், நாகர்கோவிலி

லிருந்தும் மற்ற இடங்களிலிருந்தும் தினம் தினம் தொழிலாளிகளை தொழிற் ஸ்தாபனங்களிலிருந்து வெளியில் தள்ளிக்கொண்டு வருகிறார்கள் என்பதை நாம் கேட்கிறோம். இவ்விதம், கன்னியாகுமரி உப்பளம் முதல் ஆல்வாய் அழகப்பா மில் வரையில் தொழிலாளிகளை காரணமில்லாமல் வெளியில் தள்ளுவதும், டிரான்ஸ்போர்ட் தொழிலாளிகளுக்கு அவர்களுக்கு நியாயமாக கிடைக்கவேண்டிய அவகாசம் மறுக்கப்படுவதும், இது போதாது என்று தொழிலாளிகளின் மேல் அடக்குமுறையும் தாண்டவமாடுகிறது. நிதி மந்திரி சொன்னார்கள்—அழகப்பா மில்லிலிருந்து யாரையும் நீக்கவில்லை என்று. நான் சொல்லிக்கொள்வது, உண்மையில் 950 தொழிலாளிகள் அந்த மில்லிலிருந்து நீக்கப்பட்டிருக்கிறார்களென்று. தற்போது வந்திருக்கும் பிரேரணையும் தொழிலாளிகள் துயரைப்பற்றியதே. ஆலப்புழை பிரதேசங்களில் 40,000, 50,000 கயிறு தொழிலாளர்கள் வேலையின்றி திண்டாடுகிறார்கள்.

ஸார், நான் ஒரு பெரிய பலாத்காரவாதி என்று ஒருவரும் நம்ப மாட்டார்கள். எனது மதிப்பிற்குரிய இங்கு வீற்றிருக்கும் மந்திரிகளும் நம்பமாட்டார்கள். சில தினங்களுக்கு முன் தென் திருவிதாங்கூரில் உப்பளத் தொழிலாளர்கள் தங்களுக்கு நியாயமாகக் கிடைக்கவேண்டிய சம்பளம் கிடைக்காமல் போகவே வேலை செய்ய மறுத்து சத்தியாகிரஹம் செய்தனர். இத்தொழில் தகராறைத் தீர்த்துவைக்க தொழில் மந்திரி தயாராகயில்லை. ஆனால் எல்லா இதர முதலாளிகளும் சம்மதித்து அமுல் நடத்தும் ஒப்பந்தப்படி நடக்க இயலாது என்று சண்டித்தனம் செய்தனர் சில சோட்டா முதலாளிகள்: அரசாங்கம் இத் தகாறை நியாயமாக தீர்த்துவைக்க முயற்சி எடுக்கவில்லை. ஆனால் அதற்கு நேர்மாறாக இந்த முதலாளி அரசாங்கம் முதலாளிகளை சகாயிப்பதற்காக என்னையும் இன்னும் 150 தொழிலாளர்களையும் அரஸ்டு செய்து கொண்டுபோய், லாக்கப்பில் வைத்து தொழிலாளர்களை ஹிம்சித்தார்கள் என்று சொல்லிக்கொள்கிறேன். தொழிலாளிகள் தங்களது நியாயமான அவகாசத்தைக் கேட்டால், அதற்காக அவர்களைப் பிடித்து அரசாங்கம் லாக்கப்பில் வைக்கவும், ஹிம்சிக்கவும், செய்வது நியாயமா? தொழிலாளர்கள் ஜனசமுதாயத்தினர்களுக்கு உடை, உணவு இன்னும் மற்ற சௌகரியங்களை தங்கள் உழைப்பினால் செய்து கொடுக்கிறார்கள். இத்தொழிலாளர் பிரச்னைகள் தீர்ந்தால்தான் உணவு பிரச்னை தீரும். இவர்கள்மேல் 144 என்றும், மற்ற அடக்குமுறைச் சட்டங்களை பிரயோகித்தால் அவர்களால் நாட்டிற்கு என்ன செய்ய முடியும்? எத்தனையோ ஆயிரம் தொழிலாளிகள் தொழில்களில் ஈடுபட தயாராயிருக்கிறார்கள். அவர்களுக்கு வேலை கொடுக்க வேண்டியது அரசாங்கத்தின் பொறுப்பு. தொழில் இல்லையானால் அவர்கள் எப்படிப் பிழைப்பார்கள். இது ஒருபுறமிருக்க, வேலையிலுள்ளவர்களையும் தள்ளிவிட்டால் நாட்டில் தொழிலாளிகளினிடையில் தொழிலின்மை பெருகி, அமைதியே நிலவாது. தொழிலாளர்களுக்கு போனஸ், விடுமுறை, மற்ற சௌகரியங்கள் செய்து கொடுக்கவேண்டுமென்று போதிய சட்டங்கள், Trade Union Act, Factory Act முதலியன இருந்தாலும், தொழிலாளர்களுக்கு நியாயமாக கிடைக்கவேண்டிய உரிமைகள் மறுக்கப்படுகின்றன. அரசாங்கம் முதலாளி பக்கம்.

[Shri T. S. Ramaswami Pillai]

ஸர், நமது டிரான்ஸ்போர்ட் தொழிலாளிகளை எடுத்துக்கொள்வோம். இதில் நமது அரசாங்கந்தான் ஒரு முதலாளி. அந்த முதலாளி, தொழிலாளிச் சட்டங்களை எப்படி நடத்துகிறது என்று பார்ப்போம். Factory ஆக்டில் ஒரு தொழிலாளி இருபது நாள் வேலை செய்தால் ஒரு நாள் சம்பளத்துடன் லீவ் கொடுக்கவேண்டுமென்றிருக்கிறது. அப்படிக் கொடுக்கப்படவில்லையானால் அந்த முதலாளிமேல் நடவடிக்கை எடுக்கலாம். இந்த அரசாங்கமே இச்சட்டத்தை மீறினால் நாம் யார்மேல் நடவடிக்கை எடுக்கவேண்டும். ஸர், இந்தமாதிரி சட்டத்தை மீறிய அநேகம் முதலாளிகளுண்டு. ஆறுமாதம், ஒரு வருஷமானாலும் அவர்கள் மேல் யாதொரு நடவடிக்கையும் இந்த அரசாங்கம் எடுக்காமல், அவர்களுக்கு மேலும் வேண்டிய சலுகைகள் செய்து கொடுத்துக்கொண்டிருக்கிறது இவ்வரசாங்கம். ஸர், டிரான்ஸ்போர்ட் டிப்பார்ட்மென்றில் 30, 40 ரூபாய் சம்பளம் வாங்கும் தொழிலாளிகள் இருக்கிறார்கள். உதாரணமாக, நாகர்கோயில், அவர்களின் சொந்த ஊர்களிலிருக்கிறார்கள். அவர்களை ஆல்வாய்க்குப் போ என்று சொல்லி, மாற்றுகிறார்கள். ஸர், இந்த சொல்ப சம்பளத்தை வைத்துக்கொண்டு தங்கள் குடும்பத்துடன் உபாய ஜீவனம் செய்பவர்களை அயலூர்களுக்கு மாற்றினால் அவர்களதும், அவர்களது குடும்பங்களுடையவும் கதி என்ன? இன்னும் அவர்கள் கூட்டங்கள் கூடக்கூடாது, பேசக்கூடாது கூட்டங்களுக்குப்போகக்கூடாது. இன்னும் இவர்களது நடவடிக்கைகளை கவனிக்க ஸி.ஐ.டி. கள். பழி வாங்குவதற்கு அரசாங்கம் சதி செய்கிறது. அரசாங்கத்தின் கொள்கை. தற்போது இதுவாகத்தானிருக்கிறது. அரசாங்கத்திற்கு உண்மையாக தொழிலாளர்களுக்கு நியாயம் வழங்கவேண்டுமென்றிருக்குமானால், அவர்களது அடக்குமுறைகளை நிறுத்தவேண்டும். முதலாளிக்கும் தொழிலாளர்களிடம் அநுதாபம் காட்டி அவர்களது கோரிக்கைகளை கவனிக்கவேண்டும். தினம் suspension, dismisal என்று நடந்துகொண்டேயிருந்தால் தொழிலாளி உலகம் எப்படி உய்யும். தொழிலாளர்களிடம் எப்படி முதலாளிகள் நடந்துகொள்கிறார்களோ அதேபோல்தான் அரசாங்கமும் நடந்துகொள்கிறது. இந்த அரசாங்கத்தில் லேபர் டிப்பார்ட்மென்ட் என்று ஒன்றிருக்கிறது. இந்த டிப்பார்ட்மென்டை Capitalists' Department என்று பேரிடட்டும். தொழிலாளி சட்டங்களிருந்தும், நாகர்கோவிலில் தொழிலாளிகளுக்கு ஒன்றும் செய்ய முடியாது, சங்கங்களை வைத்துக்கொள்ள முடியாது. தொழிலாளி சட்டம் 33 ஏ. பிரிவை மீறிய எத்தனையோ முதலாளிகளிருக்கிறார்கள். அவர்கள் பேரில் action எடுத்திருக்கிறார்களா? Action எடுத்த முதலாளிகளை என்ன செய்தார்கள்? பயோனியர் முதலாளி பேரில் action எடுத்தார்கள். இரண்டு வருஷங்களாகின்றன. இந்த முதலாளிக்கு என்னமெல்லாம் சௌகரியம் செய்து கொடுக்கலாமோ அவைகளை இந்த அரசாங்கம் செய்து கொடுக்கிறது. எவ்வளவும் கூடுதல் காலம் இந்த கேசை தள்ளிக்கொண்டு போகலாமோ அவ்வளவும் இந்த முதலாளிக்கு நல்லது. அதே நோத்தில் பழி வாங்கப்பட்ட தொழிலாளர்கள், அநீதி இழைக்கப்பட்ட தொ

ழிலாளர்கள் இன்னும் வேலையின்றி திண்டாடுகிறார்கள். ஸர் தற்போது தான் Public Safety measures Act வந்திருக்கிறது. தற்பொழுதுள்ள தொழிற் சட்டங்கள் போதுமானதாயில்லை. இருந்தபோதிலும், இதை வைத்துக்கொண்டு பாட்டாளிகளுக்கு எவ்வளவோ நன்மைகள் செய்ய முடியும் மனமிருந்தால். ஆனால் இந்த சட்டங்கள் எல்லாம் முதலாளித்துவ நலன்களுக்காக உபயோகப்படுகிறது. தொழிலாளர்கள்மீது அடக்குமுறை பிரயோகிக்கப்படுகிறது. 1937-ல் கூட, Public Safety Act போன்ற சட்டங்கள் இல்லாதபோது கூட, ராஜாஜி 144 செக்ஷனை உபயோகித்தார்கள், மதுரைக்கடுத்த பசுமலை ஊரில்: இப்பொழுது காயங்குளத்தில் செய்திருப்பதுபோல் தொழிலாளிகளுக்கு எதிராக அல்ல. சண்டித்தனம் செய்த மில்முதலாளிக்கு எதிராக ஸர், தொழிலாளி பிரச்னை என்பது ஜனங்களின் பிரச்னை. அதை நியாயமாக தீர்த்தால் அல்லாது தீராது. உங்கள் பட்ஜெட்டில் nation building க்கு பணம் ஒதுக்கியிருக்கிறீர்களா? தொழிலாளி சமூகத்தை சீர்படுத்த ஏதாவது திட்டம் வகுத்திருக்கிறீர்களா என்று கேட்கிறேன். இந்த மாதிரி திட்டங்களை நீங்கள் வகுக்கவில்லையானால் நமது நாட்டில் வேலையில்லாத் திண்டாட்டமிருக்குமேயொழிய, நமது நாட்டில் அமைதியின்மை ஏற்பட்டுக்கொண்டிருக்குமேயொழிய சமாதானம் நிலவாது என்று சொல்லிக்கொண்டு இத்தீர்மானத்தை ஆதரிக்கிறேன்.

Shri J. T. Moraes: Sir, there are two allegations in this Adjournment Motion. The first is that certain members of a Trade Union numbering about 50 have been arrested. The second allegation is that the District Magistrate of Quilon has prohibited meetings for 15 days. On the face of it, Sir, nothing illegal appears to have happened or committed by the Police or the District Magistrate. Neither have I been able to make out anything illegal or wrong from the speeches made on the floor of this House. I am at a loss to understand therefore the necessity for a motion of this kind to be moved in the House. Why these Trade Union workers were arrested? Obviously because they took the law into their own hands. It is true that they have been arrested. And, they have been convicted. Yes, Sir, a Judicial Tribunal has convicted them. Is it wrong on the part of the Magistrate to convict them? If they broke the law, should they not be arrested and convicted? Sir, we all want Trade Unions to flourish, and the workers protected. If they take the law into their own hands they should face the legal consequences. This House cannot say that such a thing ought not to have been done.

I should have been most glad if the mover of the resolution had brought before this House the charge-sheet presented before the Magistrate who convicted these Trade Union Workers. Evidently, no appeal has been preferred,

Then, Sir, there is the question of prohibiting meetings for fifteen days. The District Magistrate has got certain discretions vested in him. He is the officer mainly responsible for maintaining peace in his district. When he found that there was danger to peace he exercised his discretion, and prohibited public meetings for a limited period of 15 days. This affects not only the Trade Union Workers but members of other parties also. There is nothing

[Shri J. T. Moraes]

wrong in what the District Magistrate has done. I do not see the propriety for a motion like this and I ask why we should discuss this motion at all here. If there was some palpable wrong committed then we could discuss the question. When one goes through the motion as it is, and listens to the speeches made on the floor of this House one fails to make out a reason for tabling such a motion here. Therefore, in my humble opinion I should say that there is nothing to be discussed with regard to this resolution here. So, I oppose the motion.

Shri. P. S. Nataraja Pillai: Sir, my hon. Friend Mr. J. T. Moraes has doubts as to what purpose a motion of this kind serves. It is that observation which prompted me just to make a few remarks on the matter. Sir, after all, this motion, and the industrial unrest that we are facing in the country, and the labour unrest that we see today—are all the symptoms of the times, which the Government ought not to forget. Sir, already the slump has come. Speculators' profit has gone. The profiteering habit of capitalists is becoming sensitive. Sir, when the economic curve has begun to fall the wage claim and the wage bill is bound to be affected, and at every stage when profit is diminishing the capitalist will try to avoid his reasonable liabilities. Sir, why I say this is because we find today labour unrest not only at Kayamkulam where it has taken an acute form, if what is stated in the statements given out here is true, at Alwaye also the same thing is happening, and it is seen at Trichur, it is here at Nagercoil too. So, Sir, it is the duty of Government to face the situation squarely and deal with it with a sense of responsibility at the present moment. The right of the Labour cannot be treated lightly. On account of the economic changes that have come, unemployment has set in. And, naturally Government is bound to face some difficulties as far as their financial resources are concerned. Here we want to carry on a progressive administration and to have a society where peaceful life is possible. Sir, people starving, people faced with difficulties are not going to suffer the pangs of starvation because Law and Order is written with a capital letter. Sir, human beings as they are they will fight for their rights and when those rights are based upon their primary necessities they will not flinch from it. Sir, what is the difficulty that we hear today. Bonus, which the labour is entitled to is denied and to get their legitimate right they resort to legal strikes. When legal labour strikes have been called by labour associations or Unions, whatever it may be, the guardians of Law and Order have no other duty but to maintain peace. If there is actually a breach of peace then, certainly the guardians of Law and Order are in duty bound to restore peace and order. But as long as a strike is not declared illegal, as long as in a Labour dispute or Trade dispute organised Labour can resort to legal strike in a peaceful manner, I cannot understand why the Law and Order of Government should be set in motion to create an unnatural situation to complicate the issue. Sir, as a matter of fact, these problems that face us are really dangerous and I sound a note of warning to the Government and to the people as well that unless the situation is faced with a sense of responsibility on both sides we will have hard times ahead. It is the duty of the capitalists as well as the Labour to discharge their rights and responsibilities fairly and not to take undue advantage of the situation in which they are placed by circumstances, or rather world conditions. A slump has set in and the profits which the capitalists were making are diminishing. That is no reason to deny the legitimate rights of the Labour. Labour is entitled to their rights.

When any party takes the initiative in denying the right of the other party, Law and Order must be there to protect the weaker party. For instance, a factory which employes two or three thousand men, on account of slump or on account of the difficulties of marketing their finished products, close down. What is the prospect of the labour employed there? All the three thousand people are thrown out of employment and if the factory remains closed, is it not the duty of the Government to see that the situation does not continue which creates hardship to a vast section of the people.

Sir, labour unrest by itself cannot be isolated. It will have reactions on the society as a whole. Therefore, I say, Sir, this adjournment is very opportune and it gives a kind of notice to the Government and the people as well that dangerous times are ahead. It is for this House and the Government to take notice of that fact and do whatever is in their power to settle labour disputes and to give relief to the maximum extent possible to the people who are suffering. The law should be enforced with fairness without taking sides and we should maintain law and order without violating justice. Sir, when you seek to maintain law and order, there should not be the feeling that it is being done to help a particular section whether it be the Capitalist or the Labour. There must be the strictest impartiality. In this case, Sir, what I feel is that as long as the Labour Department and the Government have not taken notice of it and declared the strike to be illegal, the Law and order Department had no business to take sides and enforce the rights of the so-called Capitalists denying the rfghts, equally valid rights, of the Labour. This attitude is wrong. We must face the situation in its actualities and see that things are adjusted without allowing it to degenerate into a form which will be dangerous to the State.

ശ്രീ. ആർ. സുഗതൻ: ഈ അടിയന്തിരപ്രമേയത്തെ വളരെ ശക്തിയായി ഞാൻ പിൻതാങ്ങുന്നു. കായംകുളത്ത് പച്ചത്തൊണ്ടു തൊഴിലാളികൾ, അവരുടെ ന്യായമായ അവകാശങ്ങൾ സാധിച്ചുകിട്ടുന്നതിനും, ബോണസ്സ് അനുവദിച്ചുകൊടുക്കുന്നതിനുമായി മൂന്നാഴ്ചകൾക്കു മുൻപുതന്നെ പ്രമേയങ്ങൾ പാസാക്കുകയും മുതലാളിമാരേയും ലേബർ ഡിപ്പാർട്ടുമെൻറിനേയും വിവരം അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഈ കാലയളവിൽ അതിനു യാതൊരു പരിഹാരവുമുണ്ടാകാത്തതുകൊണ്ട് അവർ പണിമുടക്കുവാൻ നിർബന്ധിതരായതാണ്. അതിനുശേഷം പല അറസ്റ്റുകളും നിരോധനങ്ങളുമുണ്ടായി. അതിനു ചുമതലക്കാർ യഥാർത്ഥത്തിൽ ഗവർമ്മെൻറുദ്യോഗസ്ഥന്മാരാണ്, തൊഴിലാളികളല്ലെന്നാണ് എനിക്കു പറയുവാനുള്ളത്. സാധാരണയായി ട്രേഡുയൂണിയൻ സംഘടനകൾ തീരുമാനിച്ചു കാര്യങ്ങൾ മുതലാളികളേയും ഗവർമ്മെൻറിനേയും ധരിപ്പിച്ചുകഴിഞ്ഞിട്ട്, ആഴ്ചകളും മാസങ്ങളും കഴിഞ്ഞാൽതന്നെയും അവയ്ക്കൊരു തീരുമാനമുണ്ടാകാതിരിക്കുന്നതുകൊണ്ടാണ് തൊഴിലാളികൾ പണിമുടക്കുവാൻ മുതിരുന്നത്. അല്ലാതെ അവർ ആർ.എസ്.പി.യുടേയൊ, കെ.എസ്സ്.പി.യുടേയൊ, ഐ.എസ്സ്.പി.യുടേയൊ, കമ്മ്യൂണിസ്റ്റുപാർട്ടിയുടേയൊ അംഗങ്ങളായതുകൊണ്ടോ അവരുടെ പ്രേരണകൊണ്ടോ അല്ല. ഇക്കൂട്ടത്തിൽ ഏററവും പ്രാധാന്യം അർഹിക്കുന്ന ഒരു സംഗതി ഇവിടെ പറയേണ്ടതുണ്ട്. കയർ വ്യവസായത്തിനു പുരോഗതിയുണ്ടാക്കുന്നതിനുള്ള ശ്രമങ്ങൾക്കിടയിൽ ഞങ്ങൾ ലേബർമന്ത്രിയെ കണ്ടപ്പോൾ രണ്ടാഴ്ചത്തെ കാലയളവു ആവശ്യമാണെന്നാണ് പറഞ്ഞിരിക്കുന്നതു്. വ്യവസായമാന്ദ്യം വർദ്ധിച്ചിരിക്കുന്ന

[Shri R. Sugathan]

ഈ അവസരത്തിൽ ഈ പച്ചത്തൊണ്ടുമുതലാളിമാർ, കയർപിരിപ്പുമുതലാളിമാർ ഇവരെല്ലാം കൂലി കുറയ്ക്കുകയും മററ അക്രമപ്രവൎത്തനങ്ങൾ തൊഴിലാളികളുടെ മേൽ നടത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. ഈ അവസരത്തിൽ തങ്ങൾക്കു ജീവിക്കുന്നതിന് ബോണസെങ്കിലും തരണമെന്ന് പച്ചത്തൊണ്ടുമുതലാളികളോടാവശ്യപ്പെട്ടപ്പോൾ അവർ അതിനു തയ്യാറാകാതിരിക്കുകയും തന്മൂലം തൊഴിലാളികൾ പണിമുടക്കുവാൻ ഇടയാവുകയും ചെയ്തിട്ടുള്ളതാകുന്നു. അടിസ്ഥാനപരമായി തൊഴിലാളികൾക്കു ലഭിക്കുന്ന കൂലികൊണ്ടു അവൎക്കു ജീവിക്കുവാൻ നിവൃത്തിയില്ലാതെ ബോണസ് ആവശ്യപ്പെട്ടപ്പോൾ അതു കൊടുക്കാത്തതുകൊണ്ടുമാത്രമാണ് ഈ സമരം നടത്തുന്നതു്. ജീവിക്കുന്നതിനാവശ്യമുള്ള കൂലിയും, അതിനെ അടിസ്ഥാനമാക്കിയുള്ള ബോണസും ആവശ്യപ്പെടുന്നതിനു തൊഴിലാളികൾക്കു അവകാശമുള്ളതാണ്. എന്നാൽ കായംകുളത്തു പച്ചത്തൊണ്ടു തൊഴിലാളികൾ അക്രമം പ്രവൎത്തിച്ചെന്നും ജോലിചെയ്യാൻവന്ന തൊഴിലാളികളെ ഉപദ്രവിച്ചുവെന്നുംമററും പച്ചത്തൊണ്ടുവ്യവസായത്തിലേർപ്പെട്ടിരിക്കുന്ന മുതലാളിമാർ പറഞ്ഞുപരത്തിയിരിക്കുന്നു. വ്യവസ്ഥാപിതമായി നടത്തുന്ന പണിമുടക്കുകളെ ബലാൽക്കാരമായി തടയുന്ന മുതലാളിമാരാണ് നിയമലംഘനം ചെയ്യുന്നതു്.

അതുപോലെതന്നെ ഈ രാജ്യത്തെ തൊഴിലാളി പ്രവൎത്തനങ്ങൾ നിയന്ത്രിക്കുന്നതിനായി ലേബർ ഡിപ്പാർട്ടുമെൻറും ഗവൺമെണ്ടും മുതിരുകയാണെങ്കിൽ യാതൊരുവിധമായ തൊഴിലാളിക്കുഴപ്പങ്ങൾക്കും ഇടയാകാതെ കൊണ്ടുപോകാൻ കഴിയും. പിരിച്ചുവിടലും ലാക്കൌട്ടും മുതലാളിമാർ ഇന്നും നടത്തിവരികയാണ്. ഇരിഞ്ഞാലക്കുടയിൽ പുല്ലൂർ-ആളൂർ കശുവണ്ടിതൊഴിലാളികൾ ഇന്നു സത്യാഗ്രഹം തുടങ്ങിയിട്ട് എഴുപതു ദിവസമായി. അവിടെ മുതലാളി ഫാക്ടറി ലാക്കൌട്ട് നടത്തിയിരിക്കുകയാണ്. അതുപോലെതന്നെ കല്ലടയിലും ഓട്ടുകമ്പനിയിൽ നാലുദിവസമായി സത്യാഗ്രഹം നടക്കുന്നു. കൊല്ലത്തു് എ.ഡി. കാട്ടൺമില്ലിൽ പണിമുടക്കു നടത്തുന്നുണ്ട്. അങ്ങനെ പണിമുടക്കുകളും ലാക്കൌട്ടുകളും ധാരാളം നടന്നുകൊണ്ടിരിക്കുന്നു. ഇതു മററു സംഘടനകളുടെ കുത്തിത്തിരിപ്പുകൊണ്ടു ഉണ്ടാകുന്നതല്ല. ഇന്നു കിട്ടുന്നകൂലികൊണ്ട് ജീവിക്കുവാനുള്ള സാഹചര്യങ്ങളില്ലാത്തതിനാൽ തൊഴിലാളികൾക്കു സമരം നടത്താതെ നിവൃത്തിയില്ല. അല്ലെങ്കിൽ അവർ മോഷ്ടിക്കാൻ പോകണം. അദ്ധ്വാനിച്ചുപണിയെടുക്കുന്നവൎക്ക് മാനമായി ജീവിക്കുന്നവൎക്ക് അതു് സാദ്ധ്യമല്ല. ജീവിതാവശ്യങ്ങൾ നിറവേററുന്നതിനുള്ള അവകാശങ്ങൾ ഒരു സമരംവഴിഅവർ ഭരണകക്ഷിയെ അറിയിക്കുകയാണ്. അങ്ങനെ ചെയ്യുന്നതിൽ അവരെ കുററപ്പെടുത്തുന്നതെന്തിനാണെന്നും, അവരെ ഒററപ്പെടുത്തുന്നതെന്തിനാണെന്നും മനസ്സിലാകുന്നില്ല.

തൊഴിലാളികളുടെ അവശതകൾ പരിഹരിക്കുതിന് കാലതാമസം വരുത്തിയിട്ട് അവൎക്കു യാതൊരു ഗത്യന്തരവുമില്ലാതെവരുമ്പോൾ ഒരു സമരത്തിനായി മുതിരുന്ന അവസരത്തിൽ അവരെ ഒററപ്പെടുത്തി മർദ്ദനത്തിനു വിധേയരാക്കുന്നതിന്റെ അൎത്ഥം എന്താണെന്നു മനസ്സിലാകുന്നില്ല. അവൎക്കു പണിമുടക്കിനും, പിക്കററിംഗിനും, സത്യാഗ്രഹത്തിനും അവകാശമുള്ളതാണ്. കായംകുളത്തെ പച്ചത്തൊണ്ടു തൊഴിലാളികൾ അതേ ചെയ്തിട്ടുള്ളു. തൊഴിൽത്തൎക്കങ്ങൾ ഉണ്ടാകുന്ന അവസരങ്ങളിൽ അതൊരു അ

ഡ്ജൂഡിക്കേഷനായി വിടുന്ന ഒരു പതിവ് ഈ ഗവണ്മെണ്ടിനുണ്ട്. ഇങ്ങനെ അഡ്ജൂഡിക്കേഷനു വിട്ട കേസുകൾ രണ്ടുരണ്ടരകൊല്ലമായിട്ടും യാതൊരു തീരുമാനവും ചെയ്യാതെ കിടപ്പുണ്ട്. അഡ്ജൂഡിക്കേഷനു വിടുന്നതുതന്നെ മുതലാളികളെ സഹായിക്കുന്നതിനുവേണ്ടി മാത്രമാണ്. തൊഴിലാളികൾ ഇനിയും അഡ്ജൂഡിക്കേഷന്റെ തീരുമാനം കാത്തുനില്ക്കാതെ പണിമുടക്കിൽ ഏർപ്പെടുമെന്നു ഗവമ്മെന്റും മുതലാളിമാരും മനസ്സിലാക്കേണ്ടതാണ്. അഡ്ജൂഡിക്കേഷനുണ്ടാകുന്ന കാലതാമസംമൂലം, ട്രെയിഡുയൂണിയൻ സംഘടനകളിൽ തൊഴിലാളികൾക്കുള്ള വിശ്വാസം കുറഞ്ഞുവരികയാണ്. അതിനുവേണ്ടിയാണ് ഈ അഡ്ജൂഡിക്കേഷൻ നടപടികൾ വച്ചിരിക്കുന്നതെന്നു തോന്നിപ്പോകുന്നു. അതു മുതലാളിമാരെ തൃപ്തിപ്പെടുത്താനുള്ള ഒരു ഉപായം മാത്രമാണെന്ന് അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നു. ഗവമ്മെന്റിന്റെ ഈ നയം മുതലാളിമാർക്കുമാത്രം സഹായകമാണ്.

സാമ്പത്തികവും വ്യാവസായികവുമായ ഭദ്രതയും സമാധാനവും നാട്ടിലുണ്ടാകണമെങ്കിൽ തൊഴിലാളിപ്രശ്നങ്ങൾ മുതലാളിമാരും ഗവമ്മെണ്ടും വളരെ സൂക്ഷിച്ചു കൈകാര്യം ചെയ്യണം. അല്ലാതെ തെററിമാറുന്ന ഈ നയംകൊണ്ട് പണിമുടക്കുകളും കുഴപ്പങ്ങളും ഇനിയും നാട്ടിൽ വർദ്ധിക്കാനാണിടയുള്ളത്. സാധാരണമായി വല്ല പണിമുടക്കുകളോ തൊഴിലാളികുഴപ്പങ്ങളോ ഉണ്ടായാൽ ലേബർ ഡിപ്പാർട്ടുമെന്റുകളാണ് അതിൽ ഇടപെട്ട് ആവശ്യമായ നടപടികൾ നടത്തുക. എന്നാൽ കായംകുളത്തുണ്ടായ പണിമുടക്കിൽ മുതലാളിയുടെ ഒരു പരാതിവച്ചുകൊണ്ട് അവിടത്തെ പോലീസുകാർ സ്ഥലത്തുചെന്നു കേസെടുക്കുകയും തൊഴിലാളികളെ അറസ്ററുചെയ്യുകയുമാണുണ്ടായത്. തൊഴിലാളികളെ ലാത്തിചാർജ്ജും ചെയ്തു. ഇതിന് പോലീസിന് ആരാണ് അനുമതി നൽകിയത്. കായംകുളത്തെ പോലീസ് ഇൻസ്പെക്ടരെപ്പററിയുള്ള പരാതികൾ ഐ.ജി.ക്കും അറിയാവുന്നതാണ്. അവിടെയുള്ള സർക്കിൾ ഇൻസ്പെക്ടരും ജനദ്രോഹിയായ ഒരുദ്യോഗസ്ഥനാണ്. അവരെ രണ്ടുപേരേയും അവിടെനിന്നും ഈ സന്ദർഭത്തിൽ സ്ഥലം മാററുന്നതാണെങ്കിൽ, ഇന്നത്തെ കുഴപ്പങ്ങൾക്കു പരിഹാരമുണ്ടാകുന്നതല്ല. അവർ പോകുന്നിടത്തും മർദ്ദനം നടത്തും. ഇവരെ ഡിപ്പാർട്ടുമെന്റ് ശരിക്കു നിയന്ത്രിക്കയാണ് വേണ്ടത്. അവർ അവിടെ നടത്തിയ മർദ്ദനങ്ങളെപ്പററി അന്വേഷിക്കുന്നതിനു ഒരു കമ്മിററിയെ നിയോഗിച്ചാൽ ആവശ്യമായ തെളിവുകൾ കൊടുക്കുന്നതിനും യൂണിയൻ പ്രവർത്തകർ തയാറാണ്.

ഈമാതിരി പ്രശ്നങ്ങൾക്കെല്ലാം ഒരു പരിഹാരമുണ്ടാക്കി, ഇന്നുണ്ടായിരിക്കുന്ന തൊഴിൽക്കുഴപ്പങ്ങളും, വ്യവസായതകർച്ചയും ഉണ്ടാകാതെ സൂക്ഷിക്കേണ്ടതു് ഗവമ്മെന്റിന്റെ അടിയന്തിരകർത്തവ്യമാണെന്നാണ് എനിക്കു പറയുവാനുള്ളതു്. പച്ചത്തൊണ്ടുമുതലാളിമാർ, ആ വ്യവസായത്തിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികളെ പോലീസിന്റെ സഹായത്തോടുകൂടി മർദ്ദനത്തിനു വിധേയരാക്കിയിരിക്കയാണ്. ജീവിക്കുന്നതിനുള്ള കൂലി ലഭിക്കാതെ കൂലികൂടുതലിനും ബോണസിനും ആവശ്യപ്പെട്ട തൊഴിലാളികൾ ഇന്ന് കുററക്കാരായിത്തീർന്നിരിക്കുകയാണ്. അവർക്ക് ന്യായമായ കൂലികൊടുക്കാത്തതെന്തുകൊണ്ടാണെന്നു അന്വേഷിക്കുവാനാരുമില്ല. തൊഴിലാളികൾ സംഘടിതരായി ട്രെയിഡ്യൂണിയൻ സംഘടനകൾ

[Shri R. Sugathan]

മുഖാന്തിരം സമാധാനപരമായ സമരം തുടങ്ങിയതാണ്. അല്ലാതെ കമ്മ്യൂണിസ്റ്റോ, ആർ. എസ്. പി. യോ, കെ. എസ്. പി. യോ, ഐ. എസ്. പി. യോ പ്രേരണ ചെലുത്തി തുടങ്ങിയിട്ടുള്ള ഒരു സമരമല്ല. ഇതിന്റെ ചുമതലയെല്ലാം അവിടത്തെ മുതലാളിമാർക്കും തൊഴിലാളികൾക്കെതിരായി പ്രവർത്തിക്കുന്നവർക്കും ഉള്ളതാണ്. ജീവിക്കാൻ കഴിയാതെ ഉണക്കത്തൊണ്ടു പോലെയായ തൊഴിലാളികൾ പച്ചത്തൊണ്ടിൽ പിടിച്ചും ജീവിക്കാൻ സർക്കാരും തൊണ്ടുമുതലാളിമാരും സമ്മതിക്കയില്ലെങ്കിൽ സ്ഥിതിഗതി ഗുരുതരമായി രൂപംപ്രാപിക്കാനിടയുണ്ട്.

ഞാൻ ചോദിക്കുന്നു, ഇന്നത്തെ ജീവിതച്ചെലവിന്റെ പട്ടികയ്ക്കു് ആനുപാതികമായതോതിൽ തൊഴിലാളികൾക്കു കൂലികൊടുക്കാതെ തൊഴിലാളികളെ ഇങ്ങനെ കഷ്ടപ്പെടുത്തുന്നതെന്തുകൊണ്ടാണ്? അവർ ജീവിക്കുന്നതിനുള്ള കൂലി ആവശ്യപ്പെടുമ്പോൾ അവരെ പിരിച്ചുവിടുകയും മർദ്ദിക്കുകയും, കരിങ്കാലികളെക്കൊണ്ടു ജോലിചെയ്യിക്കുകയും ചെയ്യുന്നു. കോൺഗ്രസ്സ് സർക്കാർ അതിന് കൂട്ടുനില്ക്കുന്നു. ഈ നില മാററണം.

ശ്രീ. അയ്യപ്പൻ പഴയാർക്കുണ്ടി: ഒരു പോയിൻറ ഓഫ് ആർഡർ. കരിങ്കാലി എന്നുപറഞ്ഞാൽ ആരാണ്?

ശ്രീ. ആർ. സുഗതൻ: കരിങ്കാലികൾ എന്നുപറഞ്ഞാൽ ഞാൻ മനസ്സിലാക്കുന്നതു്, തൊഴിലാളികളെ രക്ഷിക്കാനെന്നുള്ള വ്യാജേന തൊഴിലാളികളുടെ ഇടയിൽ കടന്നുകൂടി അവരുടെ താല്പര്യത്തെ ജന്മിമുതലാളി വർഗ്ഗത്തിന് ഒററു കൊടുക്കുന്നവരും, പണിമുടക്കിനെതിരായി കുത്തിത്തിരിപ്പുണ്ടാക്കുന്നവരും എന്നാണ്. ഏതായാലും ഈ തരക്കാർ ആരെങ്കിലും ഈ സഭയിൽ ഉണ്ടോ എന്ന് അന്വേഷിക്കാൻ ഗവമ്മെൻറ് ഒരു കമ്മിററിയെ ഏർപ്പെടുത്തണം. അടിയന്തിരപ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. ഒ. സി. നൈനാൻ: ഈ പ്രമേയത്തിൽ പ്രധാനപ്പെട്ട രണ്ടു് കാര്യങ്ങളാണ് പറഞ്ഞിരിക്കുന്നതു്. നാം എല്ലാവരും നിയമത്തേയും സമാധാനത്തേയും സ്നേഹിക്കുന്നവരാണ്. നിയമവും സമാധാനവും നമ്മുടെ രാജ്യത്തു് വളരെ ആവശ്യമായിരിക്കുന്നതാണ്. അതിനു ഭംഗംവരുത്തിയാൽ നാട്ടിൽ ജീവിക്കുന്നതിനുതന്നെ അസാദ്ധ്യമായിത്തീരുന്നതാണ് എന്നു ഞാൻ പറയേണ്ട ആവശ്യമില്ല. ഈ പ്രമേയത്തിലടങ്ങിയിരിക്കുന്ന രണ്ടു സംഗതികളെസംബന്ധിച്ചു ഞാൻ അല്പം സൂചിപ്പിച്ചുകൊള്ളട്ടെ.

ഒന്നാമതു പറഞ്ഞിരിക്കുന്നതു് കായംകുളം തൊഴിലാളിസമരം സംബന്ധിച്ചു് ഇന്നലെ ൫൦ ട്രെയിഡ്‌യൂണിയൻ പ്രവർത്തകരെ അറസ്റ്റ്ചെയ്തു് എന്നും അതിൽനിന്നും ഉളവായിരിക്കുന്ന പരിതസ്ഥിതിയെ സംബന്ധിച്ചു പര്യാലോചിക്കേണ്ടതാണെന്നുമാണ്. ഇതേ സംബന്ധിച്ചു ബഹുമാനപ്പെട്ട നിയമമന്ത്രി പ്രസ്താവിച്ചതു് അൻപതുപേരെ അറസ്റ്റ്ചെയ്തില്ലയെന്നും അദ്ദേഹത്തിന്റെ അന്വേഷണത്തിൽ ഇന്നലെ ൨൫ പേരെ മാത്രമേ അറസ്റ്റ്ചെയ്തിട്ടുള്ളു എന്നും, അങ്ങനെ അറസ്റ്റ്ചെയ്ത ൨൫ പേരെയും വിട്ടയച്ചു എന്നും അവരെ സംബന്ധിച്ചുള്ള കേസുകളും അവസാനിച്ചു എന്നും ആണ്. അതിനു വിപരീതമായി എതൃപക്ഷത്തുനിന്നും യാതൊരുത്തരം യാതൊരു സമാധാനവും പറയുന്നതു കേട്ടില്ല. എന്നാൽ കേസ് അവസാനിച്ചില്ല എന്നു പറയുന്നതു് കേട്ടു.

ശ്രീ. പി. ഭാസ്കരൻ നായർ: അറസ്റ്റ് ചെയ്തവരെ 5 6 ദിവസത്തേക്ക് ശിക്ഷിച്ചു എന്നാണറിയുന്നത്.

ശ്രീ. ഒ. സി. നൈനാൻ: അവരെ ശിക്ഷിച്ചിരിക്കും. എന്നാൽ അവരുടെ പേരിലുള്ള കേസ് ഡിസ്പോസ് ചെയ്തുകഴിഞ്ഞ സ്ഥിതിക്ക് ആ പരിതഃസ്ഥിതി അവസാനിച്ചുകഴിഞ്ഞു. എന്നാൽ അടിയന്തിരപ്രമേയത്തിൽ പറഞ്ഞിരിക്കുന്നത്, അറസ്റ്റ് ചെയ്തതിൽവച്ചുണ്ടായിരിക്കുന്ന പരിതഃസ്ഥിതിയെപ്പററി പര്യാലോചിക്കണമെന്നാണ്. അവരെ അറസ്റ്റ് ചെയ്തു; അതു് ശരിയാണ്. എന്നാൽ അവരുടെ പേരിലുള്ള കേസ് സംബന്ധിച്ചാണ് അറസ്റ്റ് ചെയ്തിരിക്കുന്നത്. കേസിന്റെ പ്രശ്നമല്ല ഇവിടെ പ്രമേയത്തിൽ പറയുന്നത്. എന്നാൽ അറസ്റ്റ് ചെയ്തതിൽനിന്നും ഉണ്ടായ പരിതഃസ്ഥിതിയെപ്പററിയാണ് അറസ്ററും അടുത്തപടിയായ കഴിഞ്ഞ പ്രമേയത്തിൽ പറയുന്ന ഒരു പരിതഃസ്ഥിതി ഇന്നു നിലവിലില്ല.

ശ്രീ. നെടുമങ്ങാട്ട് ആർ. കേശവൻനായർ: അറസ്റ്റ് ചെയ്തതിനെ സംബന്ധിച്ചാണ് അടിയന്തിരപ്രമേയം.

Mr. Speaker: Such sort of butting in cannot be allowed. If hon. Members want to put questions, they may do so, but they cannot so but in.

ശ്രീ. ഒ. സി. നൈനാൻ: അവരെ അറസ്റ്റ് ചെയ്തു; അതിനുശേഷം ശിക്ഷിച്ചുകഴിഞ്ഞു. ആ സ്ഥിതിക്ക് ശിക്ഷിച്ചതുമൂലമുള്ള പരിതഃസ്ഥിതികളെപ്പററിയാലോചിക്കുവാൻ, എന്നാണ് പറയേണ്ടിയിരുന്നത്. അവിടെ തൊഴിലാളികൾ സാധനങ്ങൾ എടുത്തുമാററുന്നതിനു വിസമ്മതിച്ചു എന്നും ജോലിചെയ്യുന്നതിനുവന്ന വേറെ സാധുക്കളായ തൊഴിലാളികളെ ജോലിചെയ്യുന്നതിനനുവദിച്ചില്ല എന്നും അവരെ ഭയപ്പെടുത്തിയെന്നുമാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതു്. ഇങ്ങനെ സംഭവിക്കുന്നതു് ഈ തൊഴിലാളി സംഘടനകളെ ആരോ പ്രേരിപ്പിച്ചതിന്റെ ഫലമായിട്ടാണ്. ഇങ്ങനെ നിയമലംഘനം ഉണ്ടാകുമ്പോൾ ഗവണ്മെൻറ് എന്താണ് ചെയ്യേണ്ടതു്. നിയമം ലംഘിച്ചതിനു ആരേയും അറസ്റ്റ് ചെയ്യുകയോ ശിക്ഷിക്കയോ ചെയ്യരുതെന്നാണോ പറയുന്നതു്. നിലവിലിരിക്കുന്ന ഗവണ്മെൻറിനു ഇങ്ങനെ ഉണ്ടാകുന്നപക്ഷം ബലം പ്രയോഗിച്ചെങ്കിലും സമാധാനം പാലിക്കേണ്ടതല്ലേ? അതിനു അധികാരമുള്ള ഉദ്യോഗസ്ഥന്മാർ നിയമപ്രകാരം ഇടപെട്ടു. അതു് കുററകരമാകുമോ; ആക്ഷേപകരമാകുമോ, എന്നു ഞാൻ ചോദിക്കുന്നു. ഇങ്ങനെയുള്ളകാര്യങ്ങൾ സംബന്ധിച്ചു ഉൽഭൂതമായിട്ടുള്ള പരിതഃസ്ഥിതിയെപ്പററി പര്യാലോചിക്കണമെന്നു പറഞ്ഞാൽ എനിക്കുപറയാനുള്ളതു്, ഇതിൽനിന്നും ഒരു പരിതഃസ്ഥിതിയും ഉൽഭൂതമാകുന്നില്ല എന്നാണ്.

രണ്ടാമതു പറഞ്ഞതു് മുതലാളിമാരുടെ പ്രത്യേക താല്പര്യമനുസരിച്ചു് പൊതുയോഗങ്ങൾ 5 6 ദിവസത്തേക്കു നിരോധിച്ചുകൊണ്ടു് കൊല്ലം ഡിസ്ട്രിക്ട് മജിസ്ട്രേട്ട് പുറപ്പെടുവിച്ച നിരോധന ഉത്തരവിനെപ്പററിയാണ്. അവിടത്തെ മുതലാളിമാരുടെ പ്രത്യേക താല്പര്യമനുസരിച്ചാണ് നിരോധനാജ്ഞ പുറപ്പെടുവിച്ചതെന്നു പറഞ്ഞിരിക്കുന്നു. ചരക്കുകൾ വരുത്തുന്നതും, വന്നുകഴിഞ്ഞാൽ കരയ്ക്കു് ഇറക്കുന്നതും എല്ലാം മുതലാളിമാരുടെ ആവശ്യമാണ്. അപ്പോൾ മുതലാളിമാരുടെ ആവശ്യമനുസരിച്ചാണ് ഈ കുഴപ്പങ്ങൾ ഉണ്ടാക്കുന്നതെന്നോ, അതിന്റെഫലമായിനിരോധനാജ്ഞ

[Shri O. C. Ninan]

പുറപ്പെടുവിക്കേണ്ടിവന്നതെന്നോ പറയുന്നതിൽ വലിയ യുക്തികാണുന്നില്ല. നേരെമറിച്ച്, ചില രാഷ്ട്രീയാവശ്യനിർവ്വഹണത്തിനുവേണ്ടി ചിലരുടെ പ്രേരണയനുസരിച്ചു തൊഴിലാളികളെ അവരുടെ വശത്താക്കി അവരെ ചൂഷണംചെയ്തതിന്റെ പ്രത്യാഘാതഫലമായിട്ടാണ് അവിടെ സമാധാനലംഘനത്തിനിടവന്നത് എന്നു വിചാരിക്കുവാനാണ് കൂടുതൽ ന്യായമുള്ളത്. അതല്ല, മുതലാളിമാരുടെ ആവശ്യമനുസരിച്ചാണ് എന്നു പറയുന്നതിൽ വല്ല പരമാർത്ഥവുമുണ്ടെങ്കിൽ, അതിനെ അടിസ്ഥാനമാക്കി എന്തെങ്കിലും തെളിവുതരുവാൻ ആർക്കും കഴിഞ്ഞിട്ടില്ല. ഈ പ്രമേയത്തെ അനുകൂലിച്ചുകൊണ്ടു് പല മെമ്പറന്മാരും ഇവിടെ പ്രസംഗിച്ചു. ഒരൊററമെമ്പർക്കുപോലും അതിലേക്കു ഒരു തെളിവുപോലും തരുവാനില്ലായിരുന്നു. അങ്ങനെ ഒരു തെളിവുമില്ലാതെ മുതലാളിമാരുടെ പ്രേരണയനുസരിച്ചാണ് ഈ ഉത്തരവുണ്ടായതെന്നു പറയുന്നതു് നമുക്കെങ്ങനെ വിശ്വസിക്കാം?

ശ്രീ. ടി. കെ. ദിവാകരൻ: സർ, ഒരു പോയിൻറ് ആഫ് ആർഡർ. ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന്റെ നിരോധനാജ്ഞയുടെ ന്യായാന്യായതയെപ്പററി ആരും പരാമർശിക്കരുതെന്നു സ്പീക്കറുടെ റൂളിംഗ് ഉണ്ടായനിലക്കു് ബ.ഹു. മെമ്പർ ഇപ്പോഴും ആ ഭാഗത്തെ ഉയർത്തിപ്പിടിച്ചുകൊണ്ടു് സംസാരിക്കുന്നതു് ശരിയാണോ എന്നറിഞ്ഞാൽകൊള്ളാം.

Mr. Speaker: The hon. Member is a lawyer and he must know the relevancy.

ശ്രീ. ടി. വി. തോമസ്: അതിനു മറുപടി പറയുവാനുള്ള സൗകര്യം ഞങ്ങൾക്കും തരുമോ?

Mr. Speaker: He is speaking not on the merits of the order promulgated by the District Magistrate. He wants to show whether the District Magistrate had promulgated the order at the instance of the capitalists. The hon. Member is inviting trouble.

ശ്രീ. എം. ഗോപാലൻ നായർ: മുതലാളിമാരുടെ പ്രേരണ അനുസരിച്ചാണ് ഡിസ്ട്രിക്ട് മജിസ്ട്രേട്ട് നിരോധനാജ്ഞ പുറപ്പെടുവിച്ചതു് എന്നുള്ളതിനു് തെളിവുതരുവാനുള്ള സന്ദർഭം ഞങ്ങൾക്കും തരുമോ?

Mr. Speaker: The discussion on this matter should be without reference to the legality or illegality of the order promulgated by the District Magistrate. If that is not possible in the House such motions will have to be disallowed.

ശ്രീ. ഒ. സി. നൈനാൻ. ഡിസ്ട്രിക്ട് മജിസ്ട്രേട്ട് പാസാക്കിയിട്ടുള്ള നിരോധന ഉത്തരവിന്റെ ഗുണദോഷങ്ങളെസംബന്ധിച്ചു ഈ വാദപ്രതിവാദത്തിൽ ഉൾപ്പെടുത്തരുതെന്ന് സ്പീക്കർ റൂൾചെയ്തതു് ഞാൻ ഓർക്കുന്നുണ്ടു്. അതിനെ ആദരിച്ചുകൊണ്ടുതന്നെയാണ് എന്റെ പ്രസംഗത്തിൽ ഞാൻ ആ ഭാഗത്തെപ്പററി പ്രസ്താവിച്ചിട്ടുള്ളതു്. ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന്റെ ഉത്തരവിനു അടിസ്ഥാനമായിട്ടുള്ള കാരണത്തെസംബന്ധിച്ചാണ് ഞാൻ പറഞ്ഞതു്. ആ കാരണത്തെപ്പററി എനിക്കൊന്നും പറഞ്ഞുകൂടെന്നില്ല. ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന്റെ ആർഡറിനെപ്പററിയല്ല ഞാൻ പറഞ്ഞതു്. ആ ആർഡർ ഉണ്ടാകുന്നതിനുള്ള പരിതഃസ്ഥിതികളെസംബന്ധി

ച്ചു ഈ പ്രമേയത്തിൽ പറഞ്ഞിട്ടുണ്ട്. ആ പരിതഃസ്ഥിതികൾ എത്രമാത്രം ശരിയാണെന്നു ചർച്ചചെയ്യുന്നതു ഒരിക്കലും റൂളിംഗിനു വിപരീതമായിരിക്കുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു.

ശ്രീ. ടി. വി. തോമസ്: ആ പരിതഃസ്ഥിതികളെപ്പററി മറുപടി പറയുവാൻ ഞങ്ങൾക്കും അവകാശമുണ്ട്.

ശ്രീ. ഒ. സി. നൈനാൻ: സർ, അങ്ങനെ മുതലാളിമാരുടെ പ്രേരണ അനുസരിച്ചു നിരോധനാജ്ഞ പുറപ്പെടുവിച്ചു എന്നു കാണിക്കുവാൻ യാതൊരു തെളിവും ഇല്ലാതിരിക്കുന്നസ്ഥിതിക്കു....

ശ്രീ. ടി. വി. തോമസ്: തെളിവു തരുവാൻ ഞങ്ങൾ തയാറാണ്.

ശ്രീ. ഒ. സി. നൈനാൻ: ഇതുവരെ തന്നിട്ടില്ലാത്ത സ്ഥിതിക്ക് മര്യാദയ്ക്കു ആ ആരോപണം പിൻവലിക്കുകയാണുവേണ്ടതു്. അതു ചെയ്യാതിരിക്കുന്നിടത്തോളംകാലം അതിനെ എതിർക്കുവാൻ ഈ ഭാഗത്തെ മെമ്പറന്മാർക്കു പരിപൂർണ്ണമായ അവകാശമുണ്ട്.

ഒരു ഡിസ്ട്രിക്ട് മജിസ്ട്രേട്ടു സാധാരണഗതിയിൽ അദ്ദേഹത്തിന്റെ ഡിസ്ട്രിക്ടിനെ സംബന്ധിച്ചിടത്തോളം നിയമസമാധാനങ്ങൾ പാലിക്കുന്നതിനുള്ള ചുമതലക്കാരനാണ്. ആരുടെയും പ്രേരണകൂടാതെ വേണമെങ്കിൽ തനിയെതന്നെ ഉത്തരവു പാസാക്കുവാനുള്ള അധികാരം അദ്ദേഹത്തിനുണ്ട്. അങ്ങനെയൊരു ഉത്തരവു പുറപ്പെടുവിക്കേണ്ട ആവശ്യത്തെ കാണിച്ചുകൊണ്ടു ചുമതലയുള്ള ഉദ്യോഗസ്ഥന്മാർ അയച്ചിട്ടുള്ള റിപ്പോർട്ടിനെക്കൂടി അടിസ്ഥാനമാക്കിക്കൊണ്ടായിരിക്കും സാധാരണ ഉത്തരവു പുറപ്പെടുവിക്കാറുള്ളതു്. എന്നാൽ ഈ കേസിൽ അങ്ങനെയല്ല ഉണ്ടായതെന്നും പോലീസ് റിപ്പോർട്ടിനുംപുറമെ ഡിസ്ട്രിക്ട് മജിസ്ട്രേട്ടുതന്നെ സ്ഥലത്തുപോയി അന്വേഷണം നടത്തിയതിനുശേഷമാണ് ഉത്തരവു പുറപ്പെടുവിച്ചിട്ടുള്ളതെന്നും ബഹുമാനപ്പെട്ട നിയമമന്ത്രി ചെയ്ത പ്രസംഗത്തിൽ നിന്നും നമുക്കു മനസിലാക്കുവാൻ സാധിക്കും. അപ്പോൾ അദ്ദേഹത്തിന് ബോദ്ധ്യംവന്നിട്ടുള്ള കാര്യങ്ങളെ അടിസ്ഥാനപ്പെടുത്തി ആയിരിക്കണമല്ലൊ ഉത്തരവു പുറപ്പെടുവിച്ചിട്ടുള്ളതു്. ആ ഉത്തരവിനെസംബന്ധിച്ചു ആർക്കെങ്കിലും സങ്കടമുണ്ടെങ്കിൽ അതിനെ അസ്ഥിരപ്പെടുത്തുന്നതിന് നിയമപ്രകാരം അപ്പീൽ മുതലായ മററു വഴികളുമുണ്ട്. നിയമപ്രകാരമുള്ള ആ വഴികളിൽക്കൂടി എങ്ങും പോകാതെ, ഈ വളഞ്ഞ വഴികളിൽക്കൂടി പോകുന്നതിനു ഒരിക്കലും ഒരുത്തർക്കും അവകാശമില്ല. ഈ നിയമസഭയിലൊ, അല്ലെങ്കിൽ ഇതിന്റെ മുൻഗാമികളായിരുന്ന നിയമസഭകളിലൊ പാസാക്കപ്പെട്ടിട്ടുള്ള നിയമങ്ങളാണു ക്രിമിനൽ നടപടിനിയമവും പോലീസു ആക്ടും. ഈ നിയമങ്ങളെ ആശ്രയിച്ചുകൊണ്ടായിരിക്കണം, ഡിസ്ട്രിക്ട് മജിസ്ട്രേട്ടു ഉത്തരവു പുറപ്പെടുവിച്ചിട്ടുള്ളതു്. ആ ഉത്തരവിൽ എന്തെങ്കിലും സ്ഖലിതങ്ങളൊ ന്യായക്കേടുകളൊ ഉണ്ടായിട്ടുണ്ടെങ്കിൽ നിയമപ്രകാരംതന്നെ അതു ശരിപ്പെടുത്താവുന്നതുമാണ്. അതിനു തുനിയാതെ, ഈ സഭയിൽ വന്ന് ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന്റെ മേൽ അപ്പീൽ അധികാരമുണ്ടെന്നുള്ളനിലയിൽ ഇങ്ങനെയൊരു പ്രമേയം അവതരിപ്പിച്ച് വാദപ്രതിവാദം നടത്തുകയല്ല വേണ്ടതു്.

[Shri O. C. Ninan]

ഈ ഉത്തരവിന്റെ കോപ്പി നമ്മുടെ മുമ്പാകെ വച്ചിട്ടില്ല അങ്ങനെ ഉത്തരവില്ലാതെ അതിനെപ്പററി പര്യാലോചിക്കണമെന്നു പറയുന്നതു തത്വത്തിനുതന്നെ തെററാണ്. പക്ഷെ ഇതിന്റെയൊക്കെ അടിയിൽ കിടക്കുന്നതു ഇതൊന്നുമല്ല. സാധാരണയായി തൊഴിലാളികളെക്കൊണ്ടു കുഴപ്പം ഉണ്ടാക്കിക്കേണ്ടതു ചിലരുടെ ആവശ്യമായികാണുന്നുണ്ടു്. തൊഴിലാളികളല്ല ഈ കുഴപ്പത്തിനുത്തരവാദികൾ. അവരുടെ പിന്നിൽ നിൽക്കുന്ന കുറെ ആളുകളാണ്. തൊഴിലാളികൾ പാവങ്ങളാണ്, അവക്കു സംരക്ഷണംവേണം എന്നുംമററും എതിർഭാഗത്തുനിന്നും കുറെ അധികം പ്രസംഗിക്കുന്നതു ഞാൻ കേട്ടു. തൊഴിലാളികൾക്കു മാത്രമല്ല സംരക്ഷണംവേണ്ടതു്, മുതലാളികൾക്കും സംരക്ഷണംവേണം. ഇരുകൂട്ടക്കും സംരക്ഷണം ആവശ്യമാണ്.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ. ഈ ധാരണ കായംകുളത്തുനിന്നും കിട്ടിയതാണോ?

ശ്രീ. ഒ. സി. നൈനാൻ: കായംകുളത്തുനിന്നും കിട്ടിയതാണ്. അവിടത്തെ തൊഴിലാളികളുടെ ഇടയിൽനിന്നും കിട്ടിയിട്ടുള്ളതാണ്. അടുത്തകാലത്തു് ഞാൻ കായംകുളത്തു പോയപ്പോൾ അവിടെ മുതലാളികളും തൊഴിലാളികളുംതമ്മിൽ സൈ്വരമായി ജീവിക്കുന്നതു കണ്ടു. അപ്പോൾ അവക്കുതമ്മിൽ കുഴപ്പമൊന്നുമില്ല. ഇപ്പോൾ കുഴപ്പം ഉണ്ടായതിനുള്ള കാരണം മാന്യസ്നേഹിതന്മാരായ ചില രാഷ്ട്രീയപ്രവത്തകന്മാർ അവരുടെ രാഷ്ട്രീയാവശ്യങ്ങൾക്കുവേണ്ടി തൊഴിലാളികളെ ഇളക്കി, അവരെ തെററായ വഴിയിൽ ചാടിച്ചു് അവരെക്കൊണ്ടു ബലപ്രയോഗംചെയ്യിക്കുവാൻ പ്രേരിപ്പിച്ചതാണ്. 15 ദിവസത്തേയ്ക്കു് പൊതുയോഗം കൂടുന്നതിനെ മാത്രമാണ് ഡിസ്ട്രിക്ട് മജിസ്ട്രേട്ടു നിരോധിച്ചിട്ടുള്ളതു്. അവക്കു തൊഴിലാളിസംഘടനകൾ ഉണ്ടെങ്കിൽ ആ സംഘടനയുടെ ഒരു യോഗംകൂടുന്നതിനൊ, കമ്മററിയോഗംകൂടുന്നതിനൊ അവരുടെ നേതാക്കന്മാക്കു ലേബർ ഉദ്യോഗസ്ഥന്മാരും മററുമായുള്ള സമ്പക്കം പുലത്തുന്നതിനൊ ഒരു വിരോധവുമില്ല.

ശ്രീ. ആർ. സുഗതൻ: ആ സൗകയ്യങ്ങൾകൂടി തടയേണ്ടതാണെന്നു ബഹുമാനപ്പെട്ട മെമ്പക്കു അഭിപ്രായമുണ്ടോ?

ശ്രീ. ഒ. സി. നൈനാൻ. അതൊന്നും തടഞ്ഞിട്ടില്ലെന്നേ ഞാൻ പറഞ്ഞുള്ളു. പൊതുയോഗങ്ങൾ വിളിച്ചുകൂട്ടുന്നതെന്തിനാണ്? തൊഴിലാളികളെ ഇളക്കി കൂടുതൽ ബലപ്രയോഗങ്ങൾ നടത്തുന്നതിനും വഴക്കുണ്ടാക്കുന്നതിനും ചില സ്നേഹിതന്മാർ ഒരുങ്ങിയേക്കുമെന്നും അതുകൊണ്ടു കൂടുതൽ അത്യാഹിതങ്ങൾക്കു ഇടയാകുമെന്നും ഡിസ്ട്രിക്ട് മജിസ്ട്രേട്ടു വിചാരിച്ചുവെങ്കിൽ അതിൽ എന്തുതെററാണുള്ളതു്? പൊതുയോഗം 15 ദിവസത്തേയ്ക്കുമാത്രമെ നിരോധിച്ചിട്ടുള്ളു. അതുകൊണ്ടു ട്രെയിഡ് യൂണിയൻകാക്കുപോലും വലിയ ഉപദ്രവം ഉണ്ടാകാനിടയില്ല. മുതലാളിമാരുടെ കൈയ്യിലാണ് ഇവിടത്തെ പോലീസുകാർ എന്നു മറുഭാഗത്തുനിന്നും പറഞ്ഞുകേട്ടു. ഇവിടെയുള്ള പോലീസുകാർ, അല്ലെങ്കിൽ മുതലയുള്ള മററുദ്യോഗസ്ഥന്മാർ, ഒന്നോ രണ്ടോ, നാലോ മുതലാളിമാരുടെ കയ്യിൽ അകപ്പെട്ടുപോകത്തക്കവണ്ണം നമ്മുടെ രാജ്യത്തെ ഉദ്യോഗസ്ഥന്മാർ അത്ര

അധഃപതിച്ചുപോയോ എന്നു ഞാൻ ചോദിക്കുന്നു. എന്റെ അറിവു ശരിയാണെങ്കിൽ, ഇവിടുത്തെ താഴ്ന്നനിലയിലുള്ള പോലീസുദ്യോഗസ്ഥന്മാർ മിക്കവാറും അടുത്തകാലത്തു ഐക്യമുന്നണിക്കാരുടെ പ്രസംഗങ്ങൾകൊണ്ടും അവരുടെ രാഷ്ട്രീയപ്രാബല്യം വദ്ധിച്ചുവരുന്നതുകണ്ടും തൊഴിലാളികളുടെ വശംചേൎന്നുനില്ക്കുകയാണു ചെയ്യുന്നതു്. അല്ലാതെ മുതലാളിമാരുടെ സംരക്ഷണത്തിനായി അവർ യാതൊന്നും ചെയ്യുകാണുന്നില്ല.

ഒരു കാര്യംകൂടി പ്രസ്താവിച്ചുകൊള്ളട്ടെ. കായംകുളത്തിരിക്കുന്ന സക്കിൾ ഇൻസ്പെക്ടരെസംബന്ധിച്ചു രണ്ടു മെമ്പറന്മാർ ഇവിടെ സംസാരിക്കുന്നതു കേട്ടു. എനിക്കദ്ദേഹത്തെ പരിചയമുണ്ടു്. അദ്ദേഹം യാതൊരു കറപ്ഷനുമില്ലാത്ത ഒരു നല്ല ഉദ്യോഗസ്ഥനാണെന്നുള്ളവിവരം എനിക്കു നേരിട്ടറിയാവുന്നതാണു്. എന്നാൽ ന്യായരഹിതമായിട്ടോ, സമാധാനലംഘനം ഉണ്ടാക്കത്തക്കവിധത്തിലോ, ആരെങ്കിലും പ്രവൎത്തിക്കുകയാണെങ്കിൽ മുതലാളിമാരായാലുംശരി, തൊഴിലാളികളായാലുംശരി, രാഷ്ട്രീയപ്രവൎത്തകനായാലുംശരി, നിയമസഭാമെമ്പറായാലുംശരി അദ്ദേഹം വകവെയ്ക്കുകയില്ല. അവരുടെ പേരിൽ നടപടികൾ നടത്തുന്നതിനു അദ്ദേഹം മടിക്കുകയുമില്ല.

അതുകൊണ്ടു ഈ പ്രമേയത്തിനു ഇവിടെ ഒരു സാംഗത്യവുമില്ല. കേവലം രാഷ്ട്രീയ പ്രചരണത്തിനുവേണ്ടി, തൊഴിലാളികളുടെ രക്ഷിതാക്കളാണു തങ്ങളെന്നു പ്രത്യക്ഷപ്പെടുത്താൻവേണ്ടിമാത്രം, മുതലാളിമാരുടെ കാര്യമാണു് മററുള്ളവർ പറഞ്ഞതെന്നു വരുത്താൻവേണ്ടിമാത്രം കൊണ്ടുവന്ന ഒരു പ്രഹസനമാണു് നാം ഇവിടെ കണ്ടതു്.

Mr. Speaker: The word 'പ്രഹസനം' is not parliamentary.

ശ്രീ. ഒ. സി. മൈനനാൻ: രാഷ്ട്രീയ പ്രചരണത്തിനുവേണ്ടി എന്നു തിരുത്താവുന്നതാണു്.

ശ്രീ. സി. കെ. വിശ്വനാഥൻ: ഡിസ്ട്രിക്ടു മജിസ്ട്രേട്ടിന്റെ ഓർഡറിനെപ്പററി ബഹുമാനപ്പെട്ട മെമ്പർ പ്രസംഗിക്കുന്നതു ശരിയാണോ?

Mr. Speaker: The Speaker is alive; he is not sleeping.

ശ്രീ. ഒ. സി. മൈനനാൻ: അതുകൊണ്ടു ഈ പ്രമേയം അംഗീകരിക്കുന്നതിനുള്ള യാതൊരു ന്യായവും കാരണവും ഞാൻ കാണുന്നില്ല. യുക്തിപൂൎവ്വം ആലോചിച്ചാൽ ഇങ്ങനെയൊരു പ്രമേയം ഇവിടെ അവതരിപ്പിക്കുവാനുള്ള യാതൊരു പ്രസക്തിയുമില്ല. പ്രസക്തമായ ഭാഗങ്ങൾ മാത്രം പര്യാലോചിക്കപ്പെടുവാനാണു് നമ്മൾ തയാറാകേണ്ടതു്. അതുകൊണ്ടു പ്രസക്തമായ ഭാഗങ്ങളെപ്പററിമാത്രം തീരുമാനിക്കുകയും മററുള്ളതെല്ലാം ചവററുകുട്ടയിൽ തള്ളുകയും ചെയ്യേണ്ടതാണു്.

[1 PM] Mr. Speaker: As it is 1 PM., is the House agreeable to sit and continue the discussion or adjourn for lunch now and meet after 2 PM?

(The House agreed to continue the debate.)

വി. ആർ. കൃഷ്ണൻ എഴുത്തച്ഛൻ: സർ, ഈ പ്രമേയത്തിന്റെ വെളിച്ചത്തിൽ ഒരു കാര്യം പ്രത്യേകം ഊന്നിപ്പറയണമെന്നു ഞാൻ വാചാരിക്കുന്നു. കായംകുളത്തു നടന്നുകൊണ്ടിരിക്കുന്ന പൊതുയോഗനിരോധനം

[Shri V. R. Krishnan Ezhuthassan]

സംബന്ധിച്ച് ആലോചിക്കുമ്പോൾ ഡിസ്ട്രിക്ട് മജിസ്ട്രേട്ട് എടുത്ത നടപടികൾക്കു തക്കതായ ന്യായമുണ്ടോ, ഇല്ലയോ എന്ന സംഗതി നിശ്ചയമായും പ്രസക്തമാണ്. ഈ സഭയിൽ ഉന്നയിക്കപ്പെട്ട വസ്തുതകൾ വച്ചു നോക്കുമ്പോൾ അങ്ങിനെ ഒരു നടപടി എടുക്കാൻ ന്യായമായ ഒരു പരിതസ്ഥിതി അവിടെ ഉണ്ടായിട്ടുണ്ടെന്നു ഊഹിക്കാവുന്നതാണ്. ഈ പ്രമേയത്തിന്റെ അവതാരകൻ ഇവിടെ പ്രതിപാദിച്ച സംഗതികളിൽനിന്നും, കായംകുളത്തു നടന്നുവന്ന പണിമുടക്കിനെ സംബന്ധിച്ചിടത്തോളം നിയമപരമായി ചില നടപടികൾ എടുക്കേണ്ട അവസരം ഉണ്ടായിട്ടുണ്ടെന്നും, ബഹുമാനപ്പെട്ട മെമ്പറിന്റെ കണക്കനുസരിച്ച് ൬൦—൭൦ ആളുകളെ അറസ്റ്റുചെയ്യുവെന്നും, അല്ലെങ്കിൽ ഗവണ്മെന്റിന്റെ റിപ്പോർട്ടനുസരിച്ച് ൨൫ പേരെ അറസ്റ്റു ചെയ്യുകയും അവരുടെ പേരിൽ എടുക്കേണ്ട നടപടികൾ എല്ലാം എടുക്കയും ചെയ്തു എന്നും ഉള്ളതിൽനിന്നു അവിടെ അത്യന്തം ഗൗരവാവഹമായ ചില സംഗതികൾ നടന്നിട്ടുണ്ട് എന്ന് അനുമാനിക്കാവുന്നതാണ്. നേരെമറിച്ച് പോലീസ് ക്രമരഹിതമായ ഈ കാര്യത്തിൽ ഇടപെട്ട് എന്തെങ്കിലും അനീതികൾ ചെയ്തിട്ടുണ്ടെന്നു ഊഹിക്കാൻ ന്യായമില്ല എന്നുകൂടി ഈ സഭയെ ഞാൻ ഓർമ്മിപ്പിക്കുന്നു. തൊഴിലാളികളേയും തൊഴിലാളി നേതാക്കന്മാരേയും പോലീസ് അറസ്റ്റുചെയ്തു കോടതിയിൽ ഹാജരാക്കി കാലവിളംബമെന്യേ അവരുടെ കേസ് ശരിയായനിലയിൽ വിചാരണചെയ്തു അവരെ ശിക്ഷിച്ചു എന്നു ഇവിടെ പറയുകയുണ്ടായി. ഇത്രയും ആളുകളുടെപേരിൽ ഒരു നടപടി എടുക്കാൻതക്കവണ്ണം ഒരു പരിതസ്ഥിതിയുണ്ടായെങ്കിൽ അതു നിശ്ചയമായും ശ്രദ്ധേയമായ ഒരു കാര്യമാണ്. മാത്രമല്ല, ഇത്രയും ആളുകളെ ശിക്ഷിക്കത്തക്കവണ്ണം അവർ എന്തെങ്കിലും കുററം ചെയ്തിട്ടുണ്ടെന്നും മനസ്സിലാക്കാൻ സാധിക്കും. അവയെന്താണെന്നും, എത്രത്തോളം ഗൗരവാവഹമായിരുന്നുവെന്നും, ശിക്ഷയുടെ സ്വഭാവം എങ്ങിനെയാണെന്നും, അതു് ഒഴിവാക്കാൻ വല്ല നടപടിയും എടുക്കാൻ സാധിച്ചോ എന്നും ഉള്ള വിവരങ്ങൾ ഇവിടെ വ്യക്തമല്ല. എങ്കിലും കായംകുളത്തു ചില നിയമലംഘന നടപടികൾ ഉണ്ടായിയെന്നും അവ കേവലം നിസ്സാരങ്ങളല്ല എന്നും, മേലാലും അവിടെ ഈമാതിരി എന്തെങ്കിലും ഉണ്ടാകുമെന്നു ശങ്കിക്കാനിടയുണ്ട് എന്നുംമററും ഇവിടെനടന്ന വാദപ്രതിവാദങ്ങളിൽനിന്നും മനസ്സിലാക്കാൻകഴിയും.

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: പല വിഭാഗത്തിൽപെട്ട തൊഴിലാളികൾക്കും ബോണസ്സുകൊടുക്കുന്നില്ലെന്നും അതിനു അവർക്ക് അവകാശമുണ്ടെന്നും മെമ്പറിനറിയാമൊ?

ശ്രീ. വി. ആർ. കൃഷ്ണൻഎഴുത്തച്ഛൻ: ഈ ചോദ്യത്തിനു ഇവിടെ പ്രസക്തിയുണ്ടെന്നു എനിക്കു തോന്നുന്നില്ല. എങ്കിലും ബോണസ്സിനെ സംബന്ധിച്ചിടത്തോളം തൊഴിലാളികൾക്കു അവകാശമില്ലെന്നു ഞാൻ പറയുന്നില്ല.

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: കായംകുളത്തുള്ള മുതലാളിമാർ തൊഴിലാളികൾക്കു ബോണസ്സ് കൊടുക്കുന്നില്ലെന്നറിയാമൊ?

ശ്രീ. വി. ആർ. കൃഷ്ണൻഎഴുത്തച്ഛൻ: എനിക്കു സൂക്ഷ്മമായി അറിയാൻ പാടില്ല. ബോണസ്സിനു തൊഴിലാളികൾക്കു ന്യായമായ അവകാശവും

അർഹതയും ഉണ്ടായിരുന്നാൽ സമാധാനപരമായി, നിയമപരമായി, എന്തെല്ലാമാണൊ ചെയ്യാനുള്ളതു് അവയൊക്കെ ചെയ്യേണ്ടതാണു്. ആ രീതിയിൽ പ്രവർത്തിച്ചിരുന്നുവെങ്കിൽ ഈ സഭയിലുള്ള എല്ലാ ബഹുമാനപ്പെട്ട മെമ്പറന്മാരും അവരോടു് അനുകൂലിക്കുമായിരുന്നുവെന്നാണു് എനിക്കു തോന്നുന്നതു്. തൊഴിലാളിപ്രശ്നത്തെ ഇന്നത്തെ ഗവൺമെൻറു ഒരു അനുകൂലമനസ്ഥിതിയോടുകൂടിയാണു വീക്ഷിക്കുന്നതെന്നും എനിക്കു അറിയാം. തൊഴിലാളികൾ ബോണസ്സിനുവേണ്ടിമാത്രം സംഘടിച്ചു് സമരംചെയ്താൽ അതിൽ പോലീസു നടപടിയൊ കോടതി നടപടിയൊ ഉണ്ടാകുമെന്നു വിചാരിക്കാൻ അശേഷം ന്യായമില്ല. എന്നാൽ ബോണസ്സിനുവേണ്ടിയുള്ള സമരമായാലുംകൊള്ളാം, മററവകാശങ്ങൾക്കുവേണ്ടിയുള്ള സമരമായാലുംകൊള്ളാം, ഒരു സ്ഥലത്തുള്ള തൊഴിലാളികളൊ, അല്ലെങ്കിൽ ഏതെങ്കിലും കക്ഷിയിൽപെട്ട സംഘടനയുടെ നേതൃത്വത്തിൽപെട്ട തൊഴിലാളികളൊ, നേതാക്കന്മാരൊ അക്രമപൂർവ്വമായ നടപടികൾകൊണ്ടല്ലാതെ മററു യാതൊരു ഉപാധികൊണ്ടും കാര്യം സാധിക്കാൻ വഴിയില്ലെന്നു വിചാരിക്കുന്നുവെങ്കിൽ എനിക്കു അവരോടു അനുഭാവമല്ല ഉള്ളതു്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: സമരം എന്ന വാക്കിൻെറ സാക്ഷാൽ അർത്ഥം എന്താണെന്നറിയാമൊ?

ശ്രീ. വി. ആർ. കൃഷ്ണൻ എഴുത്തച്ഛൻ: അതിൻെറ ഉദ്ഭവമോ മൂലമോ എന്താണെന്നു എനിക്കറിഞ്ഞുകൂടാ. നാട്ടിൽ ഇപ്പോൾ ഈ പദപ്രയോഗം സർവ്വസാധാരണമായിരിക്കയാണു്. ഈ സഭതന്നെ ഉടലെടുത്തിട്ടുള്ളതു് ഒരു സമരത്തിൻെറ ഫലമായിട്ടാണു്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: സമരം എന്ന വാക്കിൻെറ അമരത്തിലെ അർത്ഥം യുദ്ധം എന്നാണെന്നറിയാമോ?

ശ്രീ. വി. ആർ. കൃഷ്ണൻ എഴുത്തച്ഛൻ: ആയിരിക്കാം. സർ, അങ്ങിനെ തൊഴിലാളികൾ ന്യായമായ ഒരു സമരമാണു് നടത്തിക്കൊണ്ടിരുന്നതു് എന്നു് അനുമാനിക്കാൻ നിവൃത്തിയില്ല. പ്രത്യേകിച്ചും കായംകുളത്തെ സംഭവത്തെപ്പററി പറയുകയാണെങ്കിൽ, തൊഴിലാളികളും നേതാക്കന്മാരുമായി സമാധാനഭഞ്ജകമായ ഒരു പരിതസ്ഥിതിയുണ്ടാക്കിയതായിട്ടാണു് എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളതു്. ഇങ്ങിനെയിരിക്കെ ഈവിധം പ്രവൃത്തികളെ തടയുന്നതിനുവേണ്ടി നിയുക്തനായ ഉദ്യോഗസ്ഥനെ വിലക്കണമെന്നു ഈ നിയമസഭ നിർദ്ദേശിക്കുന്നതു ശരിയല്ല. കൊല്ലം ഡിസ്ട്രിക്ടിനെ സംബന്ധിച്ചിടത്തോളം സമാധാനം പാലിക്കാൻ ചുമതലപ്പെട്ട അവിടത്തെ ഡിസ്ട്രിക്ടു് മജിസ്ട്രേട്ടു് ഈ പണിമുടക്കിൻെറയും അക്രമപ്രവൃത്തികളുടേയും നാനാവശങ്ങളെപ്പററി അന്വേഷിച്ചും നേരിട്ടറിഞ്ഞും അദ്ദേഹത്തിനു സത്യാവസ്ഥ ബോദ്ധ്യംവന്നതിൻെറ ഫലമായിട്ടു് അദ്ദേഹത്തിൻെറ വിവേചനബുദ്ധി ഉപയോഗിച്ചു് ഒരു കല്പന പുറപ്പെടുവിച്ചുവെങ്കിൽ അതിനെ ചോദ്യംചെയ്യാൻ ഈ നിയമസഭക്കു യാതൊരു അവകാശവുമില്ലെന്നാണു് എനിക്കു തോന്നുന്നതു്. ഈ നിരോധന ഉത്തരവു് അദ്ദേഹം പുറപ്പെടുവിക്കാതിരുന്നാൽ, ഒരു പക്ഷത്തെ കുറെ ആളുകൾ അവരുടെ അവകാശത്തിനുവേണ്ടിയും മറുപക്ഷത്തെ ആളുകൾ അവരുടെ അവകാശത്തിനുവേണ്ടിയും കൂട്ടിമുട്ടുന്നതിൽനിന്നും ഉണ്ടാകാവുന്ന അരക്ഷി

[Shri V. R. Krishnan Ezhuthassan]

താവസ്ഥക്ക് ഉത്തരം പറയേണ്ടിവരിക ഈ ഉദ്യോഗസ്ഥനാണ്. അതുകൊണ്ട് ഒരു കല്പന അദ്ദേഹം പുറപ്പെടുവിച്ചുവെന്നതിൽ അതിനെ കുററപ്പെടുത്താവുന്നതല്ല. പക്ഷെ, ഈ ഉത്തരവുമൂലം അവിടെ എന്തൊക്കെയൊ സംഭവിച്ചിട്ടുണ്ടെന്നുള്ളതു് പരമാർത്ഥമായിരിക്കാം. അവിടെ പലതരത്തിലുള്ള സംഘടിത തൊഴിലാളികളുണ്ടെന്നും ഞാൻ സമ്മതിക്കുന്നു. കമ്മ്യൂണിസ്ററുകാർ മാത്രമല്ല, ആർ. എസ്. പി. സോഷ്യലിസ്റ്റ്, കെ. എസ്. പി. തുടങ്ങിയവരും ഇവരിൽപെടാത്ത മററു തൊഴിലാളികളും ഈ രംഗത്തിറങ്ങി പ്രവർത്തിച്ചുതായിട്ടാണ് അറിയുന്നതു്. രാഷ്ട്രീയമായി ഈ കക്ഷികളിൽ ഓരോരുത്തരും അഹമഹമികയാ ചെയ്തുകൊണ്ടിരിക്കുന്ന തൊഴിലാളി സേവനത്തിന്റെ ഫലമായിട്ടു രാജ്യം പുരോഗമിക്കയാണെങ്കിൽ ഗവമെൺറും ജനങ്ങളും അവരോടു കൃതജ്ഞരാകേണ്ടതാണെന്നുള്ളതിൽ തക്കമില്ല. അതല്ലാ, അവരുടെ പ്രവർത്തനംകൊണ്ടു രാജ്യത്തു സമാധാനലംഘനമാണുണ്ടാകുന്നതെങ്കിൽ അതിന്റെ ഫലം അവർ അനുഭവിക്കാതെയും തരമില്ല. അവരുടെ സ്വന്തം പ്രതിനിധികൾക്കുതന്നെ തങ്ങളുടെ പ്രവർത്തനം കൊണ്ടുനടക്കാൻ സാധിക്കാത്തവണ്ണം ഉണ്ടായിട്ടുള്ള പരിതസ്ഥിതിയിൽ ഇപ്പോൾ കുഴഞ്ഞേണ്ടിവരുന്നുവെങ്കിൽ അവരെക്കുറിച്ചു് അനുശോചിക്കാനെ തരമുള്ളു. എന്നാൽ അണ്ടർഗ്രൌണ്ടിലും മററും വളരെയധികം പ്രവർത്തിക്കാനുള്ള പരിശീലനവും കഴിവും ഉള്ള ഇവരുടെ നേതാക്കന്മാർ ഈ ൧൫ ദിവസംവരെ സഹിച്ചു് വെറുതെയിരിക്കുമെന്നും ഞാൻ വിശ്വസിക്കുന്നില്ല. ഈ നാട്ടിലെ അക്രമപ്രസക്തരല്ലാത്ത കുറെ ആളുകളുടെ പൌരാവകാശത്തെ രക്ഷിക്കുവാനായി ആ പൌരാവകാശത്തിന്റെ പേരിൽ മററു കുറേപേർ നടത്തുന്ന പൌരാവകാശ നിഷേധത്തിൽ ഇടപെട്ട ഈ ഉദ്യോഗസ്ഥന്റെ പ്രവൃത്തി ആകപ്പാടെ നോക്കിയാൽ, തെററാണെന്നു ഈ സഭക്കു കരുതാൻ ന്യായമില്ലെന്നാണ് എന്റെ അഭിപ്രായം.

<u>ശ്രീ. എം. എൻ. ഗോവിന്ദൻ നായർ:</u> അക്രമത്തിൽ വിശ്വസിക്കാത്തവരുടെ പൌരാവകാശ സംരക്ഷണത്തിനുവേണ്ടി വെറും ൧൫ ദിവസത്തേക്കുമാത്രം നിരോധന ഉത്തരവു പുറപ്പെടുവിക്കുന്നതിൽഭേദം ഒരു സ്ഥിരമായ നിരോധന ഉത്തരവു കൊടുക്കുകയല്ലേ നല്ലതു്?

<u>ശ്രീ. വി. ആർ. കൃഷ്ണൻ എഴുത്തച്ഛൻ:</u> അങ്ങിനെ സ്ഥിരമായ ഒരു നിരോധന ഉത്തരവു കൊടുക്കാൻ ഈ നാട്ടിൽ ഒരു ഉദ്യോഗസ്ഥനും സാധിക്കയില്ല.

സർ, ഞാൻ മേൽപറഞ്ഞ കാരണങ്ങളാൽ ഈ പ്രമേയത്തെ എതിർക്കയാണു ചെയ്യുന്നതു്.

<u>ശ്രീ. ടി. എം. വർഗ്ഗീസ്:</u> സർ, ഈ പ്ര‍മേയത്തിന്റെ പ്രയോക്താവു്, ചെയറിൽനിന്നും പുറപ്പെടുവിച്ച റൂളിംഗ് അനുസരിച്ചു്—

<u>ശ്രീ. എൻ. രാഘവക്കുറുപ്പു്:</u> സർ, a point of order. ഡിസ്ട്രിക്ട് മജിസ്ട്രേട്ട് ൧൪൪-ാംവകുപ്പു് പ്രയോഗിച്ചിരിക്കുന്നതു് അദ്ദേഹത്തിന്റെ സ്വന്തം അന്വേഷണഫലമായുള്ള അറിവുവച്ചുകൊണ്ടോ അല്ലെങ്കിൽ പോലീസ് ഉദ്യോഗസ്ഥന്മാരുടെ അന്വേഷണഫലമായിട്ടുള്ള അറിവു വച്ചുകൊണ്ടോ?

Mr. Speaker: It is not a point of order. If so, it has to be raised to the Chair for a ruling. Now the hon. Member is seeking for information only. In the course of the Minister's reply he will explain all those matters.

Shri N. Raghava Kurup: Sir, it is a pointed question. I am asking the Minister.

ശ്രീ. ടി. എം. വർഗ്ഗീസ്: അന്വേഷണഫലമായി അവർക്കു കിട്ടിയിരിക്കുന്ന അറിവ് അവരിൽനിന്നും ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന് ലഭിച്ചിരിക്കും. തീർച്ചയായും പോലീസ് ഉദ്യോഗസ്ഥന്മാർ അന്വേഷണം നടത്തിയിരിക്കും. എന്നാൽ അദ്ദേഹത്തിന് സർവ്വപ്രധാനമായി അറിയുവാനുണ്ടായിരുന്ന സംഗതികൾ അദ്ദേഹംതന്നെ സ്ഥലത്തുചെന്ന് നേരിട്ടന്വേഷിച്ചു. അതിനുശേഷമുണ്ടായിട്ടുള്ള ഉത്തരവാണത്.

Mr. Speaker: I would draw the attention of the House that this discussion started at 11-35 a. m. and it automatically closes at 1-35 p. m. The Minister has barely 5 minutes to speak and in fairness he must be allowed to say what he has to say on this matter.

ശ്രീ. ടി. എം. വർഗ്ഗീസ്: സർ, ഞാൻ ആദ്യമായി പ്രസ്താവിക്കണമെന്നുദ്ദേശിക്കുന്നത് ഈ പ്രമേയത്തിന്റെ പ്രയോക്താവിന് അദ്ദേഹത്തിന്റെ അവകാശങ്ങളെപ്പററി നല്ലപോലെ അറിയാമെന്നുള്ളതാണ്. ചെയറിൽനിന്നുണ്ടായ നിർദ്ദേശം അനുസരിച്ച് ഈ ഡിസ്ട്രിക്ട് മജിസ്ട്രേട്ട് പുറപ്പെടുവിച്ച ഉത്തരവ് ആരുടെ പ്രേരണകൊണ്ടാണെന്ന അർത്ഥം വരത്തക്കവിധത്തിൽ പ്രമേയത്തിന്റെ വാചകത്തിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും അദ്ദേഹത്തിന്റെ പ്രസംഗത്തിൽ അങ്ങനെ ഒന്നും കണ്ടില്ല. സാധാരണ ഗതിയിൽ എനിക്കു നല്ലപോലെ അറിയാവുന്ന ആളാണ് പ്രമേയാവതാരകൻ. അദ്ദേഹം അറിഞ്ഞുകൊണ്ട് വല്ലതും ചെയ്യുകയല്ലാതെ അറിയാതെ അബദ്ധങ്ങൾ ഒന്നും ചെയ്യുകയില്ല. ഈ പ്രമേയത്തിന്റെ പ്രധാനകാര്യം ഗവമെൻറ് പൊതുജനങ്ങളെയാണോ നോക്കേണ്ടത് അതോ അക്രമംകൂടി പ്രവർത്തിക്കുന്ന സംഘടനയെയാണോ നോക്കേണ്ടത് എന്നുള്ളതാണ്. എണ്ണത്തിൽ കൂടുതലുള്ള തൊഴിലാളികൾ അവരുടെ താല്പര്യസംരക്ഷണത്തിനുവേണ്ടി വ്യവസായത്തേയും കച്ചവടത്തേയും തടയാൻ ശ്രമിക്കുന്നപക്ഷം ഗവമെൻറ് മിണ്ടാതെ നോക്കിയിരിക്കുകയാണോ വേണ്ടത് എന്നുള്ളതിന് ഉത്തരം ഈ സഭ പറയണം. സാധുക്കളായ ആളുകൾക്കു രക്ഷ കൊടുക്കുക എന്നുള്ളതാണ് മിസ്റ്റർ സ്പീക്കറുടേയും ഗവമെൻറിന്റേയും ഉത്തരവാദിത്വബോധമുള്ള എല്ലാ ആളുകളുടേയും ചുമതല. സാധുക്കളെ രക്ഷിക്കുകയും നിസ്സാരന്മാരായ ആളുകൾക്കു വേണ്ട സഹായം ചെയ്യുകയും തൊഴിലില്ലാത്തവർക്ക് തൊഴിലുണ്ടാക്കിച്ചു കൊടുക്കുകയും വീടില്ലാത്തവർക്കു വീടുണ്ടാക്കിച്ചു കൊടുക്കുകയും വസ്ത്രം ഇല്ലാത്തവർക്ക് വസ്ത്രം കൊടുക്കുകയും ചെയ്യുന്ന പ്രവൃത്തികൾ ഏതെങ്കിലും സംഘടന ചെയ്യുകയാണെങ്കിൽ ആ സംഘടനയെ ആർക്കും എതിർക്കുവാൻ സാദ്ധ്യമല്ല. ഏതെങ്കിലും ഉല്പാദന മാർഗ്ഗങ്ങൾ ത്വരിതപ്പെടുത്തുന്നതിനുവേണ്ടി, വ്യവസായമായാലും കച്ചവടമായാലും, ന്യായമായ മാർഗ്ഗത്തിൽക്കൂടി, ന്യായമായ ഉദ്ദേശത്തോടുകൂടി, പ്രവർത്തിക്കുന്ന സംഘടനകളേയും ആർക്കും എതിർക്കുവാൻ സാദ്ധ്യമല്ല. എന്നാൽ ന്യായമായ മാർഗ്ഗങ്ങളിൽക്കൂടി തൊഴിലാളികളുടെ കാര്യങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്നതിനുള്ള സംഘടന വ്യവസ്ഥാപിതമായ മാർഗ്ഗം ഉപേക്ഷിച്ച്

[Shri T. M. Varghese]

അക്രമപരമായ മാർഗ്ഗത്തിൽകൂടി പ്രവർത്തിക്കുകയാണെങ്കിൽ ഈ പ്രമേയം ഇവിടെ പാസ്സാക്കിയാലും ഇല്ലെങ്കിലും ഗവൺമെൻറ് തക്കതായ പൌരുഷത്തോടും തൻേറടത്തോടുംകൂടി രാജ്യരക്ഷയെ മുൻനിറുത്തി ആ അക്രമങ്ങളെ ഇല്ലായ്മ ചെയ്യുന്നതാണ്. ഏതെങ്കിലും സംഘടനകൾ വ്യവസ്ഥാപിതമായ മാർഗ്ഗത്തിൽകൂടിയല്ലാതെ നാട്ടിൽ അക്രമവും അസമാധാനവും ബഹളവും ഉണ്ടാക്കുകയാണെങ്കിൽ അതിനെ തൻേറടത്തോടുകൂടി നേരിട്ട് ഇല്ലായ്മ ചെയ്യാതെ ഗവൺമെൻറ് വെറുതെ നോക്കിനില്ക്കുകയാണോ വേണ്ടത് എന്നുള്ള കാര്യം സഗൌരവമായി ചിന്തിക്കേണ്ടതാണ്. ഏതു സംഘടനയായാലും ഏതു വ്യക്തി ആയാലും രാജ്യത്ത് അസമാധാനവും അക്രമവും ഉണ്ടാക്കുന്നതായാൽ ഈ ഗവൺമെൻറ് ചുമതലബോധത്തോടുകൂടി അതിനെ അമർച്ചചെയ്യുന്നതാണ്. ഈ നാട്ടിലെ ജനങ്ങൾക്കു സമാധാനപരമായി ജീവിക്കുവാനുള്ള സൌകര്യം ഉണ്ടാക്കിക്കൊടുക്കേണ്ടത് ഗവൺമെൻറിൻെറ കടമയാണ്. അതാണ് ഇങ്ങനെയുള്ള കരുതൽ നടപടികൾ എടുക്കുന്നതിന് ഗവൺമെൻറിനെ പ്രേരിപ്പിച്ചിട്ടുള്ളത്. അവിടെ ചാക്ക് ചുമക്കുന്ന തൊഴിലാളികൾ പണിമുടക്കി. അപ്പോൾ മുതലാളി വേറെ ആളുകളെ കൊണ്ടുവന്നു ചാക്കു ചുമപ്പിച്ചു. ഒരാൾ ചാക്കു ചുമന്നു കൊണ്ടുപോകുന്ന സമയത്ത് പിന്നിൽകൂടിവന്ന് അയാളെ ആരോ ആക്രമിച്ചു, കഠിനമായി ദേഹോപദ്രവം ഏല്പിച്ചു. വള്ളത്തിൽനിന്ന് വളരെ അധികം സാധനങ്ങൾ കരയ്ക്കു ഇറക്കുന്നതിനും ചില സാധനങ്ങൾ വള്ളത്തിൽ കയററുന്നതിനും ഉണ്ടായിരുന്നതിനാൽ ആണ് മുതലാളി വേറെ ആളുകളെ ജോലിക്കുവേണ്ടി കൊണ്ടുവന്നത്. അങ്ങനെ ജോലിചെയ്തിരുന്ന ആളുകളുടെ മേൽ അക്രമം പ്രയോഗിച്ചു. മുതലാളിയുടെ ആരോപണങ്ങൾ എല്ലാം ശരിയാണോ എന്നു ഞാൻ നോക്കിയിട്ടില്ല. അങ്ങനെ അക്രമം അവിടെ പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ അതു് തെററാണ് എന്നാണു എനിക്കു പറയുവാനുള്ളത്. ഇങ്ങനെ ബലം പ്രയോഗിക്കുന്നതിൽ ശ്രദ്ധിക്കാതിരിക്കുവാൻ ഗവൺമെൻറിന് സാദ്ധ്യമല്ല. ബോണസ്സ് കൊടുക്കണമോ വേണ്ടയോ എന്നു നിശ്ചയിക്കുന്നതിന് അല്ലെങ്കിൽ അതിനെ സംബന്ധിച്ചുള്ള തർക്കങ്ങൾ തീർക്കുന്നതിന് വ്യവസ്ഥാപിതമായിട്ടുള്ള വേറെ വഴികൾ ഉണ്ട്. ഇവിടെ ലേബർ കമ്മീഷണർ ഉണ്ട്. ഗവൺമെൻറ് ഉണ്ട്. അവർ അതിൽ വേണ്ടതു് പ്രവർത്തിച്ചില്ലെങ്കിൽ അവരെക്കൊണ്ടു പ്രവർത്തിപ്പിക്കുവാൻ വേറെ വഴികൾ ഉണ്ട്.

ശ്രീ. ടി. വി. തോമസ്: അസിസ്റ്റൻറ ലേബർകമ്മീഷണർ അവർക്കു ബോണസ്സ് കൊടുക്കുവാൻ പറഞ്ഞിട്ടുണ്ട്.

ശ്രീ. ടി. എം. വർഗ്ഗീസ്: അസിസ്റ്റൻറ ലേബർ കമ്മീഷണർ കൊടുക്കുവാൻ പറഞ്ഞതു് കൊടുത്തില്ലെങ്കിൽ അതു് വാങ്ങുന്നതിനു വേറെ വഴികൾ ഉണ്ട്. ഈ 58-ാം വകുപ്പിനെക്കുറിച്ച് ചില തെററിദ്ധാരണകൾ ഉണ്ട്. ഡിസ്ത്രിക്ട് മജിസ്ത്രേട്ടിന് അദ്ദേഹത്തിന് കിട്ടുന്ന അറിവു വച്ചുകൊണ്ടു 58-ാം വകുപ്പുപ്രകാരം ഉത്തരവ് പുറപ്പെടുവിക്കാം. അതിന് ഗവൺമെൻറിൻെറ അറിവോ സമ്മതമോ ആവശ്യമില്ല. അതിനെക്കുറിച്ചു് ഗവൺമെൻറിനു അദ്ദേഹത്തോടു ചോദിക്കേണ്ട ആവശ്യമില്ല. ചോദിക്കുവാൻ ഗവൺമെൻറ പുറപ്പെട്ടാൽ അദ്ദേഹം ആ ഉദ്യോഗം വിട്ടു പോകുവാൻ തയാറാകും.

ഡിസ്ട്രിക്ട് മജിസ്ട്രേട്ട് അദ്ദേഹത്തിന്റെ അധികാരംവച്ചുകൊണ്ടു പുറപ്പെടുവിക്കുന്ന ഉത്തരവു മൂലം ആർക്കെങ്കിലും സങ്കടമുണ്ടെങ്കിൽ അവർ പോയി ഹർജികൊടുത്താൽ അതു മാററാൻ കഴിയും. ബഹുമാനപ്പെട്ട മെമ്പർ ശ്രീ. എം. എൻ. ഗോവിന്ദൻ നായർ പറയുകയുണ്ടായി ഗവൺമെൻറ് അറിയാതെ അങ്ങനെയുള്ള ഒരു കാര്യവും നടക്കുകയില്ലെന്നു. ഗവൺമെൻറിനു അവകാശമില്ലാത്ത കാര്യങ്ങളിൽ ഇടപെടരുതെന്നു അദ്ദേഹവും ഇപ്പോഴത്തെ മന്ത്രിസഭയിലുള്ള ചില ആളുകളും ചേർന്നു മുമ്പു പ്രതിഷേധിച്ചിട്ടുള്ളതു മറന്നിരിക്കാൻ ഇടയില്ല. ഗവൺമെൻറിന്റെ ആജ്ഞയെ അനുസരിച്ചാണു ഡിസ്ട്രിക്ട് മജിസ്ട്രേട്ട് ഉത്തരവു പുറപ്പെടുവിച്ചതെന്ന അർത്ഥം വരത്തക്കനിലയിൽ അദ്ദേഹം പറഞ്ഞതു ശരിയല്ല. എന്റെ സ്നേഹിതൻ ശ്രീ. ദിവാകരൻ പ്രസ്താവിച്ചു, ഇങ്ങനെയുള്ള കാര്യങ്ങളിലൊന്നും ഗവൺമെൻറ് ഇടപെടരുതെന്നു. അതു ശരിയാണെന്നു എനിക്കു തോന്നുന്നില്ല.. ബോണസ്സ് കിട്ടാൻ അവകാശമുണ്ടെങ്കിൽ അതു കിട്ടണം. പത്തിനു പന്ത്രണ്ടാണു കൊടുക്കുന്നതെങ്കിൽ ഗവൺമെൻറിനു വിരോധമില്ല. എന്നാൽ പത്തു എന്നുള്ളതു ഒൻപതു എന്നാക്കിയാൽ അതു പാടില്ലെന്നു ഗവൺമെൻറു പറയും. മാത്രമല്ല അങ്ങനെ ആക്കരുതെന്നു നിർബന്ധിക്കുവാൻ ഗവൺമെൻറ് തയാറാകുകയും ചെയ്യും. ന്യായമായുണ്ടാകേണ്ട കാര്യങ്ങൾ നടക്കാതിരിക്കാൻ ഗവൺമെൻറ് ഗവൺമെൻറായിരിക്കുന്നിടത്തോളം കാലം അനുവദിക്കുന്നതല്ല. ഈ മന്ത്രി വന്നതിനു ശേഷമാണു ഇങ്ങനെയൊക്കെ നടക്കുന്നതെന്നു പറഞ്ഞാൽ ഞാൻ അതു കൃതാർത്ഥതയോടുകൂടി സ്വീകരിക്കും. എന്നാൽ ഈ മന്ത്രി വന്നതിനു ശേഷമാണു ഈ അക്രമങ്ങൾ നടക്കുന്നതെന്നു പറയുന്നതു തെററാണു. ന്യായമായി നടക്കേണ്ട കാര്യങ്ങൾ നടത്തുകതന്നെ ചെയ്യും. ഈ സംഗതി ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും ഈ സഭയുടെ ഗാഢമായ ശ്രദ്ധക്കു വിഷയീഭവിപ്പിക്കുന്നതിനും ഞാൻ ഈ അവസരം ഉപയോഗിച്ചുകൊള്ളുന്നു. ഡിസ്ട്രിക്ട് മജിസ്ട്രേട്ട് ചെയ്തതു തെററാണെന്നോ ശരിയാണെന്നോ പറയണമെങ്കിൽ കാര്യങ്ങൾ പലതും അറിയേണ്ടതുണ്ടു. ഇൻസ്പെക്ടർ ജനറൽകൂടി അവിടെ പോയാണു അറസ്റ്റ് നടത്തിയതെന്നു പറയുന്നതു തെററാണു. ശ്രീ. നൈനാൻ പറഞ്ഞതിൽ ചിലതു തെററാണു. അന്നു ൨൫ പേരെ അറസ്റ്റ് ചെയ്തു. അവരിൽ ചിലരെ ശിക്ഷിച്ചു. എത്രപേരെ എങ്ങനെ ശിക്ഷിച്ചു എന്നു നല്ല നിശ്ചയമില്ല. പിന്നീടു ൯ പേരെ അറസ്റ്റ് ചെയ്തിരുന്നു. അവരുടെ പേരിലുള്ള കേസുകൾ എന്തുതന്നെയായിരുന്നാലും ഒരു ജോലിയും അവിടെ നടക്കാതിരിക്കത്തക്കവണ്ണമുള്ള ചില പ്രവൃത്തികൾ ഉണ്ടായിട്ടുണ്ടു. പത്തിരുപതു കരുപ്പെട്ടി വാങ്ങിക്കൊണ്ടുപോയ ഒരാളെ ഭയപ്പെടുത്തി തിരിച്ചു ആ കടയിൽ ആ കരുപ്പെട്ടി കൊണ്ടുപോയി കൊടുപ്പിക്കുകയുണ്ടായി എന്നറിയുന്നു. തെററായ ധാരണയിൽ അവരെ പ്രേരിപ്പിച്ചതായിരുന്നാലും ബഹുമാനപ്പെട്ട ഈ സഭയിലെ അംഗങ്ങൾ അവരെ തിരുത്തുമെന്നു വിശ്വസിക്കുന്നു. ആരുടേയും അവകാശങ്ങളെ ധ്വംസിക്കുന്ന പ്രവൃത്തി ആരും ചെയ്യരുതെന്നു നിർബന്ധിക്കേണ്ടതു ഏതു സംഘടനയിൽപ്പെട്ട ആളുകളുടേയും ചുമതലയാണു. ന്യായരഹിതമായ മാർഗ്ഗങ്ങളിൽകൂടി പ്രവർത്തിക്കുന്നതു ശരിയല്ലെന്നും കച്ചവടവും വ്യവസായവും ഈ നാട്ടിൽ നടക്കേണ്ടതാണെന്നും ഈ സംഘത്തിൽപ്പെട്ട തൊഴിലാളി നേതാക്കന്മാരോടു ബഹുമാനപ്പെട്ട സഭയിലെ അംഗങ്ങൾ ഉപദേശിക്കേണ്ടതാണു. അങ്ങ

[Shri T. M. Varghese]

നെയാണെങ്കിൽ തീർച്ചയായും ഇങ്ങനെയുള്ള നിരോധന ഉത്തരവുകൾ ഉണ്ടാകാൻ പോകുന്നില്ല. നാം സ്നേഹിക്കുന്ന രാജ്യത്തെയും നമ്മെ വിശ്വസിച്ച് ഇവിടെ അയച്ചിരിക്കുന്ന പൊതുജനങ്ങളുടെ രക്ഷയേയും സുരക്ഷിതമാക്കാനുള്ള കർത്തവ്യം നമ്മുടേതാണ്. ആ കർത്തവ്യം ശരിയായി നിർവ്വഹിക്കുന്നതിന് എനിക്ക് എന്നുമാത്രം ആത്മാർത്ഥതയുണ്ടോ അതു മുഴുവൻ ഉപയോഗപ്പെടുത്തുമെന്ന് ഞാൻ ബഹുമാനപ്പെട്ട മെമ്പർമാരെ അറിയിച്ചുകൊള്ളുന്നു.

Mr. Speaker: Order, order. The session of the Assembly will stand adjourned *sine die.*

The Assembly adjourned sine die at 1-35 p. m.

V. KRISHNAMOORTHI

Secretary to the Legislative Assembly

APPENDIX A

Questions and Answers laid on the Table

(The numbers within brackets indicate the serial numbers in the list of admitted questions for the respective dates of which the questions were posted) *

Starred Questions posted for answer on 25-3-1952

ഹരിജൻ വിദ്യാർത്ഥികൾ

*൧൧൦. (൧൩) ശ്രീ. സി. സി. അയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു. അവശസമുദായവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

ഈക്കൊല്ലം പ്രൈമറി സ്കൂളുകളിലും ലോവർ സെക്കൻഡറി സ്കൂളുകളിലും കൊല്ലാരംഭത്തിൽ ഉണ്ടായിരുന്ന ഹരിജൻ വിദ്യാർത്ഥികളിൽ ആരെങ്കിലും പഠിപ്പു നിറുത്തിയിട്ടുണ്ടോ? ഉണ്ടെങ്കിൽ എത്രപേരുണ്ട്.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

വളരെ സ്കൂളുകളിൽനിന്നും വിവരം അറിയേണ്ടതുകൊണ്ട് ഉത്തരം തയാറായിട്ടില്ല. കണക്കുകൾ ശേഖരിക്കുന്നുണ്ട്.

ഹരിജൻ വിദ്യാർത്ഥികൾ

*൧൧൧. (൧൪) ശ്രീ. സി. സി. അയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു. അവശസമുദായ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഹരിജൻ വിദ്യാർത്ഥികളിൽ ഈക്കൊല്ലത്തെ ഗവമെൻറാനുകൂല്യങ്ങൾ ഇതേവരെ കിട്ടാത്തവർ വല്ലവരും ഉണ്ടോ? ഉണ്ടെങ്കിൽ എത്രപേരുണ്ട്?

(ബി) ഇല്ലെങ്കിൽ ആനുകൂല്യങ്ങൾ കൊടുത്തു തീർത്ത അവസാന തീയതി ഏതു്?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ, ബി) ഉണ്ടു്. പ്രധാനമായി ഇനിയും കൊടുക്കുവാനുള്ളതു് കൊച്ചി വിഭാഗത്തിൽപ്പെട്ട പ്രൈമറി സ്കൂളുകളിലെ കുട്ടികൾക്കാണ്. ഏകദേശം ഇരുപതിനായിരം കുട്ടികൾക്കു കൊടുക്കുവാനുണ്ടു്.

---

*The answers herein published are in respect of questions which were included in the lists for previous days of the session but for which answers were not ready on the respective days and were furnished subsequently Such answers together with the questions to which they relate were laid on the Table.

ബസ്സുകളിൽ യാത്രക്കൂലി

*൨൨൨. (൩൩) ശ്രീ. പരീതു രാവുത്തർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹു. ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കഴിഞ്ഞ ഏതാനും ദിവസങ്ങളിലായി പ്രൈവററു ബസ്സുകളിൽ യാത്രക്കൂലി വർദ്ധിപ്പിച്ചിട്ടുള്ളതു് ഗവമ്മെൻറ് അനുവാദത്തോടുകൂടിയാണോ;

(ബി) യാത്രക്കൂലി വർദ്ധിപ്പിച്ചതിൽ പൊതുജനങ്ങൾ പ്രതിഷേധിച്ചിട്ടുണ്ടോ?

(സി) ചാർജ്ജ് കുറക്കുന്നതിനു് ഗവമ്മെൻറ് വല്ല നടപടിയും നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ):

(എ) അല്ല.

(ബി) ചില റൂട്ടുകളിൽ യാത്രക്കൂലി വർദ്ധിപ്പിച്ചതിനെ സംബന്ധിച്ചു് പരാതി കിട്ടിയിട്ടുണ്ടു്.

(സി) ഗവമ്മെൻറ് ക്ലിപ്തപ്പെടുത്തിയിട്ടുള്ള ചാർജ്ജിൽ കൂടുതൽ വസൂലാക്കാതിരിക്കുവാൻ വേണ്ട നടപടികൾ എടുക്കുന്നുണ്ടു്.

കല്ലട ആററിലെ വെള്ളം

*൨൨൩. (൪൦) ശ്രീ. രാജഗോപാലൻ നായർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹു. പൊതുജനാരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) പുനലൂർ പേപ്പർ മില്ലിൽ നിന്നും അശുദ്ധജലം കല്ലട ആററിലേയ്ക്കു തുറന്നുവിടുന്നതുകൊണ്ടു് ആററിലെ വെള്ളം ഉപയോഗശൂന്യമാംവണ്ണം മലിനപ്പെടുന്നുവെന്നും സമീപപ്രദേശങ്ങളിൽ താമസിക്കുന്നവരുടെ ആരോഗ്യത്തെ അതു സാരമായി ബാധിക്കുന്നുവെന്നും കാണിച്ചു് ഗവമ്മെണ്ടിനു പരാതി കിട്ടിയിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ അതിനെ സംബന്ധിച്ചു എന്തു നടപടി എടുത്തു?

പൊതുജനാരോഗ്യ വകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ):

(എ) പരാതി കിട്ടിയിട്ടുണ്ടു്.

(ബി) പൊതുജനാരോഗ്യ വകുപ്പിൽ നിന്നും അന്വേഷണം നടത്തുകയും പരാതിയ്ക്കു ഹേതുവായ കാരണങ്ങളുടെ നിവാരണത്തിനു വേണ്ടുന്ന നടപടികൾ കൈക്കൊള്ളണമെന്നു് മിൽ അധികൃതന്മാരോടു നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ടു്.

ക്ഷയരോഗാശുപത്രി

*൨൨൪. (൪൧) ശ്രീ. രാജഗോപാലൻ നായർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹു. മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ക്ഷയരോഗാശുപത്രിയിൽ കിടക്കുന്ന രോഗികൾക്കു് അനുവദിച്ചിട്ടുള്ള ആഹാരസാധനങ്ങൾ അവക്കു മുഴുവനും ലഭിക്കുന്നില്ലെന്നു ഗവമ്മെൻറിൻെറ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ?

(ബി) അവിടത്തെ കൺട്രാക്ടറെപ്പററി രോഗികളുടെ പരാതി ലഭിച്ചിട്ടുണ്ടോ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ):

(എ) ഇല്ല.

(ബി) ഉവ്വ്.

വെള്ളക്കരം

*൨൨൫. (൪൪) ശ്രീ. കുഞ്ഞിത്തൊമ്മൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട കൃഷി ജലസേചന വകുപ്പു മന്ത്രി സദയം മറുപടി പറയുമോ:—

(എ) തൃവണംകോട്ടു മേജർസ്കീം നമ്പർ ൧. ബി. എം. കനാൽ നിലങ്ങളുടെ നിരപ്പിൽനിന്നും താഴ്ന്ന കിടക്കുന്നതുകൊണ്ട് നിലങ്ങളിൽ വെള്ളം കിട്ടുന്നില്ലെന്നും മററും കാണിച്ച് മാണിക്കമംഗലം പകുതി മററൂർ നിവാസികളുടെ വല്ല ഹരജിയും ലഭിച്ചിട്ടുണ്ടോ;

(ബി) അങ്ങിനെ നിലങ്ങളിൽ വെള്ളം കിട്ടാതെ കൃഷി നശിച്ചു പോയതായി ഗവമ്മെൻറിൻെറ അറിവിൽ പെട്ടിട്ടുണ്ടോ;

(സി) എന്നാൽ അപ്രകാരമുള്ള ഹരജികൾ ലഭിച്ചശേഷവും അധികൃതർ അതു് ശരിപ്പെടുത്തിക്കൊടുക്കുവാൻ വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ?

ധനകാര്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഉണ്ട്.

(ബി) അതിനെക്കുറിച്ച് അന്വേഷിച്ചു കൊണ്ടിരിക്കുകയാണ്.

(സി) അതിന് ആവശ്യമായ അന്വേഷണങ്ങൾ നടത്തിവരികയാണ്.

ഇറിഗേഷൻ പമ്പുകൾ

*൨൨൬. (൪൫) ശ്രീ. കുഞ്ഞിത്തൊമ്മൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട കൃഷിയും, ജലസേചനവും വകുപ്പു മന്ത്രി ദയവായി ഉത്തരം പറയുമോ:—

(എ) വെള്ളാരപ്പള്ളിയിൽ ഭക്ഷ്യോല്പാദന വികസനത്തിനുവേണ്ടി ഇറിഗേഷൻ പമ്പുകൾ സ്ഥാപിക്കുന്നതിനും, തോടുകൾ വെട്ടിക്കുന്നതിനുമായി വല്ല അപേക്ഷകളും കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു?

ധനകാര്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഉണ്ട്.

(ബി) അന്വേഷണത്തിൽ ഇരിക്കുകയാണ്.

MOTOR ACCIDENTS

*227. [46] **Shri M. M. Abdul Kader:** Will the Minister for Police and Jails be pleased to state:

(*a*) the number of motor accidents within the Alwaye Police Station limits in 1951;

(*b*) the number of such accidents resulting in deaths to pedestrains;
(*c*) the number of cases charged in this connection;
(*d*) in how many such accidents resulting death or injury to pedestrains all insurance claims were paid;

Minister for Home Affairs **(Shri T. M. Varghese):**

(*a*) 30.
(*b*) 6.
(*c*) 19.
(*d*) Nil.

ബയൻറിംഗ് തൊഴിലാളികൾ

*൨൨൮ (൪൮) ശ്രീ. ആർ. സുഗതൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട സ്റ്റേഷനറി പ്രിൻറിംഗ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:—

(എ) ഗവമെൻറ് പ്രസ്സിൽ (തിരുവനന്തപുരം) ജോലിചെയ്യുന്ന പെർമനൻറ് തൊഴിലാളികൾ എത്ര; ടെമ്പററി തൊഴിലാളികൾ എത്ര?

(ബി) ബയൻറിംഗ് സെക്ഷനിൽ എത്ര സബ്സ്റ്റിററ്യൂട്ടുകൾ ഉണ്ട്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) പെർമനൻറ് ൯൧.
ടെമ്പററി ൧൩.
(ബി) ൩.

കുത്തകപ്പാട്ടം

*൨൨൯ (൫൩) ശ്രീ. കെ. ജെ. തോമസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ.—

(എ) കെയർ—ടേക്കർ ഗവമെൻറ് വന്നതിൽ പിന്നെ ഗവമെൻറ് ഭൂമി ആർക്കെങ്കിലും കുത്തകപ്പാട്ടത്തിന് കൊടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആകെ എത്ര ഏക്കർ;

(സി) അങ്ങനെ ഒരു വ്യക്തിക്ക് ഏററവും കൂടുതൽ കൊടുത്തിട്ടുള്ളത് എത്ര ഏക്കറാണ്?

(ഡി) അതിൻെറ കാലാവധി എത്ര വർഷമാണ്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഉണ്ട്.
(ബി) ൧൨ ൭·൦൯ ഏക്കർ.
(സി) ൧൨·൯ ൦ ഏക്കർ.
(ഡി) ൧൨ കൊല്ലം.

അടൂർ കുഷ്ഠരോഗാശുപത്രി

*൨൩൦. (൫൫) ശ്രീ. അച്ചുതമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) അടൂർ കുഷ്ഠരോഗാശുപത്രിയിൽ എത്ര രോഗികൾക്ക് താമസസൌകര്യമുണ്ട്;

(ബി) ഇപ്പോൾ ആ ആശുപത്രിയിൽ എത്ര രോഗികളുണ്ട്?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ):

(എ) ൩൧൦.

(ബി) ൩൧൦.

SACHIVOTHAMAPURAM COLONY

***231. [66] Shri N. Raghava Kurup :** Will the Minister for Harijan Uplift and Protection of Backward Communities be pleased to state whether any hon. Member of this Assembly draws any pay or allowance from the Sachivothamapuram colony, at Kuruchi and if so the amount of such pay or allowance ?

Minister for Local Self Government **(Shri K. Kochukuttan) :** No hon. Member of the Legislative Assembly is receiving any pay or allowance from the Sachivothamapuram colony at Kuruchi. But Shri T. T. Kesavan Sastri, Hony. Educational Officer in the Department for the Advancement of Backward Communities, is receiving a consolidated conveyance allowance of Rs. 75 p. m. from the Department.

പബ്ലിക്ക് സർവ്വീസ്

*൨൩൨ (൧൩) ശ്രീ. എം. ഗോപാലൻ നായർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പബ്ലിക്ക സർവ്വീസ് കമ്മീഷൻ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:—

(എ) പബ്ലിക്ക് സർവ്വീസ് കമ്മീഷൻ ലോവർ ഡിവിഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ആളുകളുടെ എണ്ണം എത്ര;

(ബി) ഇതിൽ എത്രപേർക്ക് ജോലികൊടുത്തിട്ടുണ്ട്;

(സി) ഇനി എത്രപേർക്ക് ജോലികൾ കൊടുക്കാനുണ്ട്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ൩൭൫൦.

(ബി) ൨൨൫൭.

(സി) ൪൫൩൨.

സർവ്വീസ് സംയോജനം

*൨൩൩ (൧൯) ശ്രീ. ജോസഫ് വാഴപ്പിള്ളി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ്മന്ത്രി സദയം മറുപടി പറയുമോ:—

(എ) സർവ്വീസ് സംയോജനം സംബന്ധിച്ച് ഇവിടെ സെക്രട്ടറിമാരെക്കൊണ്ടോ അസിസ്റ്റൻറ് ഡെപ്യൂട്ടി സെക്രട്ടറിമാരെക്കൊണ്ടോ ഏതെങ്കിലും റിപ്പോർട്ടുകൾ ഉണ്ടാക്കിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്രയെണ്ണം;

(സി) ഏതെല്ലാം തീയതികളിലാണ് അവ ഉണ്ടാക്കിച്ചത്?

(ഡി) അവ ഓരോന്നിന്മേലും ഗവമ്മെൻറ് എന്തു നടപടികളെടുത്തു;

(ഇ) ഈ റിപ്പോർട്ടുകൾ ഏതെങ്കിലും ഇൻഡ്യാ ഗവമ്മെൻറിൻെറ അഭിപ്രായത്തിന അയയ്ക്കുകയുണ്ടായിട്ടുണ്ടോ;

(എഫ്) ഇക്കാര്യത്തെ സംബന്ധിച്ച് ഇൻഡ്യാഗവമ്മെൻറിൽ നിന്നും എന്തെങ്കിലും അഭിപ്രായങ്ങൾ ഇവിടെ ലഭിച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഉവ്വ്. അഡീഷനൽ ഫൈനാൻസ് സെക്രട്ടറി ആയിരുന്ന ശ്രീ. ജി. കെ. ഗോപാലസ്വാമിയെക്കൊണ്ടു്.

(ബി) ഒന്നു്.

(സി) ൧൯൫൦-ജൂൺമാസത്തിൽ.

(ഡി) ശ്രീ. ഗോപാലസ്വാമിയുടെ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ സവ്വീസ് സംയോജനത്തിനുവേണ്ടി ചില തത്വങ്ങൾ സ്വീകരിക്കുകയും ആ തത്വങ്ങൾ ൧൯൫൦ സെപ്തംബർ ൨൭-ാംനു-യിലെ എസ്സ്. ഒ. ൧൨,൩൭൫/൫൦ സി. എസ്സ്.-ാംനമ്പർ ഗവമ്മെൻറു കല്പനയിൽ ഉൾക്കൊള്ളിക്കുകയും ചെയ്തു.

(ഇ) ഉവ്വ്.

(എഫ്) ഉവ്വ്.

കണ്ണന്നൂർ താലൂക്കിലെ എലക്ട്രിസിററി സപ്ലൈ

*൨൩൪. (൨൦) ശ്രീ. പി. സി. ആദിച്ചൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കണ്ണന്നൂർ താലൂക്കിൽ അടൂർ എന്ന സ്ഥലത്തേക്ക് എലക്ട്രിസിററി സപ്ലൈ ചെയ്തിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതുസംബന്ധിച്ച് എന്തെങ്കിലും ജോലി പുരോഗമിച്ചിട്ടുണ്ടോ;

(സി) അടൂർനിന്നും അനന്തപള്ളി, പറക്കോട്ട്, ഏനാത്ത് എന്നീ വ്യവസായ കേന്ദ്രങ്ങളിലേക്ക് എലക്ട്രിസിററി നീട്ടിക്കിട്ടണമെന്ന് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്നു്?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ):

(എ) ഉണ്ടു്.

(ബി) 'എ' യുടെ ഉത്തരംകൊണ്ടു് ഉദിക്കുന്നില്ല.

(സി) അനന്തപള്ളി, പറക്കോട്ട് ഈ കേന്ദ്രങ്ങളിലേക്ക് വിദ്യുച്ഛക്തി ലൈൻ നീട്ടുന്നതിന് അപേക്ഷകൾ ലഭിച്ചിട്ടുണ്ടു്. ഏനാത്തേയ്ക്കു വിദ്യുച്ഛക്തി നീട്ടണമെന്നുള്ള നിവേദനം കിട്ടിയിട്ടില്ല.

(ഡി) പറക്കോട്ടേക്കുള്ള ഹർജി ൧൯൫൦ ആഗസ്റ്റ് ൨൩-ാംനു-യിലും അനന്തപള്ളിയിലേക്കുള്ളതു് ൧൯൫൧ ഫെബ്രുവരിയിലും ലഭിച്ചു.

അദ്ധ്യാപകന്മാരുടെ ശമ്പളസ്കെയിൽ

*൨൩൫. (൨൧) ശ്രീ. പി. സി. ആദിച്ചൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി പറയുമോ.—

(എ) പ്രൈവററു മിഡിൽ സ്കൂളിലെ അദ്ധ്യാപകന്മാരുടെ ശമ്പളസ്കെയിൽ എന്തു്;

(ബി) ഗവൺമെൻറ മിഡിൽ സ്കൂളിലെ അദ്ധ്യാപകന്മാരുടെ ശമ്പള സ്കെയിൽ എന്തു്;

(സി) ഗവൺമെൻറ മിഡിൽ സ്കൂളിലെ അദ്ധ്യാപകന്മാരുടെ ശമ്പള സ്കെയിൽ പ്രൈവററ മിഡിൽ സ്കൂൾ അദ്ധ്യാപകന്മാരുടെ സ്കെയിലിനെക്കാൾ കുറവാണോ;

(ഡി) അങ്ങിനെയാണെങ്കിൽ അതിൽ മാററം വരുത്താൻ ഗവൺമെൻറു് ഉദ്ദേശിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) തിരുവിതാംകൂർ വിഭാഗം

Rs. ൩൦–൩/൨–൬൦.

കൊച്ചി

Rs. ൩൦–൪–൫൦–൫–൧൫.

(ബി) തിരുവിതാംകൂർ വിഭാഗം

Rs. ൨൨–൫–൨൭; Rs. ൩൦; &

Rs. ൩൦–൩/൫–൬൦.

കൊച്ചി

Rs. ൩൦–൪–൫൦–൫–൧൫.

(സി) ചിലതിൽ കുറവാണു്.

(ഡി) ഉണ്ടു്.

എക്സൈസ് ഡിപ്പാർട്ടുമെൻറു്

*൨൩൬. (൭൨) ശ്രീ. പി. സി. ആദിച്ചൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) എക്സൈസ് ഡിപ്പാർട്ടുമെൻറിലെ ഏററവും താഴ്ന്ന ഉദ്യോഗസ്ഥന്മാരുടെ ശമ്പളസ്കെയിൽ എന്തു്;

(ബി) അവരുടെ ശമ്പളസ്കെയിൽ വർദ്ധിപ്പിക്കുന്നതിനു് ഗവൺമെൻറ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ആ ഡിപ്പാർട്ടുമെൻറിലെ എല്ലാ ഉദ്യോഗസ്ഥന്മാരുടേയും ശമ്പളപരിഷ്കാരം സംബന്ധിച്ചു് എന്തെങ്കിലും നടപടി ഗവർമ്മെൻറ എടുത്തിട്ടുണ്ടോ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ):

(എ) ഇരുപതു ഉറുപ്പിക.

(ബി) ഗവൺമെൻറിൻെറ പര്യാലോചനയിൽ ഇരിക്കുന്നു.

(സി) ഇല്ല.

അഡ്മിനിസ്റ്റ്രേററർ നിയമനം

*൨൩൧. (൭൪) ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ:—

(എ) തിരു–കൊച്ചിയിലേക്കു് കേന്ദ്രത്തിൽനിന്നും ഒരു അഡ്മിനിസ്റ്റ്രേട്ടറെയോ, ഉപദേഷ്ടാവിനേയോ നിയമിക്കാൻ പോകുന്നു എന്നു കേൾക്കുന്നതു് ശരിയാണോ;

(ബി) ശരിയാണെങ്കിൽ ഇക്കാര്യത്തിൽ ഈ ഗവമ്മെൻറിൻെറ നില എന്താണെന്നു വ്യക്തമാക്കാൻ ദയവുണ്ടാകുമോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ:)

(എ) അറിവില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ഭരണഘടനയിലെ ൩൭൧-ാം വകുപ്പ്

*൨൩൮. (൮൫) ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) ൩൭൧-ാം വകുപ്പിൻെറ പരിധിയിൽനിന്നും തിരു-കൊച്ചിയെ ഒഴിവാക്കുന്നതു സംബന്ധിച്ചു് ഈ ഗവമ്മെൻറ് കേന്ദ്രത്തിൻെറ അടുക്കൽ എന്തെങ്കിലും നിവേദനം നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻെറ ഫലമെന്താണു്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഉണ്ടു്.

(ബി) ഇൻഡ്യാഗവമ്മെൻറ് സമ്മതിച്ചിട്ടില്ല.

ഭരണഘടനയിലെ ൩൭൧-ാം വകുപ്പ്

*൨൩൯. (൮൩) ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) ൩൭൧-ാം വകുപ്പിൻെറ പ്രവത്തനം ബാധകമാക്കാതിരിക്കാനുള്ള അർഹത തിരു-കൊച്ചി നേടിയിട്ടില്ലെന്നു് കേന്ദ്രഗവമ്മെൻറിൽ സ്റ്റേറ്റ്സ് മിനിസ്റ്റർ ശ്രീ. ഗോപാലസ്വാമി അയ്യങ്കാർ പ്രസ്താവിച്ചതു് ഗവമ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഈ ഗവമ്മെൻറിൻെറ നില എന്താണെന്നു് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഉണ്ടു്.

(ബി) ഈ ഗവമ്മെൻറിൻെറ അഭിപ്രായം ഇൻഡ്യാഗവമ്മെൻറിനെ അറിയിക്കുന്നതാണു്.

വയോജന വിദ്യാഭ്യാസം

*൨൪൦. (൮൧) ശ്രീ. പി. സദാശിവൻപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരു-കൊച്ചി വയോജന വിദ്യാഭ്യാസബോർഡിൻെറ കീഴിൽ എത്ര വയോജന (സാമൂഹ്യ) വിദ്യാഭ്യാസകേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ടു്;

(ബി) വയോജന വിദ്യാഭ്യാസബോർഡു് സ്ഥാപിതമായിട്ടു് എത്ര വർഷമായി; ഇതുവരെ എത്ര രൂപാ ബോർഡു് ചെലവഴിച്ചിട്ടുണ്ടു്;

(സി) ഓരോ വയോജന (സാമൂഹ്യ) വിദ്യാഭ്യാസകേന്ദ്രങ്ങളുടെയും നടത്തിപ്പിന് എത്ര രൂപാവീതം ചെലവാക്കിയിട്ടുണ്ട്;

(ഡി) ഈ കേന്ദ്രങ്ങളുടെ ചുമതല വഹിക്കുന്നവർ ആരാണ്;

അവർക്ക് ഓരോരുത്തർക്കും എത്ര രൂപാവീതം വേതനം നൽകുന്നുണ്ട്;

(ഇ) കേന്ദ്രഗവൺമെന്റിൽനിന്നും ഇവിടത്തെ ഗവൺമെന്റിന് ഇത്തരം പ്രവർത്തനങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള സഹായധനം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര;

(എഫ്) വയോജന (സാമൂഹ്യ) വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കുവേണ്ടി തിരുവനന്തപുരത്ത് ഒരു പരിശീലനകേന്ദ്രം നടത്തുന്നുണ്ടോ;

ഈ കേന്ദ്രത്തിന്റെ പ്രവർത്തനം തുടർന്നു നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

ഈ കേന്ദ്രത്തിൽനിന്നും എത്ര പരിശീലനക്കാരെ പുറത്തയച്ചിട്ടുണ്ട്;

ഈ കേന്ദ്രത്തിന്റെ നടത്തിപ്പിനായി ബോർഡിൽനിന്നും എന്തു തുക ചെലവാക്കിയിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ൩൯, പക്ഷേ ഇപ്പോൾ ൩൩ എണ്ണമേ പ്രവർത്തനത്തിൽ ഇരിക്കുന്നുള്ളൂ.

(ബി) ഒന്നര വർഷം.

രൂപാ ൩൫,൪൯൭—൭—൦.

(സി) രൂപാ ൧൩൮—൮—൦.

(ഡി) പരിശീലനം സിദ്ധിച്ച ആർഗനൈസർമാർ.

പ്രതിമാസം ൪൦ രൂപാ.

(ഇ) ഇല്ല.

ചോദ്യം ഉദിക്കുന്നില്ല.

(എഫ്) ഉണ്ട്.

ഉണ്ട്.

൪൦.

രൂപാ ൧൧,൪൯൭—൩—൦.

CONTRACT FOR REMOVING WOOD

†*241: [89] **Shri K. P. Nilakanta Pillai:** Will the Minister for Forests be pleased to state.—

Whether it is a fact that the contract for removing 175000 c. ft. of wood from Deviar Coupe of Neriamangalam Range has been given to any one without calling for tenders; and if so, who was the person concerned?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ): നേരിയമംഗലം റേഞ്ചിൽ ഭക്ഷ്യോൽപാദനപദ്ധതിയനുസരിച്ച് കൃഷിചെയ്യുവാൻ വേർതിരിച്ചിട്ടുള്ള ഉദ്ദേശം ൨൨൫ ഏക്കർ വരുന്നതും ദേവിയാർ എന്ന വി

† Questions Nos. 241 and 242 are included in the proceedings as they were given notice of by the hon. Shri K. P. Nilakanta Pillai before he was elected to the office of Speaker.

ളിക്കപ്പെടുന്നതുമായ ഒരു ക്ലിപ്പിലെ മരങ്ങൾ വെട്ടിമാററുന്നതിന് ഒരു അടിയന്തിരമായ കാൺട്രാക്ട് അതിനടത്തുനടത്തിവരുന്ന അത്തരം മററു കോൺട്രാക്ടുകൾക്കും കൊടുത്തിട്ടുള്ളവയിൽവെച്ച് ഏററവും ചുരുങ്ങിയ നിരക്കിനു അനുവദിക്കുകയുണ്ടായിട്ടുണ്ട്. അതു് സി. എം. മമ്മി, എൻ. വി. മൊയ്തു എന്നീ രണ്ടു കൂട്ടു കൺട്രാക്ടർമാരുടെ പേരിലാണ് അനുവദിച്ചിട്ടുള്ളതു്.

REGISTRY OF FOREST LAND

†*242. [90] **Shri K. P. Nilakanta Pillai**: Will the Minister for Forests be pleased to state whether it is a fact that 3,000 acres of forest land has been ordered to be registered in the name of Mr. A. G. Ninan from Kulathupuzha?

Minister for Medicine and Public Health **(Shri V. Madhavan):** No.

ഇരിഞ്ഞാലക്കുട മുനിസിപ്പാലിററി

*൨൪൩. (൯൪) ശ്രീ. വാറുണ്ണി പുളിക്കൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുനിസിപ്പാലിററിവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഇരിഞ്ഞാലക്കുട മുനിസിപ്പാലിററിക്ക് സംയോജനത്തിനു മുമ്പ് രണ്ടുലക്ഷം ഉറുപ്പികയുടെ കടം അനുവദിച്ചിരുന്നോ;

(ബി) കടം കൊടുത്തിരുന്നതു് പ്രത്യേകം ചില പണികൾക്കല്ലെ;

(സി) അതിൽ എത്ര പണി നടത്തി;

(ഡി) പ്രത്യേക ചില പണികൾക്കായി കടം അനുവദിച്ചിട്ടുള്ളതിൽ ഒരു പണി ആഫീസ് കെട്ടിടം പണിയാണോ;

(ഇ) ടി പണിയുടെ അടങ്കൽ തയ്യാറാക്കുക, തുടർന്നുള്ള അനുവാദങ്ങൾ കൊടുക്കുക മുതലായതു ഇതുവരെ നടന്നിട്ടുണ്ടോ;

(എഫ്) നടന്നിട്ടില്ലെങ്കിൽ താമസത്തിന് ഉത്തരവാദി ആരാണ്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) അനുവദിച്ചിരുന്നു.

(ബി) അതെ.

(ബി) റോഡ് കോൺക്രീററ് പണി മാത്രം പൂർത്തിയായി.

(ഡി) അതെ.

(ഇ) നടന്നിട്ടുണ്ട്.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

നെല്ലെടുപ്പ്

*൨൪൪. (൯൫) ശ്രീ. വാറുണ്ണി പുളിയ്ക്കൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരു-കൊച്ചി സംസ്ഥാനത്തിൽ ൧൯൪൯, ൧൯൫൦, ൧൯൫൧ ഈ കൊല്ലങ്ങളിൽ എത്ര നെല്ല് ഗവമ്മെൻറിൽനിന്നും എടുത്തിട്ടുണ്ട്;

(ബി) ലെവി സമ്പ്രദായം ഏർപ്പെടുത്തിയതിനുശേഷം ആകെ സംസ്ഥാനത്തു നെല്ല് കൂടുതലോ, കുറവോ എടുത്തിട്ടുള്ളതു്;

(സി) നെല്ലെടുപ്പുദ്യോഗസ്ഥന്മാരിൽ ആരെയെങ്കിലും അഴിമതി കുററമുള്ളവരായി ഏതെങ്കിലും അവസരത്തിൽ കണ്ടുപിടിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രപേരെ;

ധനകാര്യവും, സിവൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ൧൯൪൯ — ൧,൪൨,൨൯,൦൩൨ പറ.
൧൯൫൦ — ൧,൩൪,൪൫,൬൩൮ ,,
൧൯൫൧ — ൧,൨൩,൩൯,൧൮൩ ,,

(ബി) ലെവി സമ്പ്രദായം നടപ്പാക്കിയതു് ൧൯൫൧ ഫെബ്രു, വരി മുതല്ക്കാണ്. ലെവി സമ്പ്രദായം നടപ്പാക്കിയതിനുശേഷം എടുത്തിട്ടുള്ള നെല്ല് ൧൯൪൯-ലും, ൧൯൫൦-ലും എടുത്തതിനെക്കാറം കുറവാണ്.

(സി) ഉണ്ട്. ൮ പേരെ.

Land Committee

***245. [97] Shri Nedumangad R. Kesavan Nair:** Will the Ministe for Land Revenue be pleased to state.—

(*a*) whether the Land Committee has submitted their report and if so the date when the same has been submitted;

(*b*) the expenditure incurred on behalf of such committee; and

(*c*) whether any of the recommendations of the Committee has been implemented?

Chief Minister **(Shri A. J. John):** (*a*) Yes. 25—10—1950.

(*b*) Rs. 28,631—0—4.

(*c*) No. The Report is under the consideration of Government.

തടവുകാർ

*൨൪൬. (൯൮) ശ്രീ. അച്യുതമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ജയിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) സീതാറാംമിൽസ് കരിഞ്ചന്തക്കേസിൽ ശിക്ഷിക്കപ്പെട്ട ചേലൂർ ഇട്ടിരവി നമ്പൂതിരി എത്ര കാലമായി തൃശ്ശൂർ ആശുപത്രിയിൽ കിടക്കുന്നു;

(ബി) ഇതിനുമുമ്പ് ഇത്രയുംകാലം ഏതെങ്കിലും ജയിൽപുള്ളിയെ ആശുപത്രിയിൽ കിടത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ആരെ?

അഭ്യന്തരകാര്യമന്ത്രി (ശ്രീ. ടി. എം. വർഗ്ഗീസ്):

(എ) ശ്രീ. ചേലൂർ ഇട്ടിരവി നമ്പൂതിരി ൨൦—൮—൧൯൫൧ മുതൽ ൪—൩—൧൯൫൨ വരെ ഉള്ള ൬ മാസം ൧൪ ദിവസം തൃശ്ശൂർ സിവിൽ ആശുപത്രിയിൽ കിടക്കുകയും ൪—൩—൧൯൫൨-ൽ അനാരോഗ്യ കാരണങ്ങളാൽ മോചിപ്പിക്കുകയും ചെയ്തു.

(ബി) ഉണ്ടു്.

(സി) ൧൨൩-ന് ശേഷം ശ്രീ. ഇട്ടിരവി നമ്പൂതിരി ചികിത്സയിൽ ഇരുന്ന കാലത്തിൽ കൂടുതലായി. ബാലൻ, ഉണ്ണീരി, പാറം, അബൂബേക്കർ, നാരായണൻ, ശങ്കുണ്ണിനായർ എന്നീ ആറു തടവുകാർ ശരാശരി മൻപത്തുമാസംമുതൽ പതിനേഴുമാസംവരെയും, ഔസേപ്പ്, വൈച്ചി എന്നീരണ്ടുതടവുകാർ യഥാക്രമം ൧൦-൩-൧൧൨൭ ൧൨൪-൮-൧൧൨൭ എന്നീ തീയ്യതിമുതൽ ഇപ്പോഴും ആശുപത്രിയിൽ ചികിത്സയിൽ ഇരിക്കുകയാണ്.

സീതാറാം മിൽസ്

*൨൪൧. (൭൭) ശ്രീ. അച്യുതമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) സീതാറാം സ്പിന്നിംഗ് ആൻഡ് വീവിംഗ് മിൽസിലെ തൊഴിൽ തക്കത്തെ സംബന്ധിച്ച ൧൧൨൪-ലെ ഹൈക്കോട്ട് ജഡ്ജി നന്ദൻമേനോൻെറ അവാർഡ് വിധിയുടെ മേൽ ബോംബെ അപ്പ്ലേററ് ട്രിബ്യൂണൽ നൽകിയ അവസാനവിധി സീതാറാം കമ്പനി മാനേജുമെൻറ് നടപ്പാക്കിയിട്ടുണ്ടോ;

(ബി) നടപ്പാക്കാതിരിക്കയാണ് ചെയ്തിട്ടുള്ളതെങ്കിൽ ഗവമ്മെൻറ ആ മാനേജുമെൻറിൻെറ പേരിൽ വല്ല നടപടിയും എടുത്തിട്ടുണ്ടോ ?

(സി) ആ വിധിപ്രകാരം തൊഴിലാളികൾക്ക് കുടിശിഖയായി കിട്ടേണ്ടുന്ന സംഖ്യ എത്രയാണെന്നും പറയാമോ;

ധനകാര്യവും, സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) ഉവ്വ്.

(ബി) ഇല്ല.

(സി) കുടിശിഖസംഖ്യ എത്രയാണെന്നുള്ള വിവരം ലഭിച്ചിട്ടില്ല

കേരോല്പന്നങ്ങളുടെ വിലയിടിവ്

*൨൪൮. (൧൦൪) ശ്രീ. എ. എൽ. ജേക്കബ്ബ്: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി നൽകുമോ.—

ഇൻഡ്യാ ഗവമ്മെൻറ് കേരോല്പന്നങ്ങളുടെ ഇറക്കമതിതീരുവ കുറച്ചതിനെത്തുടന്ന ഇവിടത്തെ കേരോല്പന്നങ്ങളുടെ വിപണിയിൽ ഉണ്ടായിരിക്കുന്ന വിലയിടിവുമൂലം കേരകർഷകക്ക നേരിട്ടിരിക്കുന്ന അധഃപതനത്തെ തടയുവാൻ ഈ ഗവമ്മെൻറ് എന്തെങ്കിലും നടപടി കൈക്കൊള്ളുക ഉണ്ടായിട്ടുണ്ടോ?

ധനകാര്യവും, സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): ഉണ്ട്. കൊപ്രയുടേയും വെളിച്ചെണ്ണയുടേയും ഇറക്കമതിതീരുവ കുറച്ചുകൊണ്ടുള്ള ഇൻഡ്യാ ഗവമ്മെൻറിൻെറ ഉത്തരവിനെ പുനപരിശോധന ചെയ്യുവാൻ ഗവമ്മെൻറ് ശക്തിയായി നിവേദനങ്ങൾ നടത്തിയിട്ടുണ്ട്.

യാത്രപ്പടി

*൨൪൯. (൭൦൧) ശ്രീ. രാജഗോപാലൻ നായർ: താഴെ കാണുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

പൊതുതെരഞ്ഞെടുപ്പിനുവേണ്ടി അന്യസ്ഥലങ്ങളിൽ പോയി കഷ്ടപ്പെട്ടു പണിയെടുത്ത എൻ.ജി.ഒ. മാർക്ക് അനുവദിച്ചിട്ടുള്ള അലവൻസ് ഇതുവരേയും കൊടുത്തിട്ടുണ്ടോ?

ധനകാര്യവും, സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): മിക്കതും കൊടുത്തുകഴിഞ്ഞു. ആരെങ്കിലും മേടിക്കാതെ ഉണ്ടോ എന്നറിവില്ല. എല്ലാവർക്കും ഇതു വാങ്ങിക്കുവാനുള്ള ഏർപ്പാടുകൾ എല്ലാം ചെയ്തിട്ടുണ്ട്.

ട്രാവൽ ബ്യൂറോ

*൨൫൦. (൭൭൦) ശ്രീ. ററി. ഏ. മജീദ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) മദ്യനിരോധന പ്രദേശങ്ങളിൽ മദ്യവ്യാപാരം നടത്താൻ തിരു-കൊച്ചി ട്രാവൽ ബ്യൂറോയ്ക്ക് അനുമതി നൽകിയിട്ടുണ്ടോ;

(ബി) അങ്ങനെ നൽകിയിട്ടുണ്ടെങ്കിൽ അതിനു ഗവമ്മെൻറിനെ പ്രേരിപ്പിച്ച കാരണം എന്താണെന്നു പറയാമോ?

മുഖ്യമന്ത്രി (ശ്രീ. എ.ജെ. ജോൺ): (എ) ഇല്ല. പക്ഷെ വിദേശീയരായ സഞ്ചാരികൾക്കും മദ്യം ഉപയോഗിക്കുന്നതിന് പെർമിററുള്ള മററു സഞ്ചാരികൾക്കും മദ്യം വിൽക്കുന്നതിനുള്ള അധികാരം പ്രസ്തുത കമ്പനിക്ക് കൊടുത്തിട്ടുണ്ട്.

(ബി) ഇൻഡ്യയുടെ ഡോളർ ബാലൻസ് വർദ്ധിപ്പിക്കാൻ അമേരിക്കയിൽനിന്നും മററുമുള്ള വിദേശസഞ്ചാരികളെ ഇൻഡ്യയിലേക്കാകർഷിക്കുവാൻ വേണ്ടി മദ്യനിരോധന മേഖലകളിൽ മദ്യനിരോധനനിയമം ആവശ്യമെന്നു തോന്നുന്ന വിധത്തിൽ അയവുവരുത്തേണമെന്നുള്ള ഇൻഡ്യാ ഗവമ്മെൻറിൻെറ നിർദ്ദേശം അനുസരിച്ച് ഈ സംസ്ഥാനത്തെ ടൂറിസ്ററ് ഏജൻസി ആയ തിരുവിതാംകൂർ-കൊച്ചി ട്രാവൽബ്യൂറോ ലിമിററഡിന് പ്രസ്തുത അധികാരം നൽകിട്ടുണ്ട്.

പാഠപുസ്തകങ്ങളുടെ തിരഞ്ഞെടുപ്പ്

*൨൫൭. (൭൭൨) ശ്രീ. ഏ. എൽ. ജേക്കബ്ബ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം ഉത്തരം പറയുമോ.—

(എ) തിരു-കൊച്ചി സംസ്ഥാനത്തിലെ വിദ്യാലയങ്ങളിലേക്കുള്ള പാഠപുസ്തകങ്ങൾ അവസാനമായി തിരഞ്ഞെടുക്കുന്നതു് ആരാണ്; എന്തു മാനദണ്ഡം വച്ചാണ് അവർ ആ തിരഞ്ഞെടുപ്പ് നടത്തുന്നതു്;

(ബി) ഗ്രന്ഥങ്ങൾ പരിശോധിക്കുന്നതിനു നിയോഗിക്കപ്പെടുന്നവർ നല്ലതെന്നു ഏകകണ്ഠമായി അഭിപ്രായപ്പെടാത്ത പുസ്തകങ്ങൾ കഴിഞ്ഞ അഞ്ചുകൊല്ലത്തിനുള്ളിൽ എപ്പോഴെങ്കിലും പാഠപുസ്തകമാക്കിയിട്ടുണ്ടോ;

(സി) പ്രതിവർഷം ഗവണ്മെന്റ നിശ്ചയിക്കുന്ന പാഠപുസ്തകങ്ങൾ താരതമ്യേന മോശങ്ങളും പ്രമാദജടിലങ്ങളും സ്റ്റാൻഡേർഡിന് പററാത്തവയുമാണെന്ന് അദ്ധ്യാപകന്മാരിൽനിന്നും പൊതുജനങ്ങളിൽനിന്നും ആക്ഷേപമുണ്ടായിട്ടുണ്ടോ;

(ഡി) ഒരേക്ലാസിലേക്ക പരിശോധകർ ഒന്നിലധികം പുസ്തകങ്ങൾ നല്ലതാണെന്ന് ഏകകണ്ഠമായി റിപ്പോർട്ടുചെയ്താൽ ആ നല്ലവയിൽ സ്വീകാര്യമേതെന്ന് നിശ്ചയിക്കുന്നതാരാണ്; എന്തുമാനദണ്ഡം വെച്ചാണ് അങ്ങനെ നിശ്ചയിക്കുന്നത്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ:) (എ) ഗവണ്മെണ്ട്; ടെക്സ്ററബുക്ക് സിലക്ഷൻ കമ്മററിയുടെ വിദഗ്ദ്ധമായ ശുപാർശകളെ ആദരിച്ച് യോഗ്യതയുള്ള പുസ്തകങ്ങൾ തിരഞ്ഞെടുക്കുന്നു.

(ബി) ഇല്ല.

(സി) ഇല്ല.

(ഡി) വിദഗ്ദ്ധന്മാരടങ്ങിയ ടെക്സ്ററബുക്ക് സെലക്ഷൻ കമ്മററിയുടെ അഭിപ്രായാനുസരണം ഗവണ്മെൻറാണ് നിശ്ചയിക്കുന്നത്. പുസ്തകത്തിന്റെ മേന്മ, യോഗ്യത, വില, പുസ്തകങ്ങൾ ആവശ്യംപോലെ യഥാസമയം വിതരണം ചെയ്യാനുള്ള കഴിവ് തുടങ്ങിയ മാനദണ്ഡങ്ങൾ വച്ച്.

ബണ്ടിട്ട് കൃഷിചെയ്യുന്ന കരിനിലങ്ങൾ

*൨൭൨. (൧൧൪) ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി ദയവായി മറുപടി പറയുമോ.—

(എ) ബണ്ടിട്ടു കൃഷിചെയ്യുന്ന കരിനിലങ്ങളുടെ വിസ്തൃതി അടുത്ത കൃഷിക്കാലത്തേക്കെങ്കിലും വികസിപ്പിക്കുവാൻ ഗവണ്മെൻറിൽനിന്നും ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു ഏതെല്ലാം താലൂക്കുകളിൽ എത്ര ഏക്കർ നിലങ്ങളിലേക്കാണ്;

(സി) പുതുതായി ബണ്ടിടുന്നതിന് ലേലം വിളിച്ച് പുത്തൻ ആളുകളെ ഗവണ്മെൻറിൽനിന്നും ഏർപ്പെടുത്തികഴിഞ്ഞിട്ടുണ്ടോ?

ധനകാര്യവും സിവിൽസപ്ലൈയിസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) സംസ്ഥാനത്തുള്ള കരിനിലങ്ങളെല്ലാംതന്നെ നന്നാക്കി കൃഷിക്കുയോഗ്യമാക്കുന്നതിനു ഒരു ത്രിവത്സരപദ്ധതി ഗവണ്മെൻറിന്റെ ആലോചനയിലിരിക്കുന്നുണ്ട്.

(ബി) കാർത്തികപ്പള്ളി, അമ്പലപ്പുഴ, വൈക്കം, ചേർത്തല, കുന്നത്തുനാട്, കൊച്ചിൻകണയന്നൂർ എന്നീതാലൂക്കുകളിലായി ഉദ്ദേശം ൫൦,൦൧൦ ഏക്കർ നിലങ്ങളിലേക്കാണ്.

(സി) ഇല്ല. പദ്ധതിയെപ്പററി അവസാനതീരുമാനം ചെയ്തിട്ടില്ല.

പുറക്കാട്ടു പകുതിയിലെ കരിനിലങ്ങൾ

*൨൫൩. (൧൧൭) ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ.—

(എ) ബണ്ടിട്ടു് കൃഷിയിറക്കാനുള്ള പദ്ധതി ആലോചനക്കെടുത്തതിനുശേഷം ഏതെല്ലാം മന്ത്രിമാർ പുറക്കാട്ടുപകുതിയിലെ കരിനിലങ്ങൾ സന്ദർശിച്ചിട്ടുണ്ടു്;

(ബി) ഉണ്ടെങ്കിൽ എത്ര പ്രാവശ്യം;

(സി) മന്ത്രിമാർക്കു പുറമെ ഏതെങ്കിലും ഉദ്യോഗസ്ഥന്മാർ ആ സ്ഥലത്തു് വിളവു പരിശോധിക്കുവാനും, മററും പോയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അവരേതെല്ലാം ഉദ്യോഗസ്ഥന്മാരായിരുന്നു;

(ഇ) അതിലേക്കുവേണ്ടി മന്ത്രിമാർക്കും, മററുദ്യോഗസ്ഥന്മാർക്കും നൽകിയിട്ടുള്ള സഞ്ചാരപ്പടി എത്ര രൂപയാണു്?

ധനകാര്യവും സിവിൽസപ്ലൈയിസ്സുംവകുപ്പും മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ബഹു. മുഖ്യമന്ത്രിയും, ബഹു. ഭക്ഷ്യവകുപ്പുമന്ത്രിയും സന്ദർശിച്ചിട്ടുണ്ടു്.

(ബി) രണ്ടുപ്രാവശ്യം വീതം.

(സി) ഉണ്ടു്.

(ഡി) ഫുഡ് പ്രൊഡക്ഷൻ ബോർഡു സെക്രട്ടറി.

(ഇ) മന്ത്രിമാർ സംസ്ഥാനത്തിനകത്തു സഞ്ചരിക്കുന്നതിനു് സഞ്ചാരപ്പടി വാങ്ങാറില്ല.

സെക്രട്ടറി കരിനിലസന്ദർശനത്തെത്തുടന്നു് മററു് ഔദ്യോഗികകൃത്യങ്ങൾ നിർവ്വഹിക്കുകയും, സന്ദർശനങ്ങൾ നടത്തുകയും ചെയ്തിട്ടുള്ളതിനാൽ ഇതിലേക്കുമാത്രമുള്ള സഞ്ചാരപ്പടി നിർണ്ണയിക്കുക സാദ്ധ്യമല്ല.

ALWAYE HOSPITAL

*254. [116] **Shri M. M. Abdul Khader**: Will the Minister for Medical be pleased to state :

(*a*) the number of in and out patients treated and major surgical operations conducted in Alwaye Hospital in 1945, 1950 and 1951?

(*b*) the number of doctors, nurses, chemists and compounders in each one of these years;

(*c*) the value of medicines supplied in each one of these years;

(*d*) the increase, if any, in beds during these years;

(*e*) the reason for reduction of medicine stocks and staff in 1951;

(*f*) whether the Standard Pottery Works, Ltd., Alwaye offered to build a ward and install an X-Ray Plant at their cost;

(*g*) whether the Government turned down this offer and if so why?

(*h*) whether such offers came from other companies or individuals?

Minister for Medicine and Public Health (**Shri V. Madhavan**):

	1945	*1950*	*1951*
(*a*) No. of in-patients	1102	1769	2415
No. of out-patients	27758	56002	56867
No. of major surgical operations conducted	209	227	219

	1945	1950	1951
(*b*) No. of Doctors	3	4	3
No. of Nurses	2	5	5
No. of Compounders	1	3	3
No. of Chemists	Nil.	Nil.	Nil.

(*c*) Information regarding value of medicines supplied to the Hospital is being collected.

(*d*) the number of beds in the Hospital was increased from 34 in 1945 to 46 in 1950; there was no subsequent increase.

(*e*) the stock of medicines was not reduced. Due to the paucity of qualified hands, one Medical Officer had to be reduced.

(*f*) The Standard Pottery Works, Alwaye have offered to build a ward. They have not offered to install an X-Ray plant.

(*g*) The offer has been accepted.

(*h*) No.

N. G. Os.

*255. [117] **Shri. M. M. Abdul Khader:** Will the Minister for General Administration be pleased to state.—

(*a*) why the House Rent Allowance granted to the N. G. Os. of Alwaye was stopped;

(*b*) when and why was such allowance first introduced;

(*c*) for what reason this allowance was stopped;

(*d*) how much does a peon on Rs. 20 and a Clerk on Rs. 45 lose per month because of the stoppage of House Rent Allowance;

(*e*) did the Government receive any representation from the N. G. Os. on this matter; and

(*f*) what action is taken or contemplated in regard to this matter in order to relieve the distress of the N. G. Os.?

Chief Minister **(Shri A. J. John):**

(*a*) The stoppage of House Rent Allowance at Alwaye was part of the scheme of granting unified enhanced rate of Dearness Allowance and unified scales of pay.

(*b*) In 1121 due to high cost of living.

(*c*) This allowance was stopped, as the abolition of this allowance along with other allowances, like Compensatory and Town Allowance, was taken up as part of the scheme of granting enhanced unified rates of Dearness Allowance and unified scale of pay.

(*d*) Peon Rs. 5.
Clerk Rs. 11—4—0.

(*e*) Yes.

(*f*) It was decided that the allowance need not be restored as no fresh circumstances have arisen for reconsidering the orders of abolition already issued and since the restoration of any particular allowance cannot be considered independent of the scheme of unification of pay scales and unification of enhancement of the rates of Dearness Allowance.

APPOINTMENT OF RECEIVER

*256. [118] **Shri M. M. Abdul Khader:** Will the Minister for High Court, Civil and Criminal Justice be pleased to state.—

(*a*) who were the persons recommended by the High Court for appointment of Receiver in District Court of Parur;

(*b*) whom did the majority of Judges of the High Court recommend;

(c) who was appointed by the Government and for what reasons?

Minister for Home Affairs **(Shri T. M. Varghese):**

(a) & (b) The recommendations of the High Court are confidential and cannot be divulged.

(c) Shri R. Padmanabha Pillai, Advocate. Parur.

കേന്ദ്രസംസ്ഥാന നികുതി

*൨൫൧. (൧൫൯) ശ്രീ. കാമ്പിശ്ശേരി കരുണാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ൧൧൨൫-ൽ ഈ സംസ്ഥാനത്തെ പുകയില ലൈസൻസികളിൽനിന്ന കേന്ദ്രസംസ്ഥാനനികുതികൾ എന്ന പേരിൽ യഥാക്രമം ൫൦ രൂപ, ൩൧ രൂപ ൮ ണ. വീതം വസൂലാക്കിട്ടുള്ളത് മടക്കി കൊടുക്കണമെന്ന് വീണ്ടും ചെയ്യ തീരുമാനം ആദരിക്കപ്പെട്ടിട്ടുണ്ടോ;

(ബി) അന്നരം തുകകൾ മടക്കികിട്ടിയിട്ടില്ലെന്നുള്ള പരാതികൾ ലഭിച്ചിട്ടുണ്ടോ;

(സി) ആ തുകകൾ ഇതേവരെ മടക്കികൊടുക്കാതിരിക്കാനുള്ള കാരണമെന്ത്?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ):

(എ) അറിഞ്ഞുകൂടാ.

(ബി) ഇല്ല.

(സി) അറിഞ്ഞുകൂടാ.

Questions posted for answer on 26th March 1951

ഹൈക്കോടതി വളപ്പിനകത്തുള്ള ഷെഡ്ഡുകൾ

*൨൫൪. (൨൬൭) ശ്രീ. എ. എൽ. ജേക്കബ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ.—

(എ) എറണാകുളം കായലോരത്തും ഹൈക്കോടതി കെട്ടിടം സ്ഥിതിചെയ്യുന്ന വളപ്പിനകത്തുമുള്ള ടെമ്പററി ഷെഡ്ഡുകൾ എന്ന് നിർമ്മിച്ചവയാണ്;

(ബി) എത്രകൊല്ലം നിലനില്ക്കുമെന്ന വ്യവസ്ഥയിലാണ് ആ ഷെഡ്ഡുകൾ നിർമ്മിക്കുവാൻ കൺട്രാക്ററ് കൊടുത്തിരുന്നത്;

(സി) പ്രസ്തുത ഷെഡ്ഡുകൾ പലതും ദ്രവിച്ചും ജീർണ്ണിച്ചും ഏതു സമയത്തും ഉരുണ്ടുവീഴത്തക്ക നിലയിലുമാണ് സ്ഥിതിചെയ്യുന്നതെന്ന വസ്തുത ഗവർമ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതു സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചു?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ):

(എ) ഈ ഷെഡ്ഡുകളുടെ പണികൾ നടത്തിയതു് മിലട്ടറി ഡിപ്പാർട്ടുമെൻറിൽനിന്നാണ്. ൧൧൨൪-ൽ മാത്രമേ ടി ഷെഡ്ഡുകൾ പബ്ലിക്ക് വർക്കു് ഡിപ്പാർട്ടുമെൻറ് ചാർജ്ജ് എടുത്തിട്ടുള്ളൂ.

(ബി) അറിവില്ല.

(സി) ഷെഡ്ഡുകളുടെ സ്ഥിതി വളരെ മോശമാണ്. ഇവ ഓരോന്നായി റിപ്പെയർ ചെയ്യുവാൻ ഏർപ്പാടു് ചെയ്യുവരുന്നു.

നെൽക്കരം

*൨ ൩൯. (൩൨) ശ്രീ. ഒ. സി. നൈനാൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ലാൻറ് റവന്യൂ വകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ:—

(എ) തിരുവല്ലാ താലൂക്കിലുള്ള കല്ലുപ്പാറപകുതിയിൽ നെൽക്കരം ഏർപ്പാടു് നിലവിലുള്ള വിവരം ശരിയാണോ;

(ബി) ഗവമെൻറ് വസ്തുക്കൾക്ക് നെൽക്കരത്തിനു് എന്തു് വില വച്ചാണ് ഗവമെൻറ് പട്ടയപ്രകാരം ഈടാക്കുന്നതു്;

(സി) കല്ലുപ്പാറ പകുതിയിൽ നെൽക്കരത്തിനു വിലയായി കൊടുക്കുകയാണെങ്കിൽ എന്തു് വിലയാണ് ഇപ്പോൾ ഈടാക്കുന്നതു്;

(ഡി) ഗവമെൻറ് ഇടാക്കുന്ന വിലയും കല്ലുപ്പാറ പകുതിക്കാർ ഈടാക്കുന്ന വിലയും തമ്മിൽ ൧൧൨൫-ൽ എന്തു വിലവ്യത്യാസം ഉണ്ടായിരുന്നു;

(ഇ) വ്യത്യസ്ഥനടപടിയിൽനിന്നും വസ്തു ഉടമസ്ഥന്മാരെ രക്ഷിക്കുന്നതിനു് ഗവമെൻറ എന്തു നടപടി കൈക്കൊണ്ടിട്ടുണ്ടു്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഏടവകവസ്തുക്കളെ സംബന്ധിച്ചിടത്തോളം ശരിയാണ്.

(ബി) കണ്ടുകൃഷി വസ്തുക്കൾ ഒഴിച്ച് മററ ഗവമെൻറ് വസ്തുക്കൾക്ക് നെൽക്കരം ഏർപ്പാടില്ല. കണ്ടുകൃഷി വസ്തുക്കളുടെ പാട്ടം ഒരു പറ നെല്ലിനു് ൧ രൂപ ൧൩ അണ ൬ പൈസാ വെച്ചാണ് ഈടാക്കുന്നതു്.

(സി) ൧ രൂപാ ൧൩ അണ ൬ പൈസാ.

(ഡി) വില വ്യത്യാസം ഇല്ലാ.

(ഇ) ചോദ്യം ഉദിക്കുന്നില്ലാ.

പട്ടിണി മരണങ്ങൾ

*൨൬൦. (൩൫) ശ്രീ. ശ്രീവല്ലഭമേനോൻ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ഇൻഫർമേഷൻ വകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ.—

ഈ സംസ്ഥാനത്തു് പട്ടിണിമരണങ്ങൾ ഉണ്ടാകുന്നതായി റിപ്പോർട്ടുകൾ വല്ലതും കിട്ടിയിട്ടുണ്ടോ?

ധനകാര്യവും സിവിൽ സപ്ലൈയിസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ).

പട്ടിണിമൂലം മരണം സംഭവിച്ചിട്ടുള്ളതായി യാതൊരു റിപ്പോർട്ടുകളും കിട്ടിയിട്ടില്ല.

ജയിലിലെ ശിക്ഷകൾ

*൨൬൧. (൪൧) ശ്രീ. ആർ. സുഗതൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ജയിൽ വകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ.—

(എ) തിരുവനന്തപുരം സെൻട്രൽ ജയിലിൽ മററമറി ശിക്ഷ അനുഭവിക്കുന്ന തടവുകാർ ഇപ്പോൾ എത്രയുണ്ടു്;

(ബി) ഇവർ ഈ ശിക്ഷ അനുഭവിച്ചുതുടങ്ങിയിട്ട് ഇപ്പോൾ എത്രകാലമായി?

അഭ്യന്തരകാര്യമന്ത്രി (ശ്രീ. ടി. എം. വർഗ്ഗീസ്):

(എ) ഇല്ല.

(ബി) ഈ ചോദ്യം ഉദിക്കുന്നില്ല.

പെൻഷൻകാർക്ക് ഡിയർനസ് അലവൻസ്

*൨൬൨. (൫൭) ശ്രീ. ടി. കെ. ദിവാകരൻ: താഴെ പറന്നടി ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കൊച്ചിയിലെയും തിരുവിതാംകൂറിലെയും പെൻഷൻകാർക്ക നൽകിവരുന്ന ഡിയർനസ് അലവൻസ് എത്ര രൂപാവീതമാണ്;

(ബി) തിരുവിതാംകൂർ പെൻഷൻകാരുടെ ഡിയർനസ് അലവൻസ് വർദ്ധിപ്പിക്കണമെന്ന നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി?

ധനകാര്യവും സിവിൽസപ്ലൈയിസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) കൊച്ചിയിലെ റേററ്

൧. ൫ രൂപയിൽ താഴെയുള്ള പെൻഷന് പെൻഷനുതുല്യമായതുക.

൨. ൫ രൂപ മുതൽ ൨൦ രൂപ വരെ ഡിയർനസ് അലവൻസ് ൧൦ രൂപ.

൩. ൨൦ രൂപ മുതൽ ഡിയർനസ് അലവൻസ് ൧൧ രൂപ ൪ അണയോ, പെൻഷൻെറ ൫ ശതമാനമോ, കൂടുതൽ ഏതോ അതു്.

തിരുവിതാംകൂർ റേററ്

൧. ൩൦ രൂപ വരെ പെൻഷന് ഡിയർനസ് അലവൻസ് ൪ രൂപ.

൨. ൩൦ മുതൽ ൧൦൦ രൂപ വരെ പെൻഷന് ഡിയർനസ് അലവൻസ് ൬ രൂപ.

൩. ൧൦൦ മുതൽ ൧൦൬ രൂപവരെ—പെൻഷനും ഡിയർനസ് അലവൻസും കൂടി ൧൦൬ രൂപയിൽ കവിയാത്ത തുക.

(ബി) ഉണ്ട്.

(സി) ഈ വിഷയം ഗവൺമെൻറിൻെറ പരിഗണനയിൽ ഇരിക്കുന്നു.

PRICE OF COMMODITIES

*263. [58] **Shri. K. Madhavan Unnithan:** Will the Minister for General Administration be pleased to state whether the Government has apprised the Government of India about the serious situation arising out of the steep fall in the price of cocoanut and cocoanut products on account of the reduction of import duty on copra from Ceylon ?

Minister for Finance and Civil Supplies **(Shri Panampilli Govinda Menon):** Yes.

AYURVEDIC HOSPITALS AND DISPENSARIES

*264. [59] **Shri K. Madhavan Unnithan:** Will the Minister for Medicine be pleased to state.—

(*a*) what is the number of Ayurvedic hospitals and dispensaries in the Travancore and Cochin parts of this State; and

(*b*) have the Government any idea of increasing the number of Ayurvedic hospitals and dispensaries in the Travancore part of the State?

Minister for Medicine and Public Health **(Shri V. Madhavan):**

(*a*) *Travancore Area*

Government Ayurveda Hospitals	2
,, Dispensaries	4

Cochin Area

Government Ayurveda Hospitals	9
,, Vaidyasalas.	43
,, Taluk Vishavaidyasalas	7

(*b*) Yes.

ചീഫ് സെക്രട്ടറിയുടെ നിയമനം

*൨൬൫. (൬൦) ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ദയവായി ഉത്തരം പറയുമോ.—

(എ) മിസ്റ്റർ വി. എൻ. രാജനെ തിരു-കൊച്ചിയിലെ ചീഫ് സെക്രട്ടറിയായി നിയമിച്ചത് എന്തുവ്യവസ്ഥയിന്മേലാണ്;

(ബി) അദ്ദേഹത്തിന് പ്രതിമാസം എത്ര ശമ്പളം കൊടുക്കണം.

(സി) അദ്ദേഹത്തെ ഇവിടെ നിയമിച്ചിട്ടുള്ളത് ഈ ഗവൺമെന്റുമായി ആലോചിച്ചിട്ടാണോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ശ്രീ. വി. എൻ. രാജനെ തിരു-കൊച്ചിയിലെ ചീഫ് സെക്രട്ടറിയായി നിയമിച്ചിട്ടുള്ള വ്യവസ്ഥകൾ താഴെ ചേർത്തിട്ടുണ്ട്.

(ബി) അദ്ദേഹത്തിന് പ്രതിമാസം മൂവായിരം രൂപാ ശമ്പളം കൊടുക്കണം.

(സി) അതെ.

Schedule showing the terms and conditions of appointment of officers sent out on deputation to Part B States

Chief Secretaries:—A uniform rate of Rs. 3,000 p.m. for officers of 15 years service and above and Rs. 2,750 p.m. for officers who have not completed 15 years service.

Income-tax:—All salaries will be subject to income-tax at Central Government rates.

Free house and free car:—No free houses or free cars will be allowed. Rent will be charged for Government quarters either according to the rules admissible to an officer in his parent State or the rules in the Part B State concerned, whichever is more favourable to the officer. Where an officer is given a Government car, he will pay Rs. 100 p. m. as hire towards the capital cost of the car. In addition he will be responsible for maintaining it at his own expense; i.e., he will himself meet the cost of oil, petrol, repairs, etc., and pay the wages of driver if any, etc.

1. Leave and pension contribution payable by the Government of Travancore-Cochin according to Fundamental Rules.

2. Travelling allowance and Daily allowance according to the Rules of the Government of Travancore-Cochin corresponding to the Fundamental and Supplementary Rules of the Central Government.

3. Free Medical, nursing and surgical treatment as admissible in Government Service.

4. Leave according to Fundamental Rules.

5. Pay during joining time both on transfer to the Government of Travancore-Cochin and on reversion therefrom to be regulated under the Supplementary Rules of the Central Government and paid by the Government of Travancore-Cochin; period of joining time being regulated under the Central Government rates.

6. Travelling allowance both on transfer to the Government of Travancore-Cochin and on reversion therefrom to be regulated under the Supplementary Rules of the Central Government and paid by the Government of Travancore-Cochin.

7. The Government of Travancore-Cochin will be liable to pay leave salary in respect of any disability leave that may be granted on account of disability incurred in and through service under that Government even though the disability manifests itself after the termination of such service.

നാടകങ്ങൾ

*൨൩൩. (൧൦൧) ശ്രീ. രാജഗോപാലൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട നിയമവകുപ്പുമന്ത്രി സദയം മറുപടിപറയുമോ.—

(എ) നാടകങ്ങൾ എഴുതിയാൽ ഡിസ്ട്രിക്ട് മജിസ്ട്രേട്ട് പരിശോധിച്ച് അനുവദിക്കണമെങ്കിൽ മാത്രമേ അഭിനയിക്കാവു എന്നൊരു നിയമം ഈ നാട്ടിൽ നിലവിലുണ്ടോ;

(ബി ഉണ്ടെങ്കിൽ ഏതുഉദ്യോഗസ്ഥനാണ് പുസ്തകങ്ങൾ പരിശോധിക്കുന്നതു്?

അഭ്യന്തരകാര്യമന്ത്രി (ശ്രീ. ടി. എം. വർഗീസ്):

(എ) ഇങ്ങനെ ഒരു നിബന്ധന ഈ സംസ്ഥാനത്തിലെ തിരുവിതാംകൂർ വിഭാഗത്തിൽഉണ്ടു്.

(ബി) ഡിസ്ട്രിക്ട് മജിസ്ട്രേട്ട്.

ഗവമ്മെൻറ് പ്രസ്സിലെ ബയൻററന്മാർ

*൨൩൭. (൧൦൪) ശ്രീ. ചെങ്ങാരപ്പിള്ളി നാരായണൻ പോററി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പ്രിൻറിംഗ് സ്റ്റേഷനറി വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) തിരുവനന്തപുരം ഗവമ്മെൻറ് പ്രസ്സിലെ ടെമ്പററി ബയൻററന്മാരായ ൧൩ പേരെ ൧൯൫൦ ഡിസംബറിൽ എറണാകുളത്തേക്കു സ്ഥലം മാററിയിട്ടുണ്ടോ;

(ബി) അവരെ തിരുവനന്തപുരത്തേക്ക് എന്നാണ് എറണാകുളത്തുനിന്നും തിരിച്ചു് സ്ഥലംമാററിയതു്;

(സി) തിരുവനന്തപുരത്തു് തിരിച്ചു് എത്തിയപ്പോൾ അവർക്കു ശമ്പളം കൊടുക്കാതെ കേവലം വാളണ്ടിയർമാരായി തരം താഴ്ത്തിയിട്ടുണ്ടോ;

(ഡി) അവർക്കു ന്യായമായി കിട്ടേണ്ട സീനിയോറിട്ടിയെ അവഗണിച്ചു് കമ്പോസിംഗ് ഡിപ്പാർട്ടുമെൻറിൽ നിന്നും ഏതെങ്കിലും സ്ത്രീകളെ ബയൻറിംഗ് ഡിപ്പാർട്ടുമെൻറിലേക്കു മാററിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ എത്ര സ്ത്രീകളെയാണു് അങ്ങനെ സ്ഥലംമാററിയതു്;

(എഫ്) ബയൻറിംഗ്പണി അറിയാൻപാടില്ലാത്ത ഈ സ്ത്രീകളെ അതു പഠിപ്പിക്കാനും പറഞ്ഞു മനസ്സിലാക്കാനും ബയൻറിംഗ്ഡിപ്പാർട്ടുമെൻറിൽ നിന്നും വാളണ്ടിയറന്മാരായി തരംതാഴ്ത്തപ്പെട്ട ഈ ജോലിക്കാരെതന്നെയാണോ നിയമിച്ചതു്;

(ജി) ആണെങ്കിൽ ഇവരെ ബയൻറിംഗ്പണി പഠിപ്പിക്കാൻ നിയമിച്ചിട്ടുള്ളതു് എത്രമാസത്തേക്കാണു്;

(എച്ച്) ഈ ബയൻറിംഗ് പണിപഠിപ്പിക്കാൻ നിയുക്തരായിട്ടുള്ളവരുടെജോലിക്കു് എന്താണു പേരുപറയുന്നതു്;

(ഐ) ഇവർ സ്ഥിരം സർവ്വീസാണോ; താൽകാലിക സർവ്വീസാണോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഉണ്ടു്.

(ബി) ൧— ൯— ൧൱ ൫ ൧-ൽ.

(സി) അവരുടെ താൽക്കാലിക ഉദ്യോഗകാലാവധി അവസാനിച്ചതിനാൽ പഴയ ലാവണത്തിലേക്കു വളണ്ടിയർമാരായി തിരിച്ചയച്ചു.

(ഡി) ഇല്ല.

(ഇ) മേൽപറഞ്ഞ ഉത്തരത്തിൻെറ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

(എഫ്) അല്ല.

(ജി) മേൽപറഞ്ഞ ഉത്തരത്തിൻെറ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

(എച്ച്) ആരും നിയുക്തരായിട്ടില്ല.

(ഐ) മേൽ പറഞ്ഞ ഉത്തരവിൻെറ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

F. A. C. T. ALWAYE

*268. [110] **Shri M. M. Abdul Khader**: Will the Minister for Industries be pleased to state:—

(a) whether the Government is aware of the lay off in the Fertilisers & Chemicals Travancore Ltd., Alwaye;

(b) why has this become necessary; and

(c) is this a preparation for retrenchment and if so whether this Government propose to take any steps in the matter?

Minister for Finance and Civil Supplies **(Shri Panampilli Govinda Menon)**:

(a) Yes. The Fertilisers and Chemicals Travancore Ltd., laid off 170 operators and chemists for a period of 43 days from 24th January 1952.

(b) The lay off was necessitated by the shortage of sulphur.

(c) This was not a preparation for retrenchment. This was occasioned due to shortage of raw materials essential for production in the company.

പോലീസ് സ്റ്റേഷനും ഔട്ട്പോസ്റ്റും

*൨൦൯. (൩൮) ശ്രീ. പ്രഭാകരൻ കുന്നത്ത്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പോലീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഏനാമാവു പെരിങ്ങോട്ടുകരയിൽ ആകെ എത്ര വില്ലേജുകളുണ്ട്;

(ബി) അവയുടെ അകെ വിസ്തൃതി എന്ത്;

(സി) ഈ വില്ലേജുകളിൽ ആകെ എത്ര പോലീസ് സ്റ്റേഷനുകളും ഔട്ട്പോസ്റ്റുകളുമുണ്ട്;

(ഡി) നിലപ്പാട്ട് ഔട്ട്പോസ്റ്റ് സ്ഥാപിച്ചതെന്ന്;

(ഇ) ആ ഔട്ട്പോസ്റ്റ് ഇരിക്കുന്ന കെട്ടിടം, ഒരു കുടുംബം താമസിക്കുന്നതാണെന്നും, കുടുംബത്തിലെ ആരും അവിടെ ഇല്ലാതിരുന്ന സമയം കെട്ടിടം കയ്യേറി കൈവശപ്പെടുത്തിയാണ് അവിടെ ഔട്ട്പോസ്റ്റ് സ്ഥാപിച്ചതെന്നും ഉള്ള വിവരം ശരിയാണോ?

അഭ്യന്തര കാര്യമന്ത്രി (ശ്രീ. ടി. എം. വർഗീസ്സ്):

(എ) പന്ത്രണ്ട്.

(ബി) പതിനേഴായിരത്തി നാന്നൂററി അമ്പതു് ഏക്കർ.

(സി) ഒരു പോലീസ് സ്റ്റേഷനും മൂന്ന് ഔട്ട്പോസ്റ്റുകളും.

(സി) ൧൧൨൭-ാമാണ്ട് ഇടവമാസം.

(ഇ) അല്ല.

ശ്രീ. കെ. ജി. മേനോന് അവധിക്കാലത്തുള്ള ശമ്പളം

*൨൧൦. (൫൩) ശ്രീ. എൻ. രാഘവക്കുറുപ്പ്: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ.—

അവധിയിൽ പോയിരിക്കുന്ന ചീഫ് സെക്രട്ടറി ശ്രീ. കെ. ജി. മേനോന് അവധിക്കാലത്ത് തിരു-കൊച്ചി ഗവമ്മെൻറിൽനിന്നും എന്തെങ്കിലും ശമ്പളം കൊടുക്കുന്നുണ്ടോ?

മുഖ്യമന്ത്രി (എ. ജെ. ജോൺ):

ഇല്ല.

ഭവനനിർമ്മാണം

*൨൧൧. (൩൨) ശ്രീ. വാസുദേവൻ പിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട സഹകരണവകുപ്പു മന്ത്രി ദയവായി ഉത്തരം പറയുമോ.—

(എ) ഹൗസിംഗ് പദ്ധതിയനുസരിച്ച് ൧൯൫൧-ൽ ഗവമ്മെൻറ് എത്ര വീടുകൾ പണിയിച്ചു;

(ബി) എന്തു തുക ചിലവാക്കി;

(സി) ഈ പദ്ധതി എതു ഉദ്യോഗസ്ഥൻെറ ചുമതലയിലാണ് നടത്തിവരുന്നതു്;

(ഡി) ൧൯൫൨-ൽ എത്ര വീടുകൾ പണിയിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ൭൫ വീടുകൾ.

(ബി) ൧,൪൧,൪൨൦ രൂപാ.

(സി) ജോയിൻറ് രജിസ്ട്രാർ ഓഫ് കോവാപ്പറേറ്റീവ് സൊസൈറ്റീസ് ഫോർ കോളനൈസേഷൻ സെറ്റിൽമെൻറ് ആൻറ് ഹൗസിംഗ്.

(സി) ൫൨—൫൩-ൽ ൫൦൦ വീടുകൾ പണിയിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്.

തടവുകാർ

*൨൭൨. (൯൪) ശ്രീ. പി. ഭാസ്കരൻ നായർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ജയിൽ വകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ—

(എ) ബ്രാഹ്മണരായ തടവുകാർക്ക് തിരുവനന്തപുരം സെൻട്രൽ ജയിലിൽ പ്രത്യേക പാചകസൌകര്യം അനുവദിക്കുന്ന ചട്ടം നിലവിലുണ്ടോ;

(ബി) ഇപ്പോൾ തിരുവനന്തപുരം സെൻട്രൽ ജയിലിൽ തടവിലുള്ള ഏതെങ്കിലും ബ്രാഹ്മണനു് ഈ അവകാശം നിഷേധിക്കപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തുകാരണത്താലാണ് ആ അവകാശം നിഷേധിക്കപ്പെട്ടിരിക്കുന്നതു്?

അഭ്യന്തര കാര്യമന്ത്രി (ശ്രീ. ടി. എം. വർഗീസ്സ്):

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) കുന്നാട്ടുകുളം ഹെഡ്കോൺസ്റ്റബിളിനെ കൊലപ്പെടുത്തി എന്നുള്ള കേസിൽ ശിക്ഷിക്കപ്പെട്ട ശ്രീ. നാരായണയ്യർ നരസിംഹയ്യർ എന്ന ഒരു തടവുകാരൻ ജയിലിൽ വന്ന് കുറെ ദിവസങ്ങൾക്കുശേഷം തനിക്കു സ്വയം പാചകം ചെയ്യാനുള്ള സൌകര്യം കൊടുക്കണമെന്ന് ആവശ്യപ്പെട്ടു. എന്നാൽ ടി തടവുകാരൻ ഒരു ബ്രാഹ്മണനാണെങ്കിലും വെളിയിൽവച്ച് മാംസഭുക്കായിരുന്നു എന്നും മററുള്ള ജാതിയിൽപെട്ട ആളുകൾ പാചകം ചെയ്ത ആഹാരം അയാൾ നിർബാധം കഴിച്ചുകൊണ്ടിരുന്നു എന്നും അറിഞ്ഞിരുന്നതുകൊണ്ടും അയാൾ ഇപ്രകാരം പ്രത്യേകം പാചകം ചെയ്യാനുള്ള അനുവാദം ആവശ്യപ്പെട്ടതു് മററുള്ള തടവുകാരുടെ ഇടയിൽ കമ്മ്യൂണിസ്ററ് ആദർശങ്ങൾ പ്രചരിപ്പിക്കുന്നതിനും ജയിലിൽ അനിഷ്ടസംഭവങ്ങൾ ഉണ്ടാകുന്നതിനു മററുള്ള തടവുകാരെ പ്രേരിപ്പിക്കുന്നതിനും ഈ പ്രത്യേക പാചക സൌകര്യം പ്രയോജനപ്പെടുത്താമെന്നുള്ള ഉദ്ദേശത്തോടും ആയിരുന്നതിനാലാണ് ഇപ്രകാരം ഈ തടവുകാരനു് പ്രത്യേകം പാചകം ചെയ്യാനുള്ള അനുവാദം നിഷേധിച്ചതു്.

ആശുപത്രികളിൽ ഔഷധ ദാരിദ്ര്യം

*൨൭൩. (൪൨) ശ്രീ. കൃഷ്ണൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മെഡിക്കൽമന്ത്രി സദയം മറുപടി നൽകുമോ,—

ഗവൺമെൻറാശുപത്രികളിൽ മരുന്നു കിട്ടുന്നില്ലെന്നും രോഗികൾക്കു മിക്കമരുന്നും വിലകൊടുത്തു വാങ്ങേണ്ടിവരുന്നു എന്നുംഉള്ള പരാതിയെപ്പററി ഗവൺമെൻറ് എന്താണു ചെയ്തിട്ടുള്ളതു്?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ):

ചില മരുന്നുകൾ ആവശ്യാനുസരണം ചില ആശുപത്രികളിൽ ലഭിക്കുന്നില്ലെന്നു പരാതികൾ ലഭിച്ചിട്ടുണ്ടു്. മിക്കമരുന്നുകളും വിലകൊടുത്തു വാങ്ങിക്കേണ്ടിവരുന്നുവെന്നു പരാതിയുണ്ടായിട്ടില്ല. ആർഡർകൊടുത്ത കമ്പനികളിൽനിന്നും യഥാവസരം മരുന്നുകൾ വന്നുചേരാത്തതിനാൽ ചുരുക്കം ചില മരുന്നുകൾക്കു ദൗർലഭ്യം നേരിട്ടിട്ടുണ്ടു്. സത്വരനടപടികൾ സ്വീകരിച്ചതിൻെറ ഫലമായി നിലവളരെ അഭിവൃദ്ധിപ്പെട്ടിട്ടുണ്ടു്. ഒരുകൊല്ലത്തേക്കുള്ള മരുന്നു റിസർവ് ആയിവരുത്തി സൂക്ഷിക്കുന്നതിനു ആർഡർ ആയിട്ടുണ്ടു്. ഇവ വന്നുചേർന്നാൽ മരുന്നിൻെറ ദൗർലഭ്യം പരിഹരിക്കുവാൻ കഴിയും.

കോളനൈസേഷൻ പദ്ധതി

*൨൭൪. (ഡബ്ല്യു) ശ്രീ. പി. ചാക്കോ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട കോളനൈസേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ—കൊച്ചി ഗവൺമെൻറിൻെറ കോളനൈസേഷൻ പദ്ധതിപ്രകാരം ൧൯൫൨ ഫെബ്രുവരി ൨൪-ാംനു-വരെ എത്ര കോളനി സ്ഥാപിച്ചിട്ടുണ്ടു്;

(ബി) കോളനൈസേഷൻ സ്പെഷ്യൽ ആഫീസറുടെ ജോലികൾ എന്തെല്ലാമാണു്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ഒന്നും സ്ഥാപിച്ചിട്ടില്ല.

(ബി) കോളനൈസേഷൻ സ്പെഷ്യൽ ആഫീസർ എന്നൊരു ഉദ്യോഗസ്ഥൻ ഇല്ല. അതുസംബന്ധിച്ച ജോലികൾക്കു് നിയോഗിച്ചിട്ടുള്ളതു് ജോയിൻറ് രജിസ്ട്രാർ ഓഫ് കോവപ്പറേററീവ് സൊസൈററീസ് ഫോർ കോളനൈസേഷൻ, സെററിൽമെൻറ് ആൻറ് ഹൗസിംഗ് എന്ന ഉദ്യോഗസ്ഥനെയാണു്. കോളനൈസേഷൻ, സെററിൽമെൻറ് ഹൗസിംഗ് എന്നീപദ്ധതികൾ സംബന്ധിച്ച എല്ലാ ചുമതലകളും അദ്ദേഹത്തിലാണു് നിക്ഷിപ്തമായിരിക്കുന്നതു്.

ഭവനനിർമ്മാണം

*൨൭൫. (ന്യ ന) ശ്രീ. കുമാരപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കുട്ടനാട്ടിലെ ഭവനരഹിതരായ കർഷക തൊഴിലാളി വിഭാഗങ്ങൾക്കു് താമസസൗകര്യം ഉണ്ടാക്കിക്കൊടുക്കുന്നതിലേക്കു് എന്തെങ്കിലും പദ്ധതി ഗവൺമെൻറ് ആസൂത്രണം ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു് എന്നു നടപ്പാക്കാൻ ഉദ്ദേശിക്കുന്നു?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ഉണ്ട്.

(ബി) ആലപ്പുഴ ചങ്ങനാശ്ശേരി റോഡും തോടും പദ്ധതി പൂർത്തിയായാലുടൻ അതിന്റെ ഒരുവശത്ത് ഭവനരഹിതരായ കർഷകതൊഴിലാളികൾക്ക് ഭവനം നിർമ്മിക്കുന്നതിനുള്ള പദ്ധതി ആരംഭിക്കുന്നതാണ്. കുട്ടനാട്ടിലെ മററുപ്രദേശങ്ങളിൽ സെററിൽമെൻറും ഹൗസിംഗും പദ്ധതികൾപ്രകാരം വീടുകൾ പണിയിക്കുന്നതിന് ആവശ്യമായ പ്രാഥമികനടപടികൾ സ്വീകരിച്ചിട്ടുണ്ട്. അന്വേഷണങ്ങൾ പൂർത്തിയായതിനുശേഷം മാത്രമേ അവിടങ്ങളിൽ എപ്പോൾ വീടുകൾ നിർമ്മിക്കണമെന്ന് ഖണ്ഡിതമായി പറയുവാൻ സാധിക്കുകയുള്ളൂ.

Unstarred questions posted for answer on 25th March 1952

LAND FOR HOUSING SCHEME

34. [6] **Shri. J. T. Moraes:** Will the Minister for Housing be pleased to state:—

(*a*) has there been any representation from the people of the coastal village of Parithiyur, Pozhiyur Desom, Neyyattinkara taluk regarding acquisition of land for them for putting up houses as the owner of the land in which their houses are situated is taking steps to eject them;

(*b*) what steps have Government taken to acquire the land and putting up houses for these people?

Answer

(*a*) Yes.

(*b*) The matter is engaging the attention of Government.

പെരിങ്ങൽകുത്തു ഹൈഡ്രോ ഇലക്ട്രിക് തൊഴിലാളികൾ

ന. ൫. (൧) ശ്രീ. കെ. വി. കൃഷ്ണൻകുട്ടിവാരിയർ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ലേബർ വകുപ്പു മന്ത്രി സദയം മറുപടി പറയുമോ—

(എ) പെരിങ്ങൽകുത്തു ഹൈഡ്രോ ഇലക്ട്രിക്ക് ഡിപ്പാർട്ടുമെൻറിന്റെ കീഴിൽ ഇപ്പോൾ എത്ര തൊഴിലാളികൾ വേല എടുക്കുന്നുണ്ട്;

(ബി) ഇവരുടെ സർവ്വീസ് വ്യവസ്ഥകളെ സംബന്ധിച്ച് എന്തെങ്കിലും സ്റ്റാൻഡിങ്ങ് ഓർഡേഴ്സ് നിലവിലുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന്റെ ഒരു കോപ്പി മേശപ്പുറത്തു വയ്ക്കാമോ?

ഉത്തരം

(എ) ൧൨൫൦ പേർ. (൧൫—൩—൫൨-ൽ).

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

നെല്ലെടുപ്പ്

൬ ൩. (൧ ൧) ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ—

(എ) തിരു-കൊച്ചി സംസ്ഥാനമൊട്ടുക്കായി ൧൯൫൦-ൽ എത്ര ഏക്കർ സ്ഥലം നെൽകൃഷിക്കുവേണ്ടി ഉപയോഗിച്ചിരുന്നു;

(ബി) അതിൽ ഒരുപ്പൂ എത്ര? ഇരുപ്പൂ എത്ര;

(സി) പ്രസ്തുത വർഷത്തിൽ കൃഷിക്കാരിൽനിന്ന് സർക്കാരിലേക്കു എടുത്ത നെല്ല് ആകെ എത്ര പറ;

(സി) ൧൯൫൧-ൽ മൊത്തം സംഭരിച്ച നെല്ല് എത്ര പറ?

ഉത്തരം

(എ) ഉദ്ദേശം ൭,൦൦,൦൦൦ ഏക്കർ
(ബി) ഒരുപ്പൂവ് ൫,൨൦,൦൦൦ ,,
ഇരുപ്പൂവ് ൨,൭൦,൦൦൦ ,,
(സി) ൧൬൪,൪൫,൩൬൭ പറ.
(സി) ൧,൨൬,൬൯,൧൭൬ പറ.

ത്രി കക്ഷിസമ്മേളനം

൬ ൧. (൨ ൨) പി. ഭാസ്കരൻ നായർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പു മന്ത്രി ദയവായി ഉത്തരം പറയുമോ—

(എ) ൧൧൨൦ ലെ അതിനടുത്തവർഷമോ കോട്ടയത്തെയും കൊല്ലത്തെയും ഡിസ്ട്രിക്ട് മജിസ്ട്രേട്ടന്മാരും കർഷകപ്രതിനിധികളും തിരുവിതാംകൂർ കർഷക തൊഴിലാളി യൂണിയൻപ്രതിനിധികളും ചേർന്നുള്ള ഒരു ത്രി കക്ഷിസമ്മേളനം ഗവമ്മെൻറിൽനിന്നും വിളിച്ചുകൂട്ടി തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ടോ;

(ബി) പ്രസ്തുതസമ്മേളനത്തിൽ ആരാണു അദ്ധ്യക്ഷതവഹിച്ചതു്; സമ്മേളനത്തിൽ സംബന്ധിച്ചവരുടെ പേരുവിവരം നൽകുമോ;

(സി) പ്രസ്തുത ത്രി കക്ഷിസമ്മേളനതീരുമാനങ്ങൾ എന്തായിരുന്നു;

(ഡി) ഈ തീരുമാനങ്ങൾ നടപ്പിൽവരുത്താൻ ഗവമ്മെൻറ് ശ്രദ്ധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രത്തോളം;

(ഇ) ഇപ്പോൾ പ്രസ്തുത ത്രി കക്ഷിസമ്മേളന നിശ്ചയങ്ങൾ ആദരിക്കപ്പെട്ടുകൊണ്ടിരിക്കയാണോ; ഇല്ലെങ്കിൽ അതിനു കാരണമെന്തു്?

ഉത്തരം

(എ) ൧൧൨൨ കന്നി ൧൪-ാംനു-ലും ൧൧൨൬ കുംഭം ൧൧-ാംനു-ലും രണ്ടു കർഷക ത്രി കക്ഷിസമ്മേളനങ്ങൾ വിളിച്ചുകൂട്ടി തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്.

(ബി) ആദ്യത്തേതിൽ ലേബർകമ്മീഷണരും രണ്ടാമത്തേതിൽ അന്നത്തെ ലാൻറ് കമ്മീഷണരായിരുന്ന ശ്രീ. ജി. എൻ. തമ്പിയുമായിരുന്നു അദ്ധ്യക്ഷതവഹിച്ചതു്. *സമ്മേളനത്തിൽ സംബന്ധിച്ചവരുടെ പേരുവിവരം മേശപ്പുറത്തുവച്ചിട്ടുണ്ട്.

---

* Please see appendix B, Pages 560 561 & 562.

(സി) കർഷകതൊഴിലാളികളുടെ കൂലിനിരക്കും ജോലിവ്യവസ്ഥകളും സംബന്ധിച്ച് ചില തീരുമാനങ്ങൾ ചെയ്തിട്ടുണ്ട്. മറ്റു തീർപ്പുവ്യവസ്ഥകൾ മേശപ്പുറത്തുവച്ചിട്ടുണ്ട്. ‡

(ഡി) ഉണ്ട്. തർക്കങ്ങൾ ഉണ്ടായിട്ടുള്ളപ്പോഴെല്ലാം ലേബർ ഡിപ്പാർട്ടുമെന്റ് ഇടപെട്ട് വ്യവസ്ഥകൾ നടപ്പിൽ വരുത്താൻവേണ്ടതുപോലെ ശ്രമിച്ചിട്ടുണ്ട്.

(ഇ) പൊതുവേ ആദരിച്ചുവരികയാണ്.

റാട്ടിനുള്ള ലൈസൻസ്

൩൮. (൨൩) ശ്രീ. ശ്രീവല്ലഭമേനോൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ—

കയർപിരി വ്യവസായികളുടെ മേൽ റാട്ടിനു ചുമത്തിയിരിക്കുന്ന ലൈസൻസ് ഫീസ് എന്താണ്; അത് ഏതു രീതിയിൽ; പറവൂർ താലൂക്കിൽ ഈ വിധത്തിൽ ലൈസൻസ് എടുത്തിട്ടുള്ളവർ എത്ര പേർ?

ഉത്തരം

മൂന്നോ അതിൽ കൂടുതലോ റാട്ടിനു ഒരു കൊല്ലത്തേക്കു ൧ ൦ രൂപാ. പറവൂർ താലൂക്കിൽ ഇതുവരെ ആരും ലൈസൻസ് എടുത്തിട്ടില്ല.

കുത്തകപ്പാട്ടം

൩൯. (൩൪) ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി സദയം മറുപടി പറയുമോ—

(എ) കരുനാഗപ്പള്ളി താലൂക്കിൽ തൊടിയൂർ പകുതിയിൽ വട്ടക്കായലിലുള്ള പുറമ്പോക്കുസ്ഥലം രാഘവൻപിള്ള എന്നൊരാൾക്ക് കുത്തകപാട്ടത്തിന് നൽകിയിട്ടുണ്ടോ;

(ബി) അങ്ങിനെ പതിച്ചുകൊടുത്തതുമൂലം മറ്റു കൃഷിക്കാർക്കും നാട്ടുകാർക്കും നേരിട്ടിട്ടുള്ള വിഷമതകളെപ്പററി പരാതികൾ ഗവമെൻറിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്ത് നടപടി നടത്തി?

ഉത്തരം

(എ) തൊടിയൂർ പകുതിയിൽ കുത്തകപാട്ടത്തിന് കൊടുത്തിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഉദിക്കുന്നില്ല.

കള്ളഷാപ്പ്

൪൦. (൩൫) ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട എക്സൈസ് വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) കരുനാഗപ്പള്ളി താലൂക്കിൽ പുതുപ്പള്ളി തെക്ക് എം. പി. സ്കൂളിനും ദേവികുളങ്ങര ക്ഷേത്രത്തിനും മദ്ധ്യത്തിലായി നടത്തിവരുന്ന

കള്ളുഷാപ്പ് അവിടെനിന്നും മാററി സ്ഥാപിക്കണമെന്നു കാണിച്ചു ൧൯൫൧-ൽ നാട്ടുകാരുടെ വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു് നടപടി സ്വീകരിച്ചു?

ഉത്തരം

(എ) ഉണ്ടു്.

(ബി) ൧൯൫൨ ഏപ്രിൽമാസം ൧-ാംനു- മുതൽ ഷാപ്പ് അവിടെനിന്നും മാററി സ്ഥാപിക്കാൻ വേണ്ട നടപടികൾ എടുത്തിട്ടുണ്ടു്.

Unstarred questions posted for answer on 26th March 1952

കയർവ്യവസായം

൮൧. (൮) ശ്രീ. ആർ. ഗംഗാധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ—

(എ) കയർവ്യവസായ സ്തംഭനംമൂലം ഉളവായിരിക്കുന്ന തൊഴിലില്ലായ്മയും പട്ടിണിക്കും ഗവമെന്റിൽനിന്നും എന്തെങ്കിലും പരിഹാരം ഉടന[illegible]ാൻ ഉദ്ദേശിക്കുന്നുണ്ടോ;

([illegible]ി) ഉണ്ടെങ്കിൽ എന്താണു്?

ഉത്തരം

(എ) ഉണ്ടു്.

(ബി) മൂന്നുതരത്തിലുള്ള പരിഹാരമാർഗ്ഗങ്ങൾ നടപ്പിലാക്കുന്നതിനു് ഗവമെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണു്.

൧. വിദേശരാജ്യങ്ങളിൽ കയറുസംബന്ധിച്ചുള്ള ഇറക്കുമതി തടസ്സങ്ങൾ മുതലായവ ഇല്ലാതാക്കുന്നതിനു് ഗവമെന്റ് പരിശ്രമിക്കുന്നതാണു്.

൨. സംസ്ഥാനത്തിനകത്തു് കയറുവ്യവസായം അഭിവൃദ്ധിപ്പെടുത്തുന്നതിനും സകല നടപടികളും സ്വീകരിക്കുന്നതിനും ഗവമെന്റ് ആലോചിച്ചുവരുന്നു. ഇപ്പോൾതന്നെ ശരിയായ സാമ്പത്തികഭദ്രതയിൽ കയർവ്യവസായത്തെ പരിപോഷിപ്പിക്കുന്നതിന് പഞ്ചവത്സരപദ്ധതി അടിസ്ഥാനത്തിൽ കയർവ്യവസായസഹകരണസംഘങ്ങൾ രൂപീകരിച്ചുകൊണ്ടിരിക്കുകയാണു്.

൩. കയർവ്യവസായത്തിനു് സംഭവിച്ചിട്ടുള്ള മാന്ദ്യംകൊണ്ടു് തൊഴിലില്ലാതായിട്ടുള്ളവർക്ക് ജോലി നൽകുന്നതിനു് പര്യാപ്തമായ അടിസ്ഥാനപദ്ധതികൾ സമാരംഭിക്കുന്നതിനും ഗവമെന്റ് ആലോചിച്ചുവരുന്നു.

ആമ്യൻ പി. കെ. നീലകണ്ഠൻ

൮൨. (൧൨) ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട അഭ്യന്തര വകുപ്പു മന്ത്രി ദയവായി മറുപടി പറയുമോ—

(എ) വടക്കാഞ്ചേരി മുൻസിഫ്കോട്ടിൽ ആമ്യൻ ആയിരുന്ന ഒരു പി. കെ. നീലകണ്ഠനെ സർവ്വീസിൽനിന്നും അടുത്തു ഡിസ്മിസ്സ് ചെയ്യുകയുണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അങ്ങിനെ ഡിസ്മിസ്സ് ചെയ്യാനുള്ള കാരണമെന്താണെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) സർവ്വീസിൽനിന്നും നീക്കം ചെയ്തിട്ടുണ്ട്.

(ബി) ഉദ്യോഗസ്ഥനായ ശ്രീ. നീലകണ്ഠൻ ഒരു രാഷ്ട്രീയ കക്ഷിയോട് അനുഭാവം കാണിക്കുകയും ഒരു രാഷ്ട്രീയകക്ഷിയുടെ പ്രവർത്തനങ്ങളിൽ സഹായിക്കുകയും ചെയ്തുവെന്ന കാരണത്താൽ.

Unstarred question posted for answer on 28th March 1952

സാനിട്ടറി ഇൻസ്പെക്ടർമാരുടെ ചുമതല

൪൩. (ന) ശ്രീ. സി. സി. അയ്യപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട പഞ്ചായത്തു വകുപ്പ് മന്ത്രി സദയം മറുപടി പറയുമോ.—

പഞ്ചായത്തുകളിൽപെട്ട സ്ഥലങ്ങൾ ശുചിയാക്കുന്നതി[illegible]നിട്ടറി ഇൻസ്പെക്ടർമാർക്കു വല്ല അധികാരവും ചുമതലയും ഉണ്ടോ?

ഉത്തരം

ഇല്ല.

APPENDIX B

(Please see answer to question No. 37)

List of persons who participated in the Conference

1. Shri G. N. Thampi, Commissioner for Land, Food Production and Procurement.
2. " B. Paramu, Division Peishkar, Kottayam.
3. " P. A. Kassim, Division Peishkar, Quilon.
4. " K. Madhavan Pillai, Purchase Assistant Peishkar, Quilon.
5. " Balakrishna Pillai, Purchase Assistant Peishkar, Kottayam.
6. " Devaraja Iyer, Tahsildar, Kottayam.
7. " N. Chandrabhanu, Tahsildar, Ambalapuzha.
8. " R. Kunjunni Pillai, Special Officer for Punja Cultivation, Alleppey.
9. " A. Kunjukrishna Pillai, Asst. Labour Commissioner, Alleppey.
10. " K. J. Mathew, Labour Inspector, Alleppey.
11. " V. K. Velayudhan, Labour Commissioner.

} Government Representatives.

12. Shri K. C. Mammen Mappillai, Kottayam.
13. „ Thomas Chandy Mukkadan, Edathua.
14. „ N. X. Thomas, Pulincunnu.
15. „ V. J. Joseph, Vadaparambil, Kavalam.
16. „ Joseph Chacko, Kalapurakkal.
17. „ K. G. Kesava Pillai, Koyikal, Chungom, Kottayam.
18. „ Abraham John, Kaniamparambil, Kumarakom Agriculturists Union.
19. „ Joseph Thomas, Kainady Agriculturists Union.
20. „ Mathulla Eyo, Maliekkal, Cherukara.
21. „ Chacko Thomas, Karikkampallil, Edathua.
22. „ Chandy Cheriyan, Kurusumottil do.
23. „ Abraham Vazhayil do.
24. „ Chacko Varkki, Padipurayil, President, Vadakkan Kuttanad Agriculturists Union.
[illegible] Varkki Ouseph, Maliyil, Iymanam, Vadakkan Kuttanad Agriculturists Union.
26. „ Abraham Pathiyil, Secretary, Vadakkan Kuttanad Agriculturists Union.
27. „ T. A. Philip, Manayath, Kumarakom.
28. „ K. J. Joseph, Vice-President, Vechoor Karshaka Sanghom.
29. „ Chummar Thomman, Member do.
30. „ Joseph Nariamparambil.
31. „ Ouseph Ouseph, Karukayil, Kainakari.
32. „ R. Govinda Pillai, Mammala Veedu, Kumarakom Kuttanad Karshaka Sanghom.
33. „ G. Ramakrishna Kurup, Puliparambil.
34. „ Chacko Thomman, Kalasseril.
35. „ K. A. Parameswara Menon, Champakulam.
36. „ P. A. Joseph, Puthenpurayil, Kavalam.
37. „ A. Narayana Pillai, Vechoor Karshaka Sanghom.
38. „ Thomman Joseph, Murikkummoottil.
39. „ K. P. Amrithanatha Iyer, Monkompu.
40. „ Vishnu Vamanan Namboodiri, Kulangara Madom, Monkompu.

} Representatives of the Agriculturists.

41. Shri Thomas John, President, The All Kuttanad Agricultural Labour Union, Pulincunnu.
42. „ P. K. Raghavan, President, Ambalapuzha Taluk Karshaka Thozhilali Union.
43. „ C. K. Kunjan, Secretary, Ambalapuzha Taluk Karshaka Thozhilali Union.
44. „ A. N. Mammen, General Secretary, Punjapadam Thozhilali Union.
45. „ C. K. Das, Vice-President, All Travancore Karshaka Thozhilali Union.
46. „ Varghese Augustine, President, Punjapadam Labour Union Edathua.

} Representatives of Agricultural Labour.

List of points agreed to in the First Conference

(1) A permanent worker (പണിയാൾ) should work for not less than 120 days a year.

(2) *Wage rate.*—The Paniyal should be paid at the rate of one cooly para of paddy for each day's work. The advance made and daily wages given including the cost of meals will be deducted on settlement of accounts, from the wages due to him at the above rate.

(3) Besides the above daily wage rate, a Paniyal will be entitled to the following benefits:—

(*a*) വിത്തുവക at 6 cooly paras per head.

(*b*) Three വലിയ തീർപ്പ് of 7 cooly paras each, *i. e.*, 21 cooly paras per head.

(*c*) കുട്ടതീർപ്പ് of 7 cooly paras per head.

(*d*) കാവൽകാറ of 8 cooly paras per head.

(*e*) കാട്ടമാറക of 1 cooly para for one individual only [illegible]

(*f*) കത്തുപതം at the rate of ½ cooly para per head for [illegible] of measurement.

(*g*) അളക്കിട at the rate of one cooly para per head for each day of measurement.

(4) Seven "Standard Paras" will be reckoned as the Cooly Paras. The above rates relate to Kayal fields. But for Punja fields of 30 acres and above, 75 of the rates fixed for Kayal fields has to be paid. These rates will not apply to Punja fields of less than 30 acres.

(5) For daily meals 1¼ standard edangalies of paddy per head should be deducted.

(6) Since labour is essentially required during the month of Vrischigam (November — December), Dhanu (December — January) and Makaram (January—February) the Paniyal should work for not less than 61 days during the period.

(7) The agriculturists should provide work for the Paniyal on all days he presents himself for work and will endorse to this effect in the attendance register to be kept by the worker.

List of points agreed to in the Second Conference

(*i*) The workers engaged in harvesting, *i. e.*, in reaping and threshing must be paid 1/11 of the paddy harvested as "പതം" (Patham) towards their wages.

(*ii*) For every 3 days' reaping, a minimum one "തീർപ്പുകറ്റ" (Theerpukatta) must be given to the workers.

(*iii*) Resolved that an Industrial Relations Committee for agriculture in Kuttanad be constituted consisting of five representatives each of agriculturists and agricultural labour and the Special Officer for Punja Cultivation and the Assistant Labour Commissioner, Alleppey. The Assistant Labour Commissioner, Alleppey will function as the ex-officio Convener of the Industrial Relations Committee.

acc: 51580
Proceedings of Travancore Cochin Legislative Assembly
vol: 5 yea: 1952

p1 Mar 24, 1952-Official Report
p1 Mar 24, 1952-Members Sworn
p3 Mar 24, 1952-Election of the Speaker
p5 Mar 24, 1952-Congratulatory Speeches
p10 Mar 24, 1952-Address by His Highness the Rajpramukh
p14 Mar 24, 1952-Demise of His Majesty George VI-Reference
p15 Mar 25, 1952-Questions and Answers
p41 Mar 25, 1952-Adjournment Motions
p42 Mar 25, 1952-Holding(Stay of Execution Proceedings)Act(Amendment)Bill-Legislative Business
p43 Mar 25, 1952-Public Safety Measures Act(Amendment)Bill-Legislative Business
p44 Mar 25, 1952-Demands for Supplementary Grants
p69 Mar 25, 1952-Presentation of the Budget for 1952-53
p77 Mar 26, 1952-Questions and Answers
p118 Mar 26, 1952-Procedure Regarding Votes on Account
p118 Mar 26, 1952-Unemployment among Coir Workers-Adjournment Motion
p119 Mar 26, 1952-Travancore Cochin Appropriation Bill
p120 Mar 26, 1952-Motion on Address by His Highness the Rajpramukh
p175 Mar 28, 1952-Questions and Answers
p213 Mar 28, 1952-Adjournment Motions
p214 Mar 28, 1952-General Discussion of the Budget
p247 Appendix
p249 Mar 29, 1952-Questions and Answers
p284 Mar 29, 1952-Unstarred Question
p286 Mar 29, 1952-Votes on Account in Respect of the Budget for 1952-53
p344 Mar 29, 1952-Travancore Cochin Appropriation(Votes on Account)Bill 1952
p346 Appendix
p351 Mar 31, 1952-Questions and Answers
p381 Mar 31, 1952-Discharge of Workers from the Alagappa Textiles-Adjournment Motion
p382 Mar 31, 1952-Appropriation(Votes on Account)Bill 1952
p383 Mar 31, 1952-Holdings(Stay of Execution Proceedings Act(Amendment)Bill
p394 Mar 31, 1952-Nurses, Midwives and Dhais Act(Amendment)Bill
p396 Mar 31, 1952-Public Safety Measures Act(Amendment)Bill
p425 Appendix
p429 Apr 1, 1952-Questions and Answers
p453 Apr 1, 1952-Unstarred Questions
p457 Apr 1, 1952-High Court Act(Amendment)Bill
p487 Apr 1, 1952-Matters of General Public Interest-Resolutions
p487 Apr 1, 1952-Working Condition of Journalists-Resolutions
p495 Apr 2, 1952-Questions and Answers
p503 Apr 2, 1952-Arrest of Coir Workers-Adjournment Motion
p531 Appendix-Questions and Answers Laid on the Table
p549 Appendix-Questions Posted for Answer on 26th March 1957